بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

ലക്കം 42

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഒക്ടോബർ 15/ഹി.ശം. 1399 അഖാഅ് 15/1442 സഫർ 27

## അല്ലാഹുവിന്റെ വചനം

مَنۡ یُّطِعِ الرَّسُوۡلَ فَقَدۡ اَطَاعَ اللّٰہَ ۚ وَمَنۡ تَوَلّٰی فَمَاۤ اَرۡسَلۡنٰکَ عَلَیۡہِمۡ حَفِیۡظًا (النساء:81)

'ഏതൊരാൾ ദൈവദൂതനെ അനുസരിക്കുന്നുവോ തീർച്ചയായും അയാൾ അല്ലാഹുവിനെ അനുസരിച്ചു. ഏതൊരാൾ പിന്തിരിഞ്ഞു കളയുന്നുവോ നാം നിന്നെ അവരുടെമേൽ കാവൽക്കാരനായി അയച്ചിട്ടില്ല.'(4:81)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ആരേയും അവഗണനാദൃഷ്ടിയോടെ നോക്കാതിരിക്കുക. ഹൃദയത്തെ വ്രണപ്പെടുത്താതിരിക്കുക. ജമാഅത്തിൽ പരസ്പരം കലഹവും കുഴപ്പവും ഉണ്ടാകരുത്. മതവിശ്വാസിയായ ദരിദ്രരായ സഹോദരന്മാരെ ഒരിക്കലും നിന്ദാദൃഷ്ടിയോടെ നോക്കാതിരിക്കുക. സ്വത്തിലും സമ്പത്തിലും അല്ലെങ്കിൽ കുലമഹിമയിലും അനുചിതമായി അഹങ്കരിച്ച് മറ്റുള്ളവരെ നിന്ദ്യരും നിസാരരുമായ മനസ്സിലാക്കാതിരിക്കുക. മുത്തഖിയാണ് അല്ലാഹുവിന്റെ പക്കൽ ആദരണീയൻ.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ധാർമികാവസ്ഥ എങ്ങനെയുള്ളതാവണമെന്നാൽ ആർക്കെങ്കിലും സദുദ്ദേശ്യത്തോടെ മനസ്സിലാക്കിക്കൊടുക്കുന്നതും തെറ്റു ചൂണ്ടിക്കാണിക്കുന്നതും അയാൾക്ക് മോശമായി തോന്നരുത്. ആരേയും അവഗണനാ ദൃഷ്ടിയോടെ നോക്കാതിരിക്കുക. ഹൃദയത്തെ വ്രണപ്പെടുത്താതിരിക്കുക. ജമാഅത്തിൽ പരസ്പരം കലഹവും കുഴപ്പവും ഉണ്ടാകരുത്. മതവിശ്വാസിയായ ദരിദ്രരായ സഹോദരന്മാരെ ഒരിക്കലും നിന്ദാദൃഷ്ടിയോടെ നോക്കാതിരിക്കുക. സ്വത്തിലും സമ്പത്തിലും അല്ലെങ്കിൽ കുലമഹിമയിലും അനുചിതമായി അഹങ്കരിച്ച് മറ്റുള്ളവരെ നിന്ദ്യരും നിസാരരുമായി മനസ്സിലാക്കാതിരിക്കുക. മുത്തഖിയാണ് അല്ലാഹുവിന്റെ പക്കൽ ആദരണീയൻ. അവൻ പറഞ്ഞു: *ഇന്ന അക്റമക്കും യിൻദല്ലാഹി അത്ഖാക്കും.*(49:14) മറ്റുള്ളവരോടും പൂർണമായ സൽസ്വഭാവത്തോടെ പെരുമാറേണ്ടതാണ്. ദുഃസ്വഭാവത്തിന്റെ മാതൃകയും നല്ലതല്ല. നമ്മുടെ ജമാഅത്തിനോടു ആളുകൾ വെറും കേസുനടത്തലിന്റെ ഒഴികഴിവ് തിരയുകയാണ്. മറ്റു ജനങ്ങൾക്കുള്ളത് ഒരു പ്ലേഗാണ്! നമ്മുടെ ജമാഅത്തിന് രണ്ടു പ്ലേഗാണ്. ഏതെങ്കിലും ജമാഅത്തിലുള്ള ഏതെങ്കിലും വ്യക്തി എന്തെങ്കിലും തിന്മ ചെയ്താൽ മുഴുവൻ ജമാഅത്തിന്റെമേലും പേരുദോഷമുണ്ടാകുന്നതാണ്. ബുദ്ധിസാമർഥ്യവും വിനയത്തിന്റേയും വിട്ടുവീഴ്ചയുടേയും കഴിവും വർധിപ്പിക്കുക. അജ്ഞരിൽ അജ്ഞനായ മനുഷ്യൻ പറയുന്ന കാര്യങ്ങൾക്കുള്ള മറുപടിയും പുഷ്ടിയോടും സമാധാനത്തോടുംകൂടി നല്കുക. അനാവശ്യ സംസാരത്തിനുള്ള മറുപടി അനാവശ്യസംസാരമാകരുത്. ഹദ്റത്ത് ഈസാ(അ)ന്റെ അധ്യാപനത്തിലും അത്തരം യുക്തിപരമായ കർമം ഉണ്ടായിരുന്നതായി എനിക്കറിയാം.... അദ്ദേഹം വളരെ സൗമ്യമായി മറുപടി നല്കിയിരുന്നിട്ടും യഹൂദികൾ അദ്ദേഹത്തെ ശ്വാസമെടുക്കാൻ വിട്ടിരുന്നില്ല. അക്കാലത്തെ നിലവിലെ അവസ്ഥ ഇഞ്ചീലിലെ അധ്യാപനംതന്നെയാണ് ആഗ്രഹിച്ചിട്ടുണ്ടാകുക. ഇക്കാലത്ത് നമ്മുടെ ജമാഅത്തിന്റെ അവസ്ഥയും ഏകദേശം അങ്ങനെത്തന്നെയാണ്. ക്രിസ്ത്യാനിയായ മാർട്ടിൻ ക്ലാർക്ക് എനിക്കെതിരിൽകൊടുത്ത കേസിൽ മുഹമ്മദു ഹുസയ്ൻ ബട്ടാലവി സാക്ഷിയായി വന്നത് നിങ്ങൾ കാണുന്നില്ലേ? ഇനിയെങ്കിലും സ്വന്തം ജനതയിൽനിന്ന് ഒന്നും പ്രതീക്ഷിക്കാനില്ലെന്ന് മനസ്സിലാക്കുക. ഇനി സർക്കാറാണുള്ളത്. അവരേയും തെറ്റു ധരിപ്പിക്കുകയാണ്. സർക്കാർ ഒരുപരിധിവരെ നിസ്സഹായകരുമാണ്. ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ, അവർ തെറ്റുധരിക്കപ്പെട്ടാൽ, കാരണം അവർ അദൃശ്യങ്ങളറിയുന്നവരല്ല അതുകൊണ്ട് നമുക്ക് മിക്കപ്പോഴും സർക്കാറിന്റെ സന്നിധിയിൽ പ്രത്യേകമായ നിലയിൽ മെമ്മോറിയൽ അയക്കേണ്ടിവരികയും നമ്മുടെ അവസ്ഥകൾ സ്വയം അവരെ അറിയിക്കേണ്ടിയും വരുന്നു; അവർ ശരിയായതും സത്യസന്ധവുമായ സംഭവങ്ങൾ അറിയാൻ. ഈ പരീക്ഷണ ദിനങ്ങളിൽ സ്വന്തം ആത്മാവിനെ വധിച്ച് തഖ്വാ കൈക്കൊള്ളുന്നത് ഉചിതമായിരിക്കും. ഞാൻ ഇക്കാര്യങ്ങൾ പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നത് നിങ്ങൾ ഉപദേശവും ഗുണപാഠവും കരസ്ഥമാക്കുക എന്നതാണ്.

നശിക്കുന്ന സ്ഥലമാണ് ദുൻയാവ്. അവസാനം മരിക്കണം. സന്തോഷം ദീനിന്റെ കാര്യങ്ങളിലാണ്. യഥാർഥ ഉദ്ദേശ്യം ദീൻതന്നെയാണ്.' **(മൽഫൂദാത്ത് വാല്യം 1, പേജ് 193 – 194, ഖാദിയാൻ 2018)**

## നബി(സ)യുടെ സാരോപദേശം:

☼ അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'നിങ്ങളിലൊരാൾ ആമീൻ ചൊല്ലി. അതനുസരിച്ച് ആകാശത്തു വച്ച് മലക്കുകൾ ആമീൻ ചൊല്ലി. എന്നിട്ട് അതു രണ്ടും ഒരേസമയത്തു യോജിച്ചുവന്നു. എങ്കിൽ അവന്റെ ചെറിയ പാപങ്ങളിൽനിന്ന് അല്ലാഹു അവന് പൊറുത്തുകൊടുക്കും.' (ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 779)

☼ ഹദ്റത്ത് അബൂബക്കറത്ത്(റ) നിവേദനം. അദ്ദേഹം നബി(സ)യുടെ അടുക്കലെത്തിയപ്പോൾ അവിടന്ന് റുക്കൂയിലായിരുന്നു. ഉടനെ അദ്ദേഹം റുക്കൂഅ് ചെയ്തു. വരിയിലേക്ക് എത്തിച്ചേരും മുമ്പേ തന്നെ. ഇതിനെ കുറിച്ച് നബിയോടു അദ്ദേഹം പറഞ്ഞപ്പോൾ, 'ഇസ്ലാമികാനുഷ്ഠാനങ്ങളിൽ അല്ലാഹു നിങ്ങൾക്ക് ആഗ്രഹം വർധിപ്പിച്ചുതരുമാറാകട്ടെ. പക്ഷേ, മേലിൽ ഇങ്ങനെ ആവർത്തിക്കരുതെന്ന് നബി(സ)പറഞ്ഞു.(ഹദീഥ് 781)

*(ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് സാഹിബ്(റ) ഈ ഹദീഥിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ഇമാം മാലിക്കും മറ്റു ഒരുപാട് ഫുഖ്ഹാഉം മസ്ജിദിൽ പ്രവേശിക്കുന്നയാൾ സ്വഫ്ഫുവരെ എത്തുന്നതിനുമുമ്പേ ഇമാം റുക്കൂയിൽനിന്ന് എഴുന്നേൽക്കുമെന്ന് കണ്ടാൽ എവിടെയാണോ അയാൾ ഉള്ളത് അവിടെ റുക്കൂഅ് ചെയ്യുകയും അതേ അവസ്ഥയിൽ മെല്ലെ സ്വഫ്ഫുമായി ചേരുകയും ചെയ്യുക എന്നത് അനുവദനീയമായി മനസ്സിലാക്കുന്നു. ഇമാം ശാഫി അതിനെ മക്റൂഹായി മനസ്സിലാക്കുന്നു. ഇമാം അബൂഹനീഫ തനിച്ചുള്ള വ്യക്തിക്ക് മക്റൂഹായി മനസ്സിലാക്കുന്നു. എന്നാൽ, ഒന്നിലധികംപേരുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പക്കൽ അങ്ങനെ ചെയ്യൽ അനുവദനീയമാണ്. ഉപര്യുക്ത ഹദീഥുകൊണ്ട് ഇമാം ശാഫിയുടെ മദ്ഹബിന് പിന്തുണ ഉണ്ടാകുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്കറത്തിന്റെ അഭിരുചിയെ പ്രശംസിക്കുകയും ദുആയിരിക്കുകയും ചെയ്തു. എന്നാൽ, ഭാവിയിൽ ചെയ്യരുതെന്ന് പറയുകയും ചെയ്തു. നമസ്കാരത്തിൽ ശാന്തതയും സംയമനവും ഭദ്രതയും അത്യാവശ്യമാണ്. ഈ കർമം അക്കാര്യങ്ങൾക്ക് വിരുദ്ധമാണ്)*

## ഈ ലക്കത്തിൽ

ഖുത്വ്ബ ജുമുഅ 2020 സെപ്റ്റംബർ 11 (സമ്പൂർണ തർജമ)

2020 ലണ്ടൻ ജൽസ സാലാന പ്രഭാഷണം

## സ്ത്രീകളുടെ മാനവികതയെ വ്യക്തമാക്കിക്കാണിച്ചത് ഇസ്ലാംമതം മാത്രമാണ്

**സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ കൊടുത്തത് ക്രൈസ്തവമതമാണെന്നുവരെ ചില പാശ്ചാത്യരായ യുവാക്കൾ പറയുന്നു. സ്ത്രീകളുടെ അവകാശങ്ങളെ സംബന്ധിച്ച് ഇസ്ലാം നല്കിയിട്ടുള്ള വിശാലമായ അധ്യാപനങ്ങളുടെ പത്തിലൊന്നുപോലും ക്രൈസ്തവ അധ്യാപനത്തിലില്ലെന്നതാണ് വാസ്തവം.**

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: *വലഹുന്ന മിഥ്ലുല്ലദീ അലയ്ഹിന്ന ബിൽമഅ്റൂഫി* എന്നതിൽ പൊതുവായ നിയമമാണ് പറഞ്ഞിട്ടുള്ളത്. പുരുഷന്മാരുടേയും സ്ത്രീകളുടേയും അവകാശങ്ങൾ മനുഷ്യനെന്ന നിലയിൽ തുല്യമാണ്. സ്ത്രീകൾക്ക് പുരുഷന്മാരുടെ അവകാശങ്ങൾ ശ്രദ്ധിക്കേണ്ടത് നിർബന്ധമാണെന്നപോലെ പുരുഷന്മാർ സ്ത്രീകളുടെ അവകാശങ്ങളും നിറവേറ്റേണ്ടതാണ്. ഇതു സംബന്ധമായി ഒരു തരത്തിലുള്ള അനുവദനീയമല്ലാത്ത വശവും സ്വീകരിക്കരുത്. നബി(സ)തിരുമേനി നിയോഗിതനാകുന്നതിനുമുമ്പേ സ്ത്രീകളുടെ ഒരു അവകാശവും അംഗീകരിക്കപ്പെട്ടിരുന്നില്ല. എന്നല്ല അവരെ സ്വത്തുക്കളും സമ്പത്തുകളുംപോലെ കൈമാറ്റം ചെയ്യപ്പെടുന്ന ഒരു അനന്തരാവകാശ സ്വത്തായാണ് വിചാരിച്ചിരുന്നത്. അവരുടെ ജനനത്തെ കേവലം പുരുഷന്റെ സന്തോഷത്തിന് നിമിത്തമായി കരുതിയിരുന്നു. താൻ സ്ത്രീസമത്വത്തെ പിന്തുണയ്ക്കുന്നവനാണെന്ന് ക്രിസ്ത്യാനി പറയുന്നു. എന്നാൽ, അവരുടെ പരിശുദ്ധ ഏടുകളിലും സ്ത്രീകളെ സംബന്ധിച്ച് എഴുതിയിരിക്കുന്നു: 'പുരുഷന്മാർ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ്സാകുന്നു.' (കൊരിന്ത്യർ 11:7) ഇപ്രകാരം തന്നെ എഴുതിയിരിക്കുന്നു: 'മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്താനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല.' (തിമൊഥെയൊസ് 2: 12)

സ്ത്രീകളുടെ മാനവികതയെ വ്യക്തമാക്കിക്കാണിച്ചത് ഇസ്ലാംമതം മാത്രമാണ്. സ്ത്രീകളുടെ മാനവികത പരിഗണിച്ച് തുല്യമായ അവകാശങ്ങൾ സ്ഥാപിച്ച ആദ്യത്തെ മനുഷ്യൻ നബി(സ)തിരുമേനി തന്നെയാണ്. *വലഹുന്ന മിഥ്ലുല്ലദീ അലയ്ഹിന്ന ബിൽ മഅ്റൂഫി* എന്നതിന്റെ വ്യാഖ്യാനം നല്ലവണ്ണം ജനങ്ങൾക്ക് ഗ്രാഹ്യ

**(ശേഷം പേജ് 12ൽ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

**2019-2020ൽ അഹ്മദിയ്യാ ജമാഅത്തിനുമേൽ ഇറങ്ങിയ അതിരറ്റ ദൈവാനുഗ്രഹങ്ങളുടേയും സഹായങ്ങളുടേയും മഹത്തായ അടയാളങ്ങളിൽനിന്നുള്ള ഈമാൻ ദൃഢീകരിക്കുന്ന ചില സംഭവങ്ങളുടെ ചർച്ച.**

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 98 രാജ്യങ്ങളിൽനിന്നുള്ള 220 ജനതകളുമായി ബന്ധം വെക്കുന്ന ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി ഒരുന്നൂറ്റി എഴുപത്തി ഒമ്പത്(112179)ആളുകൾ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിൽ ചേർന്നു.

ലോകത്തിലെ വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന വ്യത്യസ്ത വർണക്കാരും വർഗക്കാരുമായവരുടെ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം സ്വീകരിച്ചതിന്റെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 16 ഗ്രന്ഥങ്ങളുടെ ഹിന്ദി തർജമയുടെ പ്രകാശനം, റൂഹാനീ ഖസാഇൻ വാല്യം 20 ലെ 6 ഗ്രന്ഥങ്ങളുടേയും തഫ്സീറെ കബീർ വാല്യം ഒന്നിന്റെ അറബീ തർജമ യുടെ പൂർത്തീകരണവും.

ലോകം മുഴുവൻ സമാധാനഭരിതവും യഥാർഥവുമായ ഇസ്‌ലാമിന്റെ സന്ദേശ പ്രചാരണത്തിന് എം.ടി.എയുടെ എല്ലാ ചാനലുകളുടേയും അതുല്യമായ സേവനങ്ങളുടെ ചർച്ച.

നടപ്പുവർഷം പുതിയ രണ്ടു റേഡിയോ സ്റ്റേഷനുകളുടെ വർധന

എം.ടി.എ ഇന്റർനാഷണലിന്റെ 24 മണിക്കൂർ സംപ്രേഷണത്തിനുപുറമെ 84 രാജ്യങ്ങളിൽ ടി.വി.യിലും റേഡിയോ ചാനലുകളിലും പതിനൊന്നായിരത്തി അറുപത്തിമൂന്ന് ടി.വി പ്രോഗ്രാമുകളിലൂടെ ആറായിരത്തി എണ്ണൂറ്റി നാല്പത്തി രണ്ട് മണിക്കൂർ-റേഡിയോകളിൽ പതിനെട്ടായിരത്തി നാന്നൂറ്റി എൺപത്തി മണിക്കൂർ- അടങ്ങിയ ഇരുപത്തിരണ്ടായിരിത്തി ഒരുനൂറ്റി അറുപത്തിയേഴ് പ്രോഗ്രാം സംപ്രേഷണം ചെയ്തു. ഒരു നിഗമനം അനുസരിച്ച് ടി.വി റേഡിയോ മുഖേന 52 കോടി ആളുകൾവരെ അഹ് മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ സന്ദേശമെത്തി .

നടപ്പുവർഷം 80 രാജ്യങ്ങളിൽ മൊത്തം ഒരുലക്ഷത്തി പതിനെട്ടായിരം നവഅഹ്മദികളുമായി ബന്ധമുണ്ടായി, മൂവായിരത്തി എണ്ണൂറ്റി തൊന്നൂറ്റിയൊന്ന് ജമാഅത്തുകളിൽ നവഅഹ്മദികൾക്കുവേണ്ടി തർബിയ്യത്തി ക്ലാസുകൾ സംഘടിപ്പിച്ചു, ഒരു ലക്ഷത്തിലേറെ നവഅഹ്മദികൾ ആ ക്ലാസുകളിൽ പങ്കെടുത്തു, 124 ഇമാമുമാരുടെ പരിശീലനം.

തഹ്‌രീക്കെ വഖ്ഫെ നൗ, റിവ്യൂ ഓഫ് റിലീജ്യൺസ്, അൽഫദ്ല് ഇന്റർ നാഷണൽ, അൽഹക്കം വീക്കിലി, പ്രസ്സ് & മീഡിയ ഓഫീസ്, മഖ്സനെ തസ്വാവീർ വകുപ്പ്, അഹ്മദിയ്യ archives& റിസർച്ച് സെന്റർ, അൽഇസ്‌ലാം വെബ്സൈറ്റ്, അഹ്മദിയ്യ ടെലിവിഷൻ, റേഡിയോപ്രോഗ്രാമുകൾ തുടങ്ങിയവയുടെ ഹ്രസ്വ റിപ്പോർട്ട്.

ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് അഹ്മദിയ്യാ ആർക്കിടെക്സു മുഖേന ഇതുവരെ 19 മോഡൽവില്ലേജുകളുടെ സ്ഥാപനവും ഹ്യൂമാനിറ്റിഫസ്റ്റിന്റെ മാനവസേവനമടങ്ങിയ അതുല്യമായ പ്രവർത്തനവും

ഇതുവരെ മൊത്തം 15315 ആളുകൾക്ക് സൗജന്യമായി ഓപ്പറേഷൻ ചെയ്തു.

**യു.കെ ജൽസാസാലാനയിൽ അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് 2020 ആഗസ്റ്റ് 9/ഹി:ശംസി 1399 ള്വുഹൂർ 9ന് ഐവാനെ മസ്റൂർ, ഇസ്‌ലാമാബാദ്, ടിൽഫോർഡ്(സർറെ)യു.കെയിൽ ചെയ്ത പ്രഭാഷണം.**

മിനിയാന്നത്തെ ഖുത്ബയിൽ ഞാൻ പറഞ്ഞതുപോലെ ജൽസാ സാലാനയുടെ ബാക്കി റിപ്പോർട്ടുകൾ ഞാൻ അവതരിപ്പിക്കുന്നതാണ്. ഇൻശാഅല്ലാഹ്. അല്ലെങ്കിൽ നടപ്പുവർഷം ജമാഅത്തിനുണ്ടായ അനുഗ്രഹങ്ങളെ സംബന്ധിച്ച് പറയുന്നതാണെന്ന് പറയാം. വളരെ പ്രയാസപ്പെട്ട് റിപ്പോർട്ടിന്റെ സംഗ്രഹം ഉണ്ടാക്കിയിട്ടും അതും അവതരിപ്പിക്കാൻ പറ്റാത്ത സ്ഥിതിയാണ്; അതും ചുരുക്കിയിട്ടുണ്ട്. ആദ്യം വിവിധ കേന്ദ്രങ്ങളിൽനിന്ന് ലഭിച്ച ഓഫീസുകളുടെ റിപ്പോർട്ടാണ്.

**വക്കാലത്തെ തഅ്മീൽ വ തൻഫീദ് ലണ്ടൻ:** ഇവർ ഭാരത്, നേപ്പാൾ, ഭൂട്ടാൻ, രാജ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ് മേൽനോട്ടം വഹിക്കുന്നത്. എന്നിൽനിന്ന് അവർക്കു പോകുന്ന നിർദ്ദേശങ്ങൾ ഇവർ മുഖേനയാണ് അവിടെ എത്തുന്നത്. ഇവർക്ക് ഒരുപാട് ജോലികളുണ്ട്. സംക്ഷിപ്തമായാണ് ഞാൻ വിവരിക്കുന്നത്. ഇപ്പോൾ ഖാദിയാനിൽ ഹദ്റത്ത് അഹ്മദ്(അ)ന്റെ എല്ലാ ഗ്രന്ഥങ്ങളുടേയും ഹിന്ദി തർജമ പൂർത്തിയാക്കാനുള്ള ശ്രമമാണ്. ഇതിന്റെ മേൽനോട്ടം ഇവിടെനിന്ന് ഈ വക്കാലത്ത് മുഖേനയാണുണ്ടാകുന്നത്. ദൈവകൃപയാൽ നടപ്പുവർഷം ഇതുവരെ നാളിർ സാഹിബ് നശ്ർ വ ഇശാഅത്ത് ഖാദിയാന്റെ റിപ്പോർട്ടനുസരിച്ച് ഹദ്റത്ത് അഹ്മദ്(അ)ന്റെ 16ൽ കൂടുതൽ ഗ്രന്ഥങ്ങളുടെ ഹിന്ദി തർജമകൾ ആദ്യമായി പ്രസിദ്ധീകരിച്ചുകഴിഞ്ഞിരിക്കുന്നു. 21 ഗ്രന്ഥങ്ങളുടെ പ്രിന്റിംഗും കമ്പോസിംഗും പ്രൂഫ് റീഡിംഗും റിവ്യൂവും നടന്നുവരുന്നു. അവർ പ്രസിദ്ധീകരിച്ച് അറബി ഖുർആനെ കുറിച്ച് ഞാൻ ഈ ഖുത്ബയിൽ വിവരിച്ചുകഴിഞ്ഞതാണ്. ഇതിലും ഖാദിയാനിലെ നള്വാറത്തെ ഇശാഅത്ത് വലിയ ജോലിയാണ് ചെയ്തത്.

ഇപ്രകാരംതന്നെ തബ്‌ലീഗിന്റെ ജോലിയും അവിടെ നടന്നുവരുന്നുണ്ട്. അവസ്ഥകളനുസരിച്ച് കഴിയുന്നിടത്തോളം ഓൺലൈനിൽ പ്രവർത്തനം നടന്നുവരുന്നു.

**അറബി ഡസ്ക്:** അറബി ഡസ്കിന്റെ കീഴിൽ കഴിഞ്ഞവർഷംവരെ ഗ്രന്ഥങ്ങളും ലഘുലേഖകളും അറബിഭാഷയിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചതിന്റെ എണ്ണം 145 ആണ്. റൂഹാനീഖസാഇൻ വാല്യം 20 അതിൽ 6 ഗ്രന്ഥമാണ് അടങ്ങിയിട്ടുള്ളത്, ഈ വർഷം പ്രിന്റിംഗിനുവേണ്ടി അയച്ചിരിക്കുന്നു. തഫ്സീറെ കബീർ വാല്യം ഒന്നും അയച്ചുകഴിഞ്ഞിരിക്കുന്നു. ഇതിനു പുറമെ ഹദ്റത്ത് അഹ്മദ്(അ)ന്റെ ധാരാളം ഗ്രന്ഥങ്ങളുടെ തർജമ നടന്നുവരുന്നു. ഇപ്രകാരംതന്നെ ഖലീഫമാരുടെ ഖുത്ബകളുടേയും ലേഖനങ്ങളുടേയും തർജമകളും നടന്നുവരുന്നുണ്ട്. കുറച്ചു പൂർത്തിയാക്കി, പ്രസ്സിൽ അയച്ചുകഴഞ്ഞിരിക്കുന്നു. ഇൻശാഅല്ലാഹ് അതും പെട്ടെന്നു വരുന്നതായിരിക്കും. ജമാഅത്തിന്റെ കേന്ദ്ര വെബ്സൈറ്റിൽ അൽഹംദുലില്ലാഹ് ഇപ്പോൾവരെ അച്ചടിച്ചുകൊണ്ടിരിക്കുന്ന എല്ലാ അറബിഗ്രന്ഥങ്ങളുടേയും എന്റെ ജുമുഅ ഖുത്ബകളുടെയും പ്രഭാഷണങ്ങളുടെയും തർജമയും ധാരാളം ലേഖനങ്ങളുടേയും നൂറുക്കണക്കിന് ചോദ്യങ്ങളുടേയും ആക്ഷേപങ്ങളുടേയും വിശദമായ മറുപടികളുമുണ്ട്. അവയും അപ്ഡേറ്റ് ചെയ്യുന്നു. ഹവാറുൽ മുബാശിർ, ലിഖാ മഅൽഅറബ്, മിൻഹാജു ത്ത്വാലിബീൻ, മജാലിസെ ദിക്ർ, ഇർഫാനെ ഇലാഹി, സയ്റുൽ ഹുദായിലെ പരിപാടികളുടെ വീഡിയോസും അതിലുണ്ട്. ഖുത്ബ, ഈ വെബ്സൈറ്റിൽ 2008 മുതൽ കൃത്യമായി ഇടാറുണ്ട്. ഇപ്രകാരം അത്തഖ്‌വ മാസികയും വെബ്സൈറ്റിൽ ലഭ്യമാണ്.

**ഫ്രഞ്ച് ഡസ്ക്:** ഇനിയുള്ളത് ഫ്രഞ്ച് ഡസ്കാണ്. അതിലും എം.ടി.എയിൽ സംപ്രേഷണം ചെയ്യുന്ന ഖുത്ബകളും വിവിധ പരിപാടികളുടെ ഫ്രഞ്ച് തർജമ, ജമാഅത്തിന്റെ ലിറ്ററേച്ചറും തർജമയും അവരെ ഏല്പിച്ചിട്ടുള്ള ജോലിയിൽ പെട്ടതാണ്.

ഫ്രഞ്ചുരാജ്യങ്ങളുമായുള്ള കത്തിടപാടുകളും അവരുടെ ജോലികളിൽപ്പെട്ടതാണ്. സോഷ്യൽ മീഡിയ, ഫ്രഞ്ചു വെബ്സൈറ്റ്, ഫ്രഞ്ച് വെബ് ടിവി തുടങ്ങിയവ മുഖേനയുള്ള അഹ്മദിയ്യത്തിന്റേയും യഥാർഥ ഇസ്‌ലാമിന്റേയും പ്രചാരണവും അവരുടെ ചുമതലയിലാണ്. ഫ്രഞ്ച് വെബ്സൈറ്റ് ആരംഭിച്ചത് 2009ലാണ്. ഇതുവരെ 65.1 മില്യണിലധികമാളുകൾ ഈ വെബ്സൈറ്റ് കണ്ടിരിക്കുന്നു. ആളുകളുടെ ചോദ്യങ്ങൾക്കുള്ള മറുപടികൾ ഈമെയിൽ മുഖേന നല്കപ്പെടുന്നു. ഇതുപോലെ ജുമുഅ ഖുത്ബകളുടെ ഓഡിയോ വീഡിയോ റെക്കോർഡിംഗിന്റെ തർജമ പതിവായി അപ്‌ലോഡ് ചെയ്യപ്പെട്ടു. ഇതിൽ ജമാഅത്തിന്റെ വാർത്തകളും അപ്‌ലോഡ് ചെയ്യപ്പെടുന്നു. ഇതിനു പുറമെ ജമാഅത്തിന്റെ സാഹിത്യങ്ങളുമായി ബന്ധപ്പെട്ടുള്ള ഒരുപാട് ജോലികളും

(ശേഷം പേജ് 9ൽ)

# ഖുത്ബ ജുമുഅ

അബൂബകർ(റ) നമ്മുടെ നേതാവാണ്, അദ്ദേഹം നമ്മുടെ നേതാവിനെ സ്വതന്ത്രനാക്കി.

ഹദ്റത്ത് ബിലാൽ(റ)നബി(സ)തിരുമേനിയുടെ ജീവിതം മുഴുവൻ യാത്രയിലും അല്ലാത്തപ്പോഴും അവിടത്തെ മുഅദ്ദിനായിരുന്നു. ഇസ്‌ലാമിൽ ആദ്യമായി ബാങ്കുകൊടുത്ത ആദ്യത്തെ വ്യക്തിയുമായിരുന്നു.

## റസൂലിന്റെ മുഅദ്ദിൻ, സാബിഖുൽ ഹബ്ശ ഉന്നതസ്ഥാനീയനായ ബദ്‌രി സ്വഹാബി ഹദ്റത്ത് ബിലാൽ ബിൻ റബാഹ് റളിയല്ലാഹു അൻഹുവിന്റെ സ്തുത്യർഹമായ സവിശേഷതകളുടെ ചർച്ച

റഊഫ് ബിൻ മഖ്സൂദ് ജൂനിയർ സാഹിബ്, ഇസ്‌ലാമാബാദ് നാഇബ് അമീർ സഫ്ർ ഇഖ്ബാൽ ഖുറയ്ശി സാഹിബ്, കാബേനയുടെ ഓണററബിൾ ബാജാ കാട്ടേ സാഹിബ്, സുപ്രീം കോടതി അഭിഭാഷകനായിരുന്ന അഡ്വ. മുബശ്ശിർ ലത്വീഫ് സാഹിബ് എന്നിവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും

**ഖുത്ബ ജുമുഅ 2020 സെപ്റ്റംബർ 11/1399 തബൂക് 11**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ- اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് ഞാൻ വിവരിക്കുന്ന ബദ്‌രി സ്വഹാബി ഹദ്റത്ത് ബിലാൽ ബിൻ റബാഹ് ആകുന്നു. ഹദ്റത്ത് ബിലാലിന്റെ പിതാവിന്റെ പേര് റബാഹ് എന്നും മാതാവിന്റെ പേര് ഹമാമ എന്നുമായിരുന്നു. ഹദ്റത്ത് ബിലാൽ, ഉമയ്യ ബിൻ ഖലഫിന്റെ അടിമയായിരുന്നു. ഹദ്റത്ത് ബിലാലിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നായിരുന്നു. ചില നിവേദനങ്ങളിൽ അബൂ അബ്ദുർറഹ്മാൻ എന്നും അബൂ അബ്ദുൽകരീമെന്നും, അബൂ അംറ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് ബിലാലിന്റെ മാതാവ് ഹബ്ശ(എത്യോപ്യ)നിവാസിയായിരുന്നു. എന്നാൽ, പിതാവ് അറേബ്യയുമായിതന്നെ ബന്ധപ്പെട്ട ആളായിരുന്നു. ഗവേഷകന്മാർ എഴുതുന്നു; അദ്ദേഹം ഹബ്ശി സാമി സന്താനപരമ്പരയിൽപെട്ട ആളായിരുന്നു. അതായത് പുരാതനകാലത്ത് സാമി അല്ലെങ്കിൽ ചില അറബി ഗോത്രങ്ങൾ ആഫ്രിക്കയിൽപോയി നിവസിച്ചിരുന്നു. അതുകൊണ്ട് അവരുടെ തലമുറയുടെ നിറം ആഫ്രിക്കയിലെ മറ്റുഗോത്രങ്ങളെ പോലെയായി. എന്നാൽ, അവിടെയുള്ള പ്രത്യേക ലക്ഷണങ്ങളും ശീലങ്ങളും അവരിൽ പ്രകടമായില്ല. പിന്നീട് അവരിലെ ചില ആളുകൾ അടിമകളായി അറേബ്യയിലേക്ക് തിരിച്ചുവന്നു. അവരുടെ നിറം കറുപ്പായിരുന്നു. അതുകൊണ്ട് അറബികൾ അവരെ ഹബ്ശി അഥവാ ഹബ്ശയിലെ നിവാസി എന്നുതന്നെയാണ് ധരിച്ചിരുന്നത്.

ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് ബിലാൽ മക്കയിലാണ് ജനിച്ചത്. അദ്ദേഹം മുവല്ലദീനിൽപ്പെട്ടയാളായിരുന്നു. പൂർണമായും അറേബ്യനല്ലാത്ത ആളെയാണ് മുവല്ലദീൻ എന്ന് പറയുന്നത്. മറ്റൊരു നിവേദനപ്രകാരം, അദ്ദേഹം സുറാഃ എന്ന സ്ഥലത്താണ് ജനിച്ചത്. യമനും ഹബ്ശക്കും സമീപത്തുള്ള സ്ഥലമാണ് സുറാഃ. അവിടെ സങ്കരവർഗങ്ങൾ ധാരാളമായി കാണപ്പെടുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 174–175, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2017)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 1, പേജ് 415, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2008)(രോശൻസിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 1, പേജ് 145)(ഉസുദുൽഗാബ, (മുതർജ്ജിം)വാള്യം 1, പേഡ് 283, പ്രസാധകർ മക്തബ ഖലീൽ)

മെലിഞ്ഞ് പൊക്കമുള്ള കറുത്തിരുണ്ട ആളായിരുന്നു ഹദ്റത്ത് ബിലാൽ. ഇടതൂർന്ന തലമുടി. കവിളുകളിൽ മാംസം വളരെകുറവായിരുന്നു.(രോശൻസിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 1, പേജ് 145)

ഹദ്റത്ത് ബിലാൽ നിരവധി വിവാഹങ്ങൾ ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില ഭാര്യമാരിൽ അറേബ്യയിലെ വളരെ മാന്യമായ, ആദരണീയ കുടുംബങ്ങളിൽ പെട്ടവരും ഉണ്ടായിരുന്നു. ഒരു ഭാര്യയുടെ പേര് ഹാല ബിൻത് ഔഫ് എന്നായിരുന്നു. ഇവർ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ സഹോദരിയായിരുന്നു. മറ്റൊരു ഭാര്യയുടെ പേര് ഹിന്ദ് ഖൗലാനിയഃ എന്നായിരുന്നു. ഹദ്റത്ത് ബിലാലിന്റെ നിക്കാഹ് ബനൂ അബൂബുകയ്റിന്റെ കുടുംബത്തിലും നബി(സ)തിരുമേനി നടത്തിയിരുന്നു. ഹദ്റത്ത് അബൂദർദ്ദാഅ്(റ)ന്റെ കുടുംബത്തിലും ഹദ്റത്ത് ബിലാലിന് വിവാഹ ബന്ധം ഉണ്ടായിരുന്നു. പക്ഷേ, ആരിലും അദ്ദേഹത്തിനു മക്കളുണ്ടായിരുന്നില്ല.(സയ്റുസ്സ്വഹാബ വാള്യം 2, ബിലാൽ ബിൻ റബാഹ്, പേജ് 159, ദാറുൽ ഇശാഅത്ത് ഉർദു ബസാർ, കറാച്ചി, 2004)(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ലിഇബ്നി ഹജ്ർ അസ്ഖലാനി വാള്യം 8, പേജ് 339, ഹാല ബിൻത് ഔഫ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2005)(താരീഖ് ദിമശ്ഖുൽകബീർ ലിഇബ്നി അസാകിർ, വാള്യം 10, പേജ് 334, ബിലാൽബിൻ റബാഹ്, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 2001)

ഹദ്റത്ത് ബിലാലിന് ഒരു സഹോദരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ഖാലിദ് എന്നായിരുന്നു. ഒരു സഹോദരിയും ഉണ്ടായിരുന്നു. അവരുടെ പേര് ഗുഫയ്റഃ എന്നായിരുന്നു.(ഉസുദുൽഗാബ ,വാള്യം 1, പേജ് 418, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2016)

നബി(സ)തിരുമേനി പറയുന്നു: ബിലാൽ, സാബിഖുൽ ഹബ്ശ ആകുന്നു. അതായത് ഹബ്ശ നിവാസികളിൽ ആദ്യം ഇസ്‌ലാംകൊണ്ട വ്യക്തിയായിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 175, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2017)

ഹദ്റത്ത് അനസ്(റ) നിവേദനം. നബി(സ)തിരുമേനി പറയുന്നു, ഇസ്‌ലാം സ്വീകരിച്ചവരിൽ മുൻകടന്നവർ നാലു പേരാകുന്നു, അനാ സാബിഖുൽ അറബി ഞാൻ അറബികളിൽ മുൻകടന്നവനാകുന്നു. സൽമാനു സാബിഖുൽഫർസി സൽമാൻ ഫാരിസികളിൽ മുൻകടന്ന ആളാകുന്നു. ബിലാലു സാബിഖുൽ ഹബ്ശത്തി ബിലാൽ ഹബ്ശ (നീഗ്രോ) നിവാസികളിൽ മുൻകടന്നയാളാകുന്നു. സ്വുഹയ്ബു സാബിഖുർറൂമി സ്വുഹയ്ബ് റോമക്കാരിൽ (യവനന്മാരിൽ) മുൻകടന്നവനാകുന്നു. (സയ്റു അഅ്ലാമുന്നുബ്ലാഇ ലിഇമാമിദ്ദഹ്ബി , വാള്യം 1, പേജ് 349, ബിലാൽ ബിൻ റബാഹ് മുഅസ്സസുർരിസാല 2014)

ഉർവ ബിൻ സുബയ്റിൽ നിന്ന് നിവേദനം. ഇസ്‌ലാം സ്വീകരിച്ചപ്പോൾ മതത്തിൽനിന്ന് പിന്മാറാൻ കഠിന മർദ്ദനത്തിന് ഇരയാക്കപ്പെട്ടിരുന്ന ആളുകളിൽപെട്ട വ്യക്തിയായിരുന്നു ഹദ്റത്ത് ബിലാൽ ബിൻ റബാഹ്(റ). എന്നാൽ, അവർ ആഗ്രഹിക്കുന്ന വാക്കുകളൊന്നും അദ്ദേഹം അവർക്ക് മുന്നിൽ പറഞ്ഞില്ല; അല്ലാഹുവിനെ നിരാകരിക്കുന്ന വാക്കുകൾ. അദ്ദേഹത്തെ ഉമയ്യ ബിൻ ഖലഫ് കഠിനമായി ശിക്ഷിച്ചിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 175, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2017)

ഹദ്റത്ത് ബിലാൽ, നബി(സ)തിരുമേനിയെ വിശ്വസിച്ചപ്പോൾ അദ്ദേഹത്തെ പല രീതിയിൽ ശിക്ഷിക്കുകയുണ്ടായി. ജനങ്ങൾ ബിലാലിനെ ശിക്ഷിക്കുന്നതിൽ കാഠിന്യം കാണിക്കുമ്പോഴെല്ലാം അദ്ദേഹം 'അഹദ് അഹദ്'എന്നു പറയുമായിരുന്നു. തങ്ങൾ പറയുന്നതുപോലെ പറയണമെന്ന് അവർ ശഠിക്കുമ്പോൾ, ഹദ്റത്ത് ബിലാൽ, 'എന്റെ നാവിൽനിന്ന് അത് നല്ലപോലെ പറയാൻ കഴിയുന്നില്ല'എന്ന് പറയുമായിരുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നു, ഹദ്റത്ത് ബിലാലിനെ മർദ്ദിച്ചുകൊണ്ട്, അന്യാരാധകർ അദ്ദേഹത്തെ തങ്ങളിലേക്ക് തിരിക്കാൻ ശ്രമിക്കുമ്പോഴെല്ലാം അദ്ദേഹം 'അല്ലാഹ് അല്ലാഹ്' എന്ന് പറയുമായിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 175, ബിലാൽ ബിൻ റബാഹ്, ദാറുഅഹ്‌യാഉത്തുറാഥ് ബെയ്റുത്ത് 2017) (ഉസുദുൽഗാബ, വാള്യം 1, പേഡ് 283, ബിലാൽ ബിൻ റബാഹ് ദാറുൽഫിക് ർ ബെയ്റുത്ത് 2003)

ഒരു നിവേദനത്തിൽ പറയുന്നു, ഹദ്റത്ത് ബിലാൽ ഇസ്‌ലാം സ്വീകരിച്ചപ്പോൾ, അദ്ദേഹത്തിന്റെ മുതലാളിമാർ, അദ്ദേഹത്തെ മണ്ണിൽ കിടത്തുകയും അദ്ദേഹത്തിനുമേൽ ചെറിയ കല്ലുകളും പശുവിന്റെ തോലും ഇട്ടുകൊണ്ട് 'നിന്റെ നാഥൻ, ലാത്തയും ഉസ്സയുമാകുന്നു' എന്നു പറയുമായിരുന്നു. പക്ഷേ അദ്ദേഹം 'അഹദ് അഹദ്' എന്നുതന്നെയാണ് പറഞ്ഞിരുന്നത്. അദ്ദേഹത്തിന്റെ ഉടമകളുടെ അടുക്കൽ ഹദ്റത്ത് അബൂബക്ർ പോ

യി പറഞ്ഞു; നിങ്ങൾ എന്നുവരെ ഇദ്ദേഹത്തെ ഇങ്ങനെ ഉപദ്രവിച്ചു കൊണ്ടിരിക്കും? ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ബിലാലിനെ ഏഴ് ഔഖിയ്ക്കു വാങ്ങി സ്വതന്ത്രനാക്കുകയുണ്ടായി. ഒരു ഔഖിയ 40 ദിർഹമാണ്. അതായത് 280 ദിർഹമിനാണ് വാങ്ങിയത്. തുടർന്ന് ഹദ്റത്ത് അബൂബക്ർ, ഈ സംഭവം നബി(സ)തിരുമേനിയുടെ സന്നിധിയിൽ വിവരിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'എന്നേയും അതിൽ (വാങ്ങുന്നതിൽ) പങ്കാളിയാക്കുക.' ഹദ്റത്ത് അബൂബക്ർ, 'യാ റസൂലല്ലാഹ്! ഞാൻ അദ്ദേഹത്തെ സ്വതന്ത്രനാക്കിയിരിക്കുന്നു'എന്ന് ഉണർത്തിച്ചു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 175, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ് ബെയ്റുത്ത് 2017)(ലുഗാത്തുൽ ഹദീഥ് വാള്യം 4, പേജ് 527, പ്രസാധകർ അലീ ആസിഫ് പ്രിന്റേഴ്സ് ലാഹോർ)

ഹദ്റത്ത് അബൂബക്ർ(റ)ഹദ്റത്ത് ബിലാലിനെ വാങ്ങിച്ച് അല്ലാഹുവിന്റെ വഴിയിൽ സ്വതന്ത്രനാക്കി. വാങ്ങിയത് സംബന്ധിച്ച് നേരത്തെ 280 നാണെന്ന് പറഞ്ഞിരുന്നു. ചില നിവേദനങ്ങൾപ്രകാരം ഹദ്റത്ത് അബൂബക്ർ, 5 ഔഖിയ അതായത് 200 ദിർഹമിനാണ് വാങ്ങിയത്. ചില നിവേദനങ്ങളിൽ 7 ഔഖിയ അതായത് 280 ദിർഹമിനാണെന്നും മറ്റുചില നിവേദനങ്ങൾ പ്രകാരം 9 ഔഖിയ അതായത് 360 ദിർഹമിനാണെന്നും വന്നിട്ടുണ്ട്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 1, പേജ് 415, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2016)

ഒരു നിവേദനത്തിലുണ്ട് ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ബിലാലിനെ വാങ്ങുമ്പോൾ അദ്ദേഹം കല്ലുകൾക്കിടയിൽ ഞെരിഞ്ഞിരിക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ, സ്വർണത്തിന്റെ 5 ഔഖിയ ക്കു പകരമാണ് അദ്ദേഹത്തെ വാങ്ങിയത്. ജനങ്ങൾ ഹദ്റത്ത് അബൂബക്റിനോടു പറഞ്ഞു, നിങ്ങൾ ഒരു ഔഖിയ അതായത് നൽപത് ദിർഹം തന്നാൽപോലും ഞങ്ങൾ അദ്ദേഹത്തെ വിൽക്കുമായിരുന്നു. അപ്പോൾ, ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു, 'നിങ്ങൾ അദ്ദേഹത്തെ 100 ഔഖിയ അതായത് 4000 ദിർഹമിന് വിൽക്കാൻ തയ്യാറായാൽപോലും ഞാൻ അദ്ദേഹത്തെ വാങ്ങുമായിരുന്നു.'(സയ്റു അഅ്ലാമുന്നുബ്ലാഇ ലിഇമാമിദ്ദഹ്ബി ,വാള്യം 1, പേജ് 353, ബിലാൽ ബിൻ റബാഹ് മുഅസ്സസുർരിസാല 2014)

ഹദ്റത്ത് ആഇശ(റ)നിവേദനം. മർദ്ദനങ്ങൾക്ക് വിധേയരാക്കപ്പെട്ടിരുന്ന 7 അടിമകളെ ഹദ്റത്ത് അബൂബക്ർ(റ) മോചിപ്പിക്കുകയുണ്ടായി. അവരിൽ ഹദ്റത്ത് ബിലാലും ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയുംപെടുന്നു.(അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ ലിൽഹാകിമി, ദിക്റു ബിലാൽ ബിൻ റബാഹ്, വാള്യം 3, പേജ് 323, ഹദീഥ് 5241, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. 'ഹദ്റത്ത് ഉമർ ബിൻ അൽഖത്ത്വാബ്(റ) പറയാറുണ്ട്, 'അബൂബക്ർ നമ്മുടെ നേതാവാണ്. അദ്ദേഹം നമ്മുടെ നേതാവിനെ സ്വതന്ത്രനാക്കി.' ബിലാലിനെയാണ് ഉദ്ദേശിച്ചത്. (സ്വഹീഹുൽബുഖാരി, കിതാബുൽ ഫളാഇൽ അസ്ഹാബുന്നബി(സ), ബാബുമനാഖിബു ബിലാൽ ബിൻ റബാഹ് മൗലാ അബീബകർ, ഹദീഥ് 3754)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ), ഹദ്റത്ത് ബിലാലിന് നേരിട്ട മർദ്ദനങ്ങളെയും ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തെ സ്വതന്ത്രനാക്കിയതിന്റേയും സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: "സത്യവിശ്വാസം സ്വീകരിച്ച ഈ അടിമകൾ വിവിധ സമൂഹങ്ങളിൽ നിന്നുള്ളവരായിരുന്നു. ബിലാൽ ഒരു ഹബ്ശി(നീഗ്രോ)യും സ്വുഹയ്ബ് ഗ്രീക്കുകാരനും ആയിരുന്നു. ജുബയ്റും സ്വുഹയ്ബും ക്രിസ്ത്യാനികളും ബിലാലും അമ്മാറും വിഗ്രഹാരാധകരും ആയിരുന്നു. ബിലാലിനെ അദ്ദേഹത്തിന്റെ യജമാനൻ ചുട്ടുപൊള്ളുന്ന മണൽപ്പരപ്പിൽ കിടത്തി അദ്ദേഹത്തിന്റെമേൽ പാറക്കല്ല് കയറ്റിവെക്കുകയോ, അദ്ദേഹത്തിന്റെ നെഞ്ചിനു മുകളിൽ മുതിർന്ന കുട്ടികളെകൊണ്ട് ചാടിക്കളിക്കാൻ നിശ്ചയിക്കുകയോ ചെയ്തിരുന്നു. ഉമയ്യ ബിൻ ഖലഫ് ആയിരുന്നു നീഗ്രോ വംശജനായ ബിലാലിന്റെ ഉടമ. ഉമയ്യ അദ്ദേഹത്തെ നട്ടുച്ചക്ക് ചൂടു കാലത്ത് മക്കയ്ക്ക് പുറത്തുകൊണ്ടുപോയി പൊള്ളുന്ന മണലിൽ നഗ്നനാക്കി കിടത്തുകയും വലിയ വലിയ കല്ലുകൾ അദ്ദേഹത്തിന്റെ നെഞ്ചിൽ വെക്കുകയും ചെയ്തിട്ട്, ലാത്തിനേയും ഉസ്സയേയും ദൈവമാണെന്ന് അംഗീകരിക്കാനും മുഹമ്മദ്(സ)നെ ഉപേക്ഷിച്ചതായി പ്രഖ്യാപിക്കാനും പറയുമായിരുന്നു. ബിലാൽ അതിനു മറുപടിയായി 'അഹദ്, അഹദ്' എന്ന് മറുപടിയാണ് നൽകിയത്. അതായത് അല്ലാഹു ഏകനാകുന്നു. അല്ലാഹു ഏകനാകുന്നു. വർഷങ്ങൾക്കുശേഷം അല്ലാഹു മുസ്ലിമീങ്ങൾക്ക് മദീനയിൽ സമാധാനാന്തരീക്ഷം നൽകുകയും സ്വതന്ത്രമായി ഇബാദത്തുകൾ ചെയ്യാൻ സന്ദർഭമൊരുങ്ങുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി ബിലാലിനെയാണ് ബാങ്ക് കൊടുക്കാൻ നിശ്ചയിച്ചത്. ഈ നീഗ്രോ അടിമ ബാങ്കുവിളിക്കുമ്പോൾ, 'അശ്ഹദു അൻല്ലാ ഇലാഹ ഇലല്ലാഹ്' എന്നതിനു പകരം 'അസ്ഹദു അൻല്ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിക്കുമ്പോൾ അദ്ദേഹത്തിന്റെ അവസ്ഥകളെക്കുറിച്ച് അറിവില്ലാത്ത ആളുകൾ ചിരിക്കുമായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി, ജനങ്ങൾ ബിലാലിന്റെ ബാങ്കുകേട്ട് ചിരിക്കുന്നത് കണ്ടപ്പോൾ ജനങ്ങളിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: 'നിങ്ങൾ ബിലാലിന്റെ ബാങ്കിൽ ചിരിക്കുകയാണ്. എന്നാൽ, അല്ലാഹു അർശിൽ അദ്ദേഹത്തിന്റെ ബാങ്ക് കേൾക്കുമ്പോൾ സന്തോഷിക്കുന്നു. അതായത് നിങ്ങൾ അദ്ദേഹത്തിന് 'ശീൻ' എന്ന് പറയാൻ കഴിയാത്തതാണ് കാണുന്നത്. എന്നാൽ, 'ശീനിലും സീനിലും' എന്തിരിക്കുന്നു? ചുട്ടുപഴുത്ത മണൽപരപ്പിൽ നഗ്നനാക്കി കിടത്തുകയും അദ്ദേഹത്തിന്റെ നെഞ്ചിനു മുകളിൽ അക്രമികൾ തങ്ങളുടെ ബൂട്ടിട്ട് കയറിമറിയുകയും 'ഇനിയും പഠിച്ചില്ലേ' എന്ന് ചോദിക്കുകയും ചെയ്യുമ്പോൾ തന്റെ മുറിയൻ ഭാഷയിൽ 'അഹദ് അഹദ്'എന്ന് പറഞ്ഞ് അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കുകയാണ് അദ്ദേഹം ചെയ്തിരുന്നത്. അങ്ങനെ അദ്ദേഹം തന്റെ കൂറിന്റേയും ഏകദൈവ വിശ്വാസത്തിന്റേയും മന:സ്ഥൈര്യത്തിന്റേയും സാക്ഷ്യം നൽകുകയായിരുന്നു. ആയതിനാൽ അദ്ദേഹത്തിന്റെ 'അസ്ഹദു' മറ്റ് ജനങ്ങളുടെ 'അശ്ഹദു'വിനേക്കാൾ മൂല്യവത്തായിരുന്നു എന്നാണ് നബി(സ)തിരുമേനി സൂചിപ്പിച്ചിരുന്നത്. ഹദ്റത്ത് അബൂബക്ർ(റ), അദ്ദേഹത്തിനുമേൽ ആക്രമണങ്ങൾ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഉടമയ്ക്ക് വില നല്കി, അദ്ദേഹത്തെ മോചിപ്പിക്കുകയാണുണ്ടായത്. അതേപോലെ മറ്റ് പല അടിമകളേയും ഹദ്റത്ത് അബൂബക്ർ(റ) തുക നല്കി മോചിപ്പിക്കുകയുണ്ടായി.(ദീബാച്ചയെ തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 193–194)

ഹദ്റത്ത് ബിലാൽ അസ്സാബിഖൂനൽ അവ്വലൂനിൽ അഥവാ മുൻകടന്നവരിലെ പ്രഥമന്മാരിൽപ്പെടുന്നു. കേവലം ഏഴു പേർക്കുമാത്രം മുസ്ലിമായെന്ന് വിളംബരംപ്പെടുത്താൻ സൗഭാഗ്യം ലഭിച്ച സമയത്താണ് അദ്ദേഹം ഇസ്ലാം സ്വീകരണ വിളംബരം ചെയ്തത്.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 176, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2017)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) വിവരിക്കുന്നു: ഏറ്റവുമാദ്യം മുസ്ലിമാണെന്ന് വിളംബരപ്പെടുത്തിയവർ ഏഴ് പേരാകുന്നു. നബി(സ), അബൂബക്ർ(റ), അമ്മാർ(റ), അദ്ദേഹത്തിന്റെ മാതാവ് സുമയ്യ(റ), സ്വുഹയ്ബ്(റ), ബിലാൽ(റ), മിഖ്ദാദ്(റ)എന്നിവർ. നബി(സ)തിരുമേനിയെ അല്ലാഹു അവിടത്തെ പിതൃവ്യൻ അബൂത്വാലിബ് മുഖേനയും അബൂബക്റിനെ അദ്ദേഹത്തിന്റെ സമുദായം മുഖേനയും സുരക്ഷിതരാക്കുകയുണ്ടായി. കഴിഞ്ഞ ഖുത്ബയിലും പറഞ്ഞതുപോലെ നബി(സ)തിരുമേനി ശത്രുക്കളുടെ ധ്വംസനങ്ങളിൽനിന്ന് സുരക്ഷിതനായിരുന്നില്ല. അബൂബക്റിനെ അദ്ദേഹത്തിന്റെ സമുദായത്തിനു അക്രമങ്ങളിൽനിന്ന് രക്ഷപ്പെടുത്താനും കഴിഞ്ഞിരുന്നില്ല. അവർക്ക് രണ്ടുപേർക്കും അതിക്രമങ്ങൾ അതിന്റെ പാരമ്യതയിൽതന്നെ അനുഭവിക്കേണ്ടിവന്നു. തുടക്കത്തിൽ കുറച്ചുകാലം സഹിഷ്ണുത ഉണ്ടായിരുന്നു. എന്നാൽ, പിന്നീട് വളരെ ദ്രോഹങ്ങൾ ആരംഭിച്ചു. ഏതായാലും മേൽ പറഞ്ഞത് നിവേദകന്റെ വിവരണമാണ്. അദ്ദേഹം പറയുന്നു: എന്നാൽ, മറ്റുള്ളവരെ പിന്തുണയ്ക്കാനും സംസാരിക്കാനും അവർക്കുവേണ്ടി ശബ്ദമുയർത്താനും ആരുംതന്നെ ഇല്ലായിരുന്നു. അങ്ങനെ അവരെ അന്യാരാധകർ പിടികൂടുകയും അവരിലെ ദുർബലരെ, അല്ലെങ്കിൽ അടിമകളെ ഇരുമ്പിന്റെ കവചമണിയിച്ച് ചുട്ടുപൊള്ളുന്ന വെയിലിൽ പൊള്ളിക്കുകയും ചെയ്യുമായിരുന്നു. ബിലാൽ ഒഴികെ അവരിൽ ആരുംതന്നെ അവരുടെ ആഗ്രഹമനുസരിച്ച് അവരുമായി ഐക്യപ്പെടാൻ തയ്യാറല്ലായിരുന്നു. കാരണം ബിലാലിന് തന്റെ ആത്മാവ് അല്ലാഹുവിനുവേണ്ടി വിലയില്ലാത്തതായിരുന്നു. ഹദ്റത്ത് ബിലാൽ എപ്പോഴും ഉറച്ചു നിന്നിരുന്നു. അദ്ദേഹം തന്റെ സമൂഹത്തിലും വിലയില്ലാത്തവനായി. അവർ അദ്ദേഹത്തെ പിടിക്കുകയും തെരുവുകുട്ടികളെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. അവർ അദ്ദേഹത്തെ മക്കയുടെ താഴ്വരയിലൂടെ ചുറ്റിക്കറക്കുമായിരുന്നു. ബിലാലാകട്ടെ 'അഹദ് അഹദ്' എന്ന് പറയുമായിരുന്നു. ഇത് ഇബ്നുമാജയിലെ നിവേദനമാകുന്നു.(സുനൻ ഇബ്നുമാജ, ഫളാഇലുൽ ബിലാൽ, ഹദീഥ് 150, നൂർഫൗണ്ടേഷന്റെ തർജമ)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ), ഹദ്റത്ത് ബിലാൽ ആദ്യകാലത്ത് സത്യവിശ്വാസം സ്വീകരിച്ചത് പരാമർശിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു:'ഹദ്റത്ത് ഖബ്ബാബ് അസ്സാബിഖൂനൽ അവ്വലൂൻ മുൻകടന്നവരിലെ പ്രഥമന്മാർ എന്ന ഗണത്തിലുള്ള സ്വഹാബാക്കളിൽ ഉൾപ്പെടുന്നു. അദ്ദേഹമാണോ അതല്ല ബിലാലാണോ ആദ്യം ബയ്അത്ത് ചെയ്തത് എന്നതു സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. നബി(സ)തിരുമേനി പറയുന്നു. ഒരു സ്വതന്ത്രനും ഒരു അടിമയുമാണ് എന്നെ ഏറ്റവുമാദ്യം വിശ്വസിച്ചത്. ചിലർ അതുകൊണ്ടുള്ള വിവക്ഷിതം ഹദ്റത്ത് ബിലാലും ഹദ്റത്ത് അബൂബക്റുമാണെന്ന് പറയുന്നു. മറ്റുചിലർ, അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഖബ്ബാബുമാണെന്ന് പറയുന്നു. (മിസ്രി സാഹിബ് കെ ഖിലാഫത്ത് സെ ഇൻഹിരാഫ് കെ മുത്തഅല്ലിഖ് തഖ്രീർ, അൻവാറുൽഉലൂം വാള്യം 14, പേജ് 598)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്, സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് ബിലാലിന് സഹിക്കേണ്ടി വന്ന മർദ്ദനങ്ങളെ പരാമർശിച്ചുകൊണ്ട് വിവരിക്കുന്നു:'ബിലാൽ ബിൻ റബാഹ്, ഉമയ്യ ബിൻ ഖലഫിന്റെ ഒരു നീഗ്രോ അടിമയായിരുന്നു. ഉമയ്യ, അദ്ദേഹത്തെ തീവർഷിക്കുന്ന നട്ടുച്ചക്ക്, വറചട്ടിപോലെ ചുട്ടുപൊള്ളുന്ന പാറപ്പുറത്ത് നഗ്നനാക്കി കിടത്തുകയും വലിയ വലിയ പാറക്കല്ലുകൾ അദ്ദേഹത്തിന്റെ നെഞ്ചിൽ വെച്ചുകൊണ്ട് ലാത്തയേയും ഉസ്സയേയും ആരാധിക്കാനും നബി(സ)തിരുമേനിയെ ഉപേക്ഷിക്കാനും അല്ലാത്തപക്ഷം ഇങ്ങനെ കഠിനശിക്ഷ നൽകി കൊല്ലുമെന്നും പറഞ്ഞിരുന്നു. ബിലാലിന് അധികമൊന്നും അറബി അറിയില്ലായിരുന്നു. അദ്ദേഹം 'അഹദ്, അഹദ്' അല്ലാഹു ഏകൻ, അല്ലാഹു ഏകൻ എന്ന് മാത്രം പറയുമായിരുന്നു. ഈ മറുപടികേട്ട് ഉമയ്യ കൂടുതൽ കോപാന്ധനായി, അദ്ദേഹത്തിന്റെ കഴുത്തിൽ

കയറുകെട്ടി തെരുവുപിള്ളേരെ ഏൽപ്പിച്ചുകൊണ്ട് അദ്ദേഹത്തെ മക്കയുടെ കല്ല് നിറഞ്ഞ ഊടു വഴികളിലൂടെ വലിച്ചിഴക്കാൻ പറയുമായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ശരീരം രക്തത്തിൽ കുളിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ നാവിൽ നിന്ന് 'അഹദ് അഹദ്' എന്നല്ലാതെ മറ്റൊരു വാക്കും വന്നിരുന്നില്ല. അദ്ദേഹത്തിനു മേലുള്ള ഈ അതിക്രമം കണ്ടപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)വലിയൊരു തുക നൽകി, അദ്ദേഹത്തെ സ്വതന്ത്രനാക്കുകയുണ്ടായി.'(സീറത്ത് ഖാത്തമുന്നബിയ്യീൻ പേജ് 140)

ഹദ്റത്ത് ബിലാൽ ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ, അദ്ദേഹം ഹദ്റത്ത് സഅ്ദ് ബിൻ ഖയ്‌ഥമയുടെ വീട്ടിലാണ് തങ്ങിയത്. നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥുമായി അദ്ദേഹത്തിന്റെ സാഹോദര്യബന്ധം ഉണ്ടാക്കി. മറ്റൊരു നിവേദനപ്രകാരം, ഹദ്റത്ത് അബൂ റുവയ്ഹ ഖഥഅമിയുമായിട്ടാണ് ബിലാലിന്റെ സാഹോദര്യബന്ധം ഉണ്ടാക്കിയതെന്ന് പറയുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 176, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2017)

നബി(സ)തിരുമേനി മദീനയിലെത്തി. ആ സമയത്ത് അവിടെ സ്വഹാബാക്കൾ രോഗബാധിതരായിക്കൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ബിലാലും ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയും ഇതിൽ പെടുന്നു. ഹദ്റത്ത് അബൂബക്റിനും ഹദ്റത്ത് ബിലാലിനും പനിയായിരുന്നു. ഹദ്റത്ത് അബൂബക്ർ, തനിക്ക് പനി വരുമ്പോൾ ഒരു കവിതാശകലം ചൊല്ലിയിരുന്നു. ആ അറബി ഈരടിയുടെ തർജമ ഇപ്രകാരമാണ്, 'എല്ലാ മനുഷ്യരും തന്റെ കുടുംബത്തിൽ പ്രഭാതത്തിൽ എഴുന്നേൽക്കുന്നു; യഥാർഥത്തിലോ മരണം തന്റെ ചെരുപ്പിന്റെ വാറിനെക്കാൾ അവനോടടുത്താണ്.'

ഹദ്റത്ത് ബിലാൽ തന്റെ പനി മാറുമ്പോൾ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് ഒരു ഈരടി ചൊല്ലിയിരുന്നു. അതിന്റെ അർഥം ഇപ്രകാരമാണ്, 'ഹാ! മക്കയുടെ താഴ്‌വരയിൽ 'ഇദ്ഖർ' 'ജലീൽ' എന്നീ പുല്ലുകൾ വളർന്നുനിന്ന ചുറ്റുപാടിൽ ഒരു രാത്രി എനിക്കു താമസിക്കാൻ ഭാഗ്യം ലഭിക്കുമോ? ഏതെങ്കിലുമൊരു ദിനം 'മജന്ന'ജലാശയത്തിലെ വെള്ളം കുടിക്കാൻ കഴിയുമോ?'

മജന്ന മക്കയിൽനിന്ന് ഏതാനും മൈൽ ദൂരെ മർറുള്ളഹ്റാൻ എന്ന സ്ഥലത്തിനടുത്തുള്ള ഒരിടമാകുന്നു. ജാഹലിയ്യാ കാലത്ത് സുപ്രസിദ്ധ ഉക്കാള് മേളക്കുശേഷം മർറുള്ളഹ്റാനിൽ മേള നടത്തിയിരുന്നു. അറബികൾ ഉക്കാളിനുശേഷം മജന്നയിൽ പോവുകയും അവിടെ ഇരുപത് ദിവസം താമസിക്കുകയും ചെയ്തിരുന്നു. എന്തായിരുന്നാലും അവിടെ താൻ വെള്ളം കുടിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. ശാമ, ത്വഫീൽ എന്നീ പർവതങ്ങൾ ഏതെങ്കിലുമൊരുദിനം എനിക്കു കാണാൻ കഴിയുമോ? ഇതെല്ലാം കവിതയിൽ പറയുകയാണ്. വിവരിക്കുകയാണ്. ത്വഫീലും മക്കയിൽനിന്ന് ഏകദേശം പത്തുമൈൽ ദൂരത്തുള്ള മറ്റൊരു മലയാണ്. അതിന് ശാമ എന്നു പറയുന്നു. അനന്തരം അദ്ദേഹം പ്രാർഥിക്കും 'അല്ലാഹുവേ, ശെയ്ബ ബിൻ റബീഅയേയും ഉത്ബ ബിൻ റബീഅയേയും ഉമയ്യ ബിൻ ഖലഫിനേയും ശപിച്ചാലും. കാരണം അവർ ഞങ്ങളെ ഞങ്ങളുടെ നാടുകളിൽനിന്ന് പകർച്ചവ്യാധിയുടെ നാട്ടിലേക്ക് എത്തിച്ചിരിക്കുന്നു.'നബി(സ)തിരുമേനി പ്രാർഥിക്കും: 'അല്ലാഹുവേ! മക്കായോടുള്ള സ്നേഹം അല്ലെങ്കിൽ അതിലും കൂടുതൽ സ്നേഹം മദീനായുടെ നേരേയും നീ ഞങ്ങളുടെ ഹൃദയങ്ങളിൽ ഉണ്ടാക്കേണമേ.' ഹദ്റത്ത് അബൂബക്കറിന്റേയും ഹദ്റത്ത് ബിലാലിന്റേയും ഈ സംസാരം കേട്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവേ മദീനയെ മക്കയെപോലെതന്നെ അല്ലെങ്കിൽ അതിനെക്കാളുപരി ഞങ്ങൾക്ക് പ്രിയങ്കരമാക്കിയാലും. അല്ലാഹുവേ! ഞങ്ങളുടെ അളവ് പാത്രങ്ങളായ മുദ്ദിലും സ്വായിലും നീ ബർക്കത്ത് നല്കേണമേ.' ഈ സ്വാഉം മുദ്ദും പ്രസിദ്ധമായ അളവുപാത്രങ്ങളുടെ പേരാണ്. തൂക്കുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു. 'ഇവിടുത്തെ മദീനയെ ഞങ്ങൾക്ക് ആരോഗ്യകരമാക്കേണമേ. പനിയെ ജുഹുഫയുടെ ഭാഗത്തേക്ക് നീക്കിക്കളയേണമേ.' ജുഹുഫയും മക്കയുടെ ഭാഗത്തുള്ള മറ്റൊരു പട്ടണമാണ്. ആഇശ(റ) പറയാറുണ്ടായിരുന്നു: 'ഞങ്ങൾ മദീനയിൽ ചെന്നപ്പോൾ അല്ലാഹുവിന്റെ ഭൂമിയിൽവച്ച് ഏറ്റവും കൂടുതൽ രോഗം പിടിപെടുന്ന പ്രദേശമായിരുന്നു അത്. അവർ പറയുന്നു, ബുത്ഹാൻ തോട്ടിൽ അല്പം വെള്ള മൊഴുകിയിരുന്നു. ആ വെള്ളവും അന്ന് അരുചിയും ദുർഗന്ധവുമുള്ളതായിരുന്നു. ബുത്ഹാനും മദീനയിലെ ഒരു താഴ്‌വരയുടെ പേരാണ്. ഇതൊക്കെ ബുഖാരിയിലുള്ള നിവേദന മാണ്. (സ്വഹീഹുൽ ബുഖാരി, കിതാബുൽ ഫളാഇൽ അൽമദീന ഹദീഥ് 1889)(ഫർഹങ്കെ സീറത്ത് പേജ് 58,180, 259, സവാർ അക്കാഡമി പബ്ലിക്കേഷൻസ്)(ശമാഇലുന്നബി(സ) പേജ് 76, അടിക്കുറിപ്പ്)(ശറഹ് സർഖാനി അലാ മവാഹിബുല്ലദുന്നിയഃ വാള്യം 2, പേജ് 172, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)

ഖാദിയാനിൽനിന്ന് ഹിജ്റത്ത് പോയപ്പോൾ, അഹ്മദികൾക്ക് പ്രത്യേകമായി, മദീന ഹിജ്റത്തിനെ പരാമർശിച്ചുകൊണ്ടും ഈ പാലായനത്തിൽ അസ്വസ്ഥരാകേണ്ടെന്നും ഹദ്റത്ത് ബിലാലിന്റെ ഉപര്യുക്ത സംഭവം ഉദ്ധരിച്ചുകൊണ്ടും അതേപ്പറ്റി നബി(സ)തിരുമേനിയുടെ പരാമർശത്തെ സൂചിപ്പിച്ചുകൊണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അന്ന് ജമാഅത്തിനോട് പറഞ്ഞു: 'ഹിജ്റത്ത് ചെയ്തുവന്ന അനഹ്മദി മുസ്‌ലിമീങ്ങളെ എനിക്ക് അറിയില്ല. അവരോട് എനിക്ക് പറയാനും കഴിയില്ല. എന്നാൽ, ഞാൻ അഹ്മദികളോട് പറയട്ടെ, നിങ്ങൾ എല്ലാം നഷ്ടപ്പെട്ടവരാണെന്നും ഹിജ്റത്ത് കാരണമാണ് എല്ലാം നഷ്ടപ്പെട്ടവരായതെന്നും ചിന്തിക്കരുത്. മദീനയിൽ വന്നെത്തിയപ്പോൾ നാടും സ്വത്തും നഷ്ടപ്പെട്ടതിൽ ഖേദിച്ചവരെ സംബന്ധിച്ച് നബി(സ)യ്ക്ക് അസ്വസ്ഥതയുണ്ടായിരുന്നു. നബി(സ)തിരുമേനി മദീനയിൽ വന്ന സമയത്ത്, മദീനയുടെപേര് യഥ്‌രിബ് എന്നായിരുന്നു. അവിടെ മലേറിയ നല്ലപോലെ പടർന്നിരുന്നു. മലേറിയ പരക്കാൻ തുടങ്ങിയപ്പോൾ സ്വഹാബാക്കൾക്ക് പനി പിടിച്ചു. ഒരുഭാഗത്ത് നാടുവിട്ടതിലുള്ള ദുഃഖം! അവരിൽ ചിലർ മക്ക എത്ര നല്ലതെന്ന് പറഞ്ഞ് കരഞ്ഞ് വിലപിക്കാൻ തുടങ്ങി. ഒരു ദിവസം ഹദ്റത്ത് ബിലാലിനും പനി പിടിച്ചു. അദ്ദേഹം ഈ ഇരടികൾ ഉണ്ടാക്കി ബഹളം വെക്കാൻ തുടങ്ങി. ഇതു കണ്ടപ്പോൾ നബി(സ)ദേഷ്യപ്പെട്ടു. നബി(സ)തിരുമേനി ചോദിച്ചു: നിങ്ങൾ ഇതിനൊക്കെ വേണ്ടിയാണോ ഇവിടേക്ക് വന്നത്? ഹിജ്റത്ത് ചെയ്തിരിക്കെ ബഹളം വെക്കുന്നതിൽ എന്ത് അർഥമാണുള്ളത്?

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇന്ത്യയിൽനിന്ന് പാകിസ്താനിലേക്ക് ഹിജ്റത്ത് ചെയ്ത അഹ്മദികളെ ഉപദേശിച്ചുകൊണ്ട് പറയുന്നു, 'ഞാനും നിങ്ങളോട് പറയട്ടെ, നിങ്ങൾ സന്തോഷവാന്മാരായിരിക്കുക. നിങ്ങൾ എന്താണ് നഷ്ടപ്പെടുത്തിയതെന്ന് നോക്കേണ്ട. മറിച്ച് നിങ്ങൾ എന്തിനു വേണ്ടിയാണ് നഷ്ടപ്പെടുത്തിയതെന്ന് നോക്കുക. നിങ്ങൾ നഷ്ടപ്പെടുത്തിയത് അല്ലാഹുവിനു വേണ്ടിയും ഇസ്‌ലാമിന്റെ പുരോഗതിക്കു വേണ്ടിയുമാണെങ്കിൽ സന്തോഷിക്കുവിൻ. ഒരു സന്ദർഭത്തിലും നിങ്ങളുടെ നടുവ് വളയാൻ അനുവദിക്കരുത്. നിങ്ങളുടെ മുഖത്ത് വേവലാതി ഉണ്ടാകരുത്. മറിച്ച് മുഖത്ത് സന്തോഷത്തിന്റെ ലക്ഷണങ്ങൾ ഉണ്ടാകണം.'(ഖാദിയാൻ സെ ഹമാരി ഹിജ്റത്ത് ഏക് ആസ്മാനി തഖ്ദീർ ഥീ, അൻവാറുൽ ഉലൂം വാള്യം 21, പേജ് 379)

ചുരുക്കത്തിൽ ഇതായിരുന്നു അഹ്മദികളുടെ നിലപാട്. അന്നത്തെ ഖലീഫ, ഞങ്ങളുടെ ഹിജ്റത്ത് അല്ലാഹുവിനെ മുൻനിറുത്തിയും ഇസ്‌ലാമിന്റെ സേവനത്തിനുവേണ്ടിയും ആണെന്നായിരുന്നു ഞങ്ങൾക്ക് തന്ന ഉപദേശം. അന്ന് പാക്കിസ്താന്റെ നിർമാണത്തിന് എതിരായിരുന്നവർ ഇന്ന് പാക്കിസ്താന്റെ ആണിക്കല്ലിന്റെ അവകാശികളായി തങ്ങളുടെ കളവും വഞ്ചനയും മുഖേന അഹ്മദികൾക്ക് ആ രാജ്യത്തിന്റെ അടിസ്ഥാന പൗരാവകാശങ്ങൾ പോലും നിഷേധിക്കുന്നു. അതിനുവേണ്ടി ഏറ്റവും അധികം ത്യാഗം ചെയ്തത് അഹ്മദികളായിരുന്നു. ഏതൊരു ദീനിന്റെ മേന്മക്കും സേവനത്തിനും വേണ്ടിയാണോ ഞങ്ങൾ ഹിജ്റത്ത് ചെയ്തത്, ഇന്ന് പാക്കിസ്താൻ പാർലമെന്റ് രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി അതേ ദീനിന്റെ പേര് പറയുന്നതിൽനിന്നു പോലും ഞങ്ങളെ വിലക്കുകയാണ്. ഞങ്ങൾക്ക് എതായാലും അവരുടെ ഒരുവിധ സർട്ടിഫിക്കറ്റിന്റെയും ആവശ്യമില്ല. പക്ഷേ, ഞങ്ങൾക്കുള്ള സങ്കടം, നാമധാരികളായ രാജ്യത്തിന്റെ കരാറെടുത്തിരിക്കുന്ന ഇവർ, അഹ്മദികളെ ദ്രോഹിച്ചുകൊണ്ട് തങ്ങളുടെ നാടിനേയും ദ്രോഹിച്ചു. ദ്രോഹിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകത്ത് നാടിനെ മോശമാക്കാൻ കാരണമായിക്കൊണ്ടിരിക്കുന്നു. അതിന്റെ പുരോഗതിയിൽ തടസ്സം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇവർ ഇല്ലായിരുന്നുവെങ്കിൽ ഈ നാട് എത്രയോ അഭിവൃദ്ധി പ്രാപിക്കുമായിരുന്നു. ഇവർ നാടിനെ തിന്നുമുടിക്കുകയാണ്. ചിതലിനെപ്പോലെ കാർന്നു തിന്നുകയാണ്. ഏതായിരുന്നാലും പാകിസ്താനീ അഹ്മദികൾ പ്രത്യേകിച്ചും പാകിസ്താനിൽ വസിക്കുന്നവർ രാജ്യപുരോഗതിക്കുവേണ്ടി തങ്ങളുടെഎല്ലാ കഴിവുകളുമായും പ്രയത്നിക്കേണ്ടതാണ്. അല്ലാഹു, ഈ അതിക്രമകാരികളിൽ നിന്ന് ഈ നാടിനെ സംശുദ്ധമാക്കാൻ ദുആ ചെയ്യുക. ഏതായിരുന്നാലും ഈ സംഭവം വന്നപ്പോൾ അതോടനുബന്ധിച്ച് ഇത് പരാമർശിച്ചുവെന്നേയുള്ളൂ.

ഇനി ഞാൻ ഹദ്റത്ത് ബിലാലിന്റെ സംഭവങ്ങൾ സംബന്ധിച്ച നിവേദനങ്ങളിലേക്ക് തന്നെ വരാം. ത്വബഖാത്തുൽ കുബ്റയിൽ എഴുതുന്നു: ഹദ്റത്ത് ബിലാൽ ബദ്ർ, ഉഹുദ് ഖൻദഖ് സഹിതം എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 180, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2017)

ബദ്ർ യുദ്ധത്തിൽ, ഹദ്റത്ത് ബിലാൽ ഇസ്‌ലാമിന്റെ വളരെ വലിയ ശത്രുവായ ഉമയ്യ ബിൻ ഖലഫിനെ വധിക്കുകയുണ്ടായി. അയാൾ, ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ ഹദ്റത്ത് ബിലാലിനെ മർദ്ദിച്ചിരുന്നു.(സയ്റുസ്സഹാബ, വാള്യം 2, ബിലാൽ ബിൻ റബാഹ്, പേജ് 156, ദാറുൽഇശാഅത്ത് ഉർദു ബാസാർ, കറാച്ചി 2004)

ഉമയ്യ ബിൻ ഖലഫിന്റെ വധത്തെ സംബന്ധിച്ച് സ്വഹീഹ് ബുഖാരിയിൽ വന്ന വിവരണങ്ങൾ ഖുബയ്ബ് ബിൻ അസാഫിനെ പരാമർശിച്ചപ്പോൾ പറഞ്ഞതാണ്. ഹദ്റത്ത് ബിലാലുമായി നേരിട്ട് ബന്ധമുള്ള സംഭവമായതിനാൽ ഇവിടേയും കുറച്ച് വിവരിക്കുകയാണ്.

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) നിവേദനം. അദ്ദേഹം ഉമയ്യ ബിൻ ഖലഫിന് കത്തെഴുതിക്കൊണ്ട് പറഞ്ഞു, ഇപ്പോൾ രണാങ്കണമായിരിക്കുന്ന മക്കയിൽ തന്റെ സമ്പത്തിനേയും സന്താനങ്ങളേയും അയാൾ സംരക്ഷിക്കുകയാണെങ്കിൽ ഞാൻ മദീനയിൽ അയാളുടെ സാധന സാമഗ്രികൾ സംരക്ഷിക്കുന്നതാണ്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന് അയാളുമായി വളരെ മുമ്പേതന്നെ ബന്ധമുണ്ടായിരുന്നു. ഉമയ്യ ബിൻ ഖലഫ്, ബദ്ർ യുദ്ധത്തിൽ നിഷേധികളുടെ സൈന്യത്തിന്റെ ഭാഗമായി പങ്കെടുത്തിരുന്നു. അയാൾ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിനു ഔഫ് അറി

യാനിടയായി. ആ പഴയകാല ബന്ധം കാരണം അയാളോട് ഔദാര്യം കാണിച്ചുകൊണ്ട് യുദ്ധത്തിനുശേഷം രാത്രി സമയത്ത് അദ്ദേഹം അയാളെ രക്ഷിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. അദ്ദേഹം പറയുന്നു: അയാൾ ബദ്ർ യുദ്ധത്തിൽ ഉണ്ടായിരുന്നു. ജനങ്ങൾ ഉറങ്ങിയപ്പോൾ ഞാൻ, അയാളെ സംരക്ഷിക്കാൻ മലയുടെ ഭാഗത്തേക്ക് പോയി. അയാൾ ആ ഭാഗത്ത് എവിടേയോ ഉണ്ടെന്ന് അറിയാൻ കഴിഞ്ഞിരുന്നു. അയാളെ സംരക്ഷിക്കാൻ ഞാനും അവിടേക്ക് പോയി. ഹദ്റത്ത് ബിലാൽ അയാളെ എങ്ങനെയോ കണ്ടിരുന്നു. അങ്ങനെ ഹദ്റത്ത് ബിലാൽ അൻസ്വാറിന്റെ ഒരു സംഘത്തിൽച്ചെന്ന് പറഞ്ഞു. 'അത് ഉമയ്യ ബിൻ ഖലഫ് ആകുന്നു. അയാൾ രക്ഷപെട്ടാൽ, പിന്നെ എനിക്ക് രക്ഷയുണ്ടാവില്ല.' ഇത് കേട്ടപ്പോൾ കുറച്ചുപേർ, ഹദ്റത്ത് ബിലാലിന്റെകൂടെ അയാളെ പിന്തുടർന്നു. അവർ ഞങ്ങളെ കാണുമെന്നും പിടികൂടുമെന്നും ഞാൻ ഭയപ്പെട്ടു. അതുകൊണ്ട് ഞങ്ങൾക്ക് അൽപം മുന്നോട്ടു നീങ്ങാൻ കഴിയുന്നതിന് വേണ്ടി, അയാളുടെ മകനെ അവരുമായി യുദ്ധത്തിൽ പങ്കുകൊള്ളാൻ വിട്ടു. അവർ അയാളുടെ മകനെ ആ കലഹത്തിൽ വധിച്ചു. എന്റെ ഉപായം ഉപകാരപ്പെട്ടില്ല. അങ്ങനെ അവർ അവനെ വധിച്ചശേഷം ഞങ്ങളെ പിന്തുടർന്നു. നല്ല തടിച്ച ശരീരമുള്ള ആളായിരുന്നതിനാൽ ഉമയ്യയ്ക്ക് വേഗത്തിൽ അങ്ങോട്ടോ ഇങ്ങോട്ടോ നീങ്ങാൻ കഴിയുമായിരുന്നില്ല. അവസാനം അവർ അയാളെ പിടികൂടി. അവർ അടുത്തെത്തിയപ്പോൾ ഞാൻ അയാളോടു പറഞ്ഞു, ഇരിക്കൂ! അയാൾ ഇരുന്നപ്പോൾ ഞാൻ അയാളെ രക്ഷിക്കാൻ വേണ്ടി പൊതിഞ്ഞു നിന്നു. പക്ഷേ, അയാളെ പിന്തുടർന്നു വന്ന അവർ, എന്റെ താഴെ ഭാഗത്തൂടെ, അയാളുടെ ശരീരത്തിൽ വാളുകൊണ്ട് കുത്തി. അങ്ങനെ അയാളെ വധിക്കുകയുണ്ടായി. അവരിൽ ഒരാൾ തന്റെ വാളുകൊണ്ട് എന്റെ കാലിലും മുറിവുണ്ടാക്കി.'(സ്വഹീഹുൽ ബുഖാരി, കിതാബുൽവക്കാല, ഹദീഥ് 2301)

മറ്റൊരു നിവേദനത്തിൽ ഈ സംഭവം ഇപ്രകാരം വന്നിട്ടുണ്ട്: ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറയുന്നു: 'ഞാൻ അവരെ രണ്ടു പേരേയും അതായത് ഉമയ്യ ബിൻ ഖലഫിനേയും മകനേയും കൂട്ടി നടക്കുകയായിരുന്നു. പെട്ടെന്ന് ഹദ്റത്ത് ബിലാൽ, എന്റെ കൂടെ ഉമയ്യയെ കണ്ടു. അയാൾ ഹദ്റത്ത് ബിലാലിനെ ഇസ്ലാമിൽനിന്ന് പിന്തിരിപ്പിക്കാൻ ഒരുപാട് മർദ്ദിച്ചിരുന്നു. ഹദ്റത്ത് ബിലാൽ, ഉമയ്യയെ കണ്ടപ്പോൾ പറഞ്ഞു, 'സത്യനിഷേധികളുടെ നേതാവ്, ഉമയ്യ ബിൻ ഖലഫ് ഇവിടെയുണ്ട്, അയാൾ രക്ഷപ്പെടുകയാണെങ്കിൽ ഞാൻ സുരക്ഷിതനായിരിക്കുമെന്ന് കരുതേണ്ടതില്ല.' ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)പറയുന്നു: 'ഞാൻ അത് കേട്ടപ്പോൾ പറഞ്ഞു: 'നിങ്ങൾ എന്റെ തടവുകാരെ സംബന്ധിച്ചാണ് ഇങ്ങനെ പറയുന്നത്.' ഹദ്റത്ത് ബിലാൽ, കൂടെക്കൂടെ അതുതന്നെ ആവർത്തിച്ചുകൊണ്ടിരുന്നു. ഞാൻ ഇയാൾ എന്റെ തടവുകാരനാണെന്നും പറഞ്ഞുകൊണ്ടിരുന്നു. ഹദ്റത്ത് ബിലാൽ ഉച്ചത്തിൽ ശബ്ദമുണ്ടാക്കികൊണ്ട് ബഹളം കൂട്ടി പറഞ്ഞു: 'അല്ലയോ അല്ലാഹുവിന്റെ അൻസ്വാറേ! ഇത് സത്യനിഷേധികളുടെ നേതാവ് ഉമയ്യ ബിൻ ഖലഫാണ്. ഇയാൾ രക്ഷപ്പെട്ടാൽ, ഞാൻ സുരക്ഷിതനല്ല, അദ്ദേഹം കൂടെക്കൂടെ അത് ആവർത്തിക്കുകായിരുന്നു.'

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് (റ)പറയുന്നു: ഇതുകേട്ടപ്പോൾ അൻസ്വാർ ഓടിവന്ന് ഞങ്ങളെ നാലുഭാഗത്തു നിന്നും വളഞ്ഞു. തുടർന്ന് ഹദ്റത്ത് ബിലാൽ വാളെടുത്ത് ഉമയ്യയുടെ മകനെ ആക്രമിച്ചു. അങ്ങനെ അവൻ താഴെ വീണു. അതുകണ്ടപ്പോൾ ഉമയ്യ ഭയപ്പെട്ടു ഉച്ചത്തിൽ നിലവിളിച്ചു. ഞാൻ അത്തരം നിലവിളി അതിന് മുമ്പേ ഒരിക്കലും കേട്ടിട്ടില്ല. അതിനുശേഷം അൻസ്വാർ അവരെ രണ്ടുപേരേയും വെട്ടി വീഴ്ത്തുകയുണ്ടായി.'(അസ്സീറത്തുൽഹൽബിയ്യ, ഭാഗം 2, 232 –233, ബാബു ദിക്റു മഗാസിയ(സ), ഗസ്വത്തു ബദ്റുൽകുബ്റാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഒരു നിവേദനത്തിൽ ഹദ്റത്ത് ബിലാൽ(റ), നബി(സ)തിരുമേനിയുടെ സെക്രട്ടറി അല്ലെങ്കിൽ ഖജാൻജി ആയിരുന്നു എന്നും വന്നിട്ടുണ്ട്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 1, പേജ് 415, ബിലാൽബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ, 2016)

ഒരാൾ ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നോട് ചോദിച്ചു: താങ്കളും നബി(സ)തിരുമേനിയുടെ കൂടെ യാത്ര ചെയ്തിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു: എനിക്ക് നബി(സ)തിരുമേനിയുമായി ബന്ധമൊന്നും ഇല്ലായിരുന്നെങ്കിൽ യാത്രയിൽ ഭാഗമാക്കാക്കുമായിരുന്നില്ല. അതായത്, ചെറിയ കുട്ടിയായിരുന്നതിനാൽ അദ്ദേഹത്തിന് അവസരം കിട്ടിയിരുന്നു. ബന്ധുത്വവുമുണ്ടായിരുന്നു. അതുകൊണ്ടാണ് യാത്രയിൽ കൂടെക്കൂട്ടിയിരുന്നത്. പറയുന്നു, നബി(സ)തിരുമേനി, ഹദ്റത്ത് കഥീർ ബിൻ സ്വലത്തിന്റെ വീടിന് അടുത്തുണ്ടായിരുന്ന അടയാളത്തിനടുത്തു വന്നു. സ്വഹാബാക്കളെ സംബോധാന ചെയ്തു. തുടർന്ന് സ്ത്രീകളുടെ അടുത്തുപോയി അവർക്ക് ഉപദേശങ്ങൾ നൽകി. പിന്നെ അവരോട് സ്വദഖ കൊടുക്കാൻ പറഞ്ഞു. അപ്പോൾ സ്ത്രീകൾ തങ്ങളുടെ കൈകൾ താഴ്ത്തി മോതിരങ്ങൾ ഊരി, ഹദ്റത്ത് ബിലാലിന്റെ കൈയിലുണ്ടായിരുന്ന തുണിയിൽ ഇട്ടുകൊടുത്തുകൊണ്ടിരുന്നു. ഹദ്റത്ത് ബിലാൽ കൂടെ ഉണ്ടായിരുന്നു. ബിലാലിന്റെ കൈയിലുണ്ടായിരുന്ന പുതപ്പിൽ ഇട്ടുകൊണ്ടിരുന്നു. ഈ നിവേദനം ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിച്ചതാണ്. അതിനുശേഷം നബി(സ)തിരുമേനിയും ഹദ്റത്ത് ബിലാലും വീട്ടിൽവന്നു.(സ്വഹീഹുൽ ബുഖാരി, കിതാബുൽഅദാൻ, ഹദീഥ് 863)

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: നബി(സ)തിരുമേനി എന്നോട് പറഞ്ഞു: എനിക്ക് ദൈവമാർഗത്തിൽ നൽകിയത്രയും ബുദ്ധിമുട്ടുകൾ മറ്റാർക്കും നൽകപ്പെട്ടിട്ടില്ല. എന്നെ അല്ലാഹുവിന്റെ മാർഗത്തിൽ ഭയപ്പെടുത്തിയത്രയും വേറെ ആരേയും ഭയപ്പെടുത്തിയിട്ടില്ല. എനിക്കു മൂന്നാമത്തെ രാത്രി വന്നു, എന്റേയും ബിലാലിന്റേയും കൈയിൽ മൃഗങ്ങൾപോലും തിന്നാത്ത ഭക്ഷണമായിരുന്നു ഉണ്ടായിരുന്നത്; അതും ബിലാലിന്റെ കക്ഷം ഒളിപ്പിച്ചു വെച്ചിരുന്നത്ര! അതായത് വളരെകുറച്ച് ഭക്ഷണം മാത്രമാണ് ഉണ്ടായിരുന്നത്.(സുനൻ ഇബ്നുമാജ, അബ്വാബുൽ മനാഖിബ്, ബാബു ഫളാഇലു ബിലാൽ, ഹദീഥ് 151, തർജമ നൂർഫൗണ്ടേഷൻ റബ്വ)

ആദ്യത്തെ ബാങ്ക് വിളിക്കാരൻ (മുഅദ്ദിൻ) ആകാനുള്ള സൗഭാഗ്യം ഹദ്റത്ത് ബിലാലിനാണ് ലഭിച്ചത്. ഹദ്റത്ത് ബിലാൽ, നബി(സ)തിരുമേനിയുടെ ജീവിതത്തിലുടനീളം യാത്രയിലും അല്ലാത്തപ്പോഴും എല്ലാം മുഅദ്ദിൻ ആയിരുന്നു. ഇസ്ലാമിൽ ആദ്യമായി ബാങ്ക് കൊടുത്തത് അദ്ദേഹമായിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 1, പേജ് 416, ബിലാൽബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ, 2016)

മുഹമ്മദ് ബിൻ അബ്ദുല്ലാഹ് ബിൻ സയ്ദ് തന്റെ പിതാവിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: നബി(സ)തിരുമേനി നമസ്കാരത്തിന് ആളുകളെ വിളിക്കുന്നതിന് ആദ്യം കാഹളത്തിൽ വിളിക്കാനും ശംഖ് വിളിക്കാനും നിർദേശിച്ചു. അങ്ങനെ അതുണ്ടാക്കുകയും ചെയ്തു. ഇത് ബുഖാരിയുടെ ഹദീഥാണ്. അതനുസരിച്ച് കാഹളവും ശംഖും ഒക്കെ സംബന്ധിച്ച് സ്വഹാബാക്കൾ അഭിപ്രായം പറഞ്ഞിരുന്നു. പിന്നെ അബ്ദുല്ലാഹ് ബിൻ സയ്ദിന് സ്വപ്നത്തിൽ കാണിക്കപ്പെട്ടത് സംബന്ധിച്ച് അദ്ദേഹം പറയുന്നു: ഞാൻ സ്വപ്നത്തിൽ ഒരാളെ കണ്ടു. അയാളുടെ കൈയിൽ രണ്ട് പച്ചത്തുണികൾ ഉണ്ടായിരുന്നു. അയാൾ കൈയിൽ ഒരു ശംഖ് പിടിച്ചിരുന്നു. ഞാൻ സ്വപ്നത്തിൽത്തന്നെ അയാളോട്, ദൈവദാസാ! നിങ്ങൾ ഈ ശംഖ് വിൽക്കുമോ എന്ന് ചോദിച്ചു. അയാൾ പറഞ്ഞു, നിങ്ങൾ ഇതുകൊണ്ട് എന്ത് ചെയ്യാനാണ്? ഞാൻ പറഞ്ഞു, ഞാൻ ഇതുകൊണ്ട് ജനങ്ങളെ നമസ്കാരത്തിലേക്ക് വിളിക്കും. അയാൾ പറഞ്ഞു: ഞാൻ ഇതിനേക്കാൾ നല്ലത് പറഞ്ഞു തരട്ടയോ? ഞാൻ ചോദിച്ചു; അതെന്താണ്? അപ്പോൾ അയാൾ ബാങ്കിന്റെ വാക്കുകൾ കേൾപ്പിച്ചു: അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ. അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹ്, അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹ്. അശ്ഹദു അന്ന മുഹമ്മദുർറസൂലുല്ലാഹ്, അശ്ഹദു അന്ന മുഹമ്മദുർറസൂലുല്ലാഹ്. ഹയ്യ അലസ്സ്വലാത്ത്, ഹയ്യ അലസ്സ്വലാത്ത്. ഹയ്യ അലൽഫലാഹ്, ഹയ്യ അലൽഫലാഹ്. അല്ലാഹു അക്ബർ, അല്ലാഹു അക്ബർ. ലാഇലാഹ് ഇല്ലല്ലാഹ്.'

നിവേദകൻ പറയുന്നു; ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ് പുറത്തേക്കിറങ്ങി. അദ്ദേഹം, നബി(സ)തിരുമേനിയെ കണ്ടപ്പോൾ തന്റെ മുഴുവൻ സ്വപ്നവും കേൾപ്പിച്ചു. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ സ്വപ്നത്തിൽ ഒരാളെ കണ്ടു. അയാളുടെ കൈയിൽ രണ്ട് പച്ചത്തുണികൾ ഉണ്ടായിരുന്നു. ഒരു ശംഖും എടുത്തിരുന്നു. തുടർന്നുള്ള എല്ലാകാര്യവും നബി(സ)തിരുമേനിയോട് പറഞ്ഞു. നബി(സ)തിരുമേനി സ്വഹാബാക്കളോട് പറഞ്ഞു: നിങ്ങളുടെ സുഹൃത്ത് സ്വപ്നം കണ്ടിരിക്കുന്നു. തുടർന്ന് നബി(സ)തിരുമേനി അബ്ദുല്ലഹ് ബിൻ സയ്ദിനോടു പറഞ്ഞു, നിങ്ങൾ ബിലാലിന്റെകൂടെ മസ്ജിദിൽ പോകുക. നിങ്ങൾ ഈ വാക്കുകൾ അദ്ദേഹത്തിന് പറഞ്ഞു കൊടുക്കുക. അദ്ദേഹം അത് ഉച്ചത്തിൽ വിളിച്ചുപറയട്ടെ. നിങ്ങളേക്കാൾ അദ്ദേഹത്തിന്റെ ശബ്ദം ഉച്ചത്തിലുള്ളതാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സയ്ദ്(റ)പറയുന്നു, ഞാൻ ബിലാലിന്റെകൂടെ മസ്ജിദിൽ പോയി. ഞാൻ അദ്ദേഹത്തിന് ഈ വാക്കുകൾ പറഞ്ഞ് കൊടുക്കുകയും അദ്ദേഹം അത് ഉച്ചത്തിൽ വിളിച്ചു പറയുകയും ചെയ്യുകയുണ്ടായി.

ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ), ഈ ശബ്ദം കേട്ടപ്പോൾ പുറത്തേക്ക് വന്നു പറഞ്ഞു, യാ റസൂലല്ലാഹ്! അല്ലാഹുവാണ! ഞാനും സ്വപ്നത്തിൽ ഇദ്ദേഹം കണ്ടതുതന്നെ കാണുകയുണ്ടായി.(സുനൻ ഇബ്നുമാജ, കിതാബുൽ അദാൻ, ബാബു

## തിരുനബിയുടെ തിരുമൊഴികൾ:

**"ഹദ്റത്ത് ആഇശ(റ)നിവേദനം. നബി(സ)തിരുമേനി നമസ്കാരം ആരംഭിച്ചിരുന്നത് തക്ബീർ കൊണ്ടായിരുന്നു; ഖിറാഅത്ത് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻകൊണ്ടും."(മുസ്‌ലിം, ഹദീഥ് 273)**

ത്വാലിബെ ദുആ:
Rahman Shakeer & Family,
Ahmadiyya Jama-ath Karulai, Kerala

## തിരുനബിയുടെ തിരുമൊഴികൾ:

***"അബൂഹുറയ്റ(റ)നിവേദനം. നബി(സ)ഞങ്ങളെ പറഞ്ഞു പഠിപ്പിക്കുമായിരുന്നു: 'നിങ്ങൾ ഇമാമിനെ മറി കടക്കരുത്. അദ്ദേഹം തക്ബീർ ചൊല്ലിയാൽ നിങ്ങളും തക്ബീർ ചൊല്ലുക. അദ്ദേഹം വലള്ളാല്ലീൻ പറഞ്ഞാൽ ഉടനെ നിങ്ങളും ആമീൻ പറയുക." (മുസ്‌ലിം, ഹദീഥ് 275)***

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

ബദഉൽഅദാൻ, ഹദീഥ് 706)(സ്വഹീഹുൽ ബുഖാരി, കിതാബുൽഅദാൻ,ബാബു ബദഉൽഅദാൻ, ഹദീഥ് 604)

ഇതു വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: നമസ്കാരത്തിനുവേണ്ടി വിളംബരമോ, ബാങ്കോ തുടങ്ങിയ സംവിധാനമൊന്നും തുടങ്ങിയിരുന്നില്ല. സ്വഹാബാക്കൾ പൊതുവിൽ സമയം സ്വയമായി കണക്കാക്കി നമസ്കാരത്തിനു ഒരുമിച്ചു കൂടാറായിരുന്നു പതിവ്. എന്നാൽ, ഇത് ഒരു തൃപ്തികരമായ അവസ്ഥയല്ലായിരുന്നു. മസ്ജിദ് നബ്വി തയ്യാറായപ്പോൾ, എങ്ങനെയാണ് മുസ്‌ലിമീങ്ങളെ ഒരുമിച്ചു കൂട്ടുക എന്ന പ്രശ്നം കൂടുതൽ അനുഭവപ്പെട്ടു തുടങ്ങി. ഒരു അൻസ്വാരി സ്വഹാബി ക്രിസ്ത്യാനികളെപോലെ ശംഖ് വിളിക്കാനും ചിലർ യഹൂദികൾ ചെയ്യുന്ന പോലെ കാഹളത്തിൽ ഊതാനും അഭിപ്രായങ്ങൾ പറഞ്ഞു. മറ്റുള്ളവർ മറ്റു പല നിർദേശങ്ങളും നൽകി. എന്നാൽ, ഹദ്റത്ത് ഉമർ(റ)പറഞ്ഞു, നമസ്കാര സമയത്ത്, സമയമായെന്ന് വിളംബരപ്പെടുത്താൻ ആരെയെങ്കിലും നിശ്ചയിക്കാവുന്നതാണ്. നബി(സ) തിരുമേനിക്ക് ഈ അഭിപ്രായം ഇഷ്ടപ്പെട്ടു. ഈ ചുമതല നിർവഹിക്കാൻ ബിലാലിനോട് ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ നമസ്കാര സമയമായാൽ 'അസ്സ്വലാത്തു ജാമിഅത്തുൻ'എന്ന് ബിലാൽ ഉച്ചത്തിൽ വിളിച്ചു പറഞ്ഞിരുന്നു. മാത്രമല്ല നമസ്കാരത്തിനു പുറമേ വല്ല ആവശ്യത്തിനും മുസ്‌ലിമീങ്ങളെ മസ്ജിദിൽ ഒരുമിച്ചു കൂട്ടാനും ഇതേ തരത്തിൽതന്നെ വിളിച്ചിരുന്നു. ഇതിന് കുറച്ചുകാലം കഴിഞ്ഞപ്പോൾ, ഒരു സ്വഹാബി അബ്ദുല്ലാഹ് ബിൻ സയ്ദ് അൻസ്വാരിക്ക് സ്വപ്നത്തിൽ ഇന്നത്തെ ബാങ്കിന്റെ വചനങ്ങൾ പഠിപ്പിക്കപ്പെട്ടു. അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി തന്റെ സ്വപ്നം പരാമർശിച്ചുകൊണ്ട് പറഞ്ഞു: ഞാൻ സ്വപ്നത്തിൽ ഒരാൾ ഇന്ന രീതിയിൽ ബാങ്കു വിളിക്കുന്നതായി കണ്ടിരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഈ സ്വപ്നം അല്ലാഹുവിൽ നിന്നുള്ളതാകുന്നു. അബ്ദുല്ലായോടു പറഞ്ഞു, ബിലാലിന് ഈ വചനങ്ങൾ പഠിപ്പിച്ചു കൊടുക്കുക. യാദൃച്ഛികമെന്ന് പറയട്ടെ, ബിലാൽ ആദ്യമായി ബാങ്ക് കൊടുക്കുന്നത്, ഹദ്റത്ത് ഉമർ(റ) കേട്ടപ്പോൾ വേഗം നബി(സ) തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു, 'യാ റസൂലല്ലാഹ്! ബിലാൽ കൊടുത്ത ബാങ്കിലെ വചനങ്ങൾ അതേപടി ഞാൻ സ്വപ്നത്തിൽ കണ്ടിരിക്കുന്നു.' മറ്റൊരു നിവേദനത്തിൽ പറയുന്നു, നബി(സ)തിരുമേനി ബാങ്കിന്റെ വചനങ്ങൾ കേട്ടപ്പോൾ പറഞ്ഞു, ഇതേ വിധത്തിൽ വഹ്‌യും ഇറങ്ങിയിരിക്കുന്നു. ചുരുക്കത്തിൽ ഇങ്ങനെയാണ് ഇന്നുള്ള ബാങ്കിന്റെ രീതി ആരംഭിച്ചത്. ഈ സമ്പ്രദായം ഏറെ അനുഗൃഹീതവും ആകർഷകവുമാകുന്നു. മറ്റൊരു രീതിക്കും ഇതിനെ കവച്ചുവെക്കാൻ സാധ്യമല്ല. അങ്ങനെ എല്ലാ ദിവസവും അഞ്ചുനേരം, മുസ്‌ലിം ലോകത്ത് എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും മസ്ജിദുകളിൽനിന്ന് അല്ലാഹുവിന്റെ ഏകത്വവും മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ പ്രവാചകത്വവും ഉദ്ഘോഷിക്കപ്പെടുന്നു. അതിലൂടെ ഇസ്‌ലാമിക അധ്യാപനങ്ങളുടെ സാരാംശം ഏറ്റവും മനോഹരവും സംക്ഷിപ്തവുമായ വാക്കുകളിൽ ജനങ്ങളിലേക്ക് എത്തിക്കുന്നു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, പേജ് 271–272)

മൂസാ ബിൻ മുഹമ്മദ് തന്റെ പിതാവിൽനിന്ന് നിവേദനം. ഹദ്റത്ത് ബിലാൽ, ബാങ്ക് കൊടുത്ത ശേഷം നബി(സ)തിരുമേനിയ്ക്ക് അറിയിപ്പ് നൽകാൻ വന്നാൽ, വാതിൽക്കലെത്തി, ഹയ്യ അല സ്സ്വലാത്തി, ഹയ്യ അലൽ ഫലാഹി, അസ്സ്വലാത്തു യാ റസൂലല്ലാഹി അതായത് യാ റസൂലല്ലാഹ്, നമസ്കാരത്തിനു വന്നാലും വിജയത്തിനും നമസ്കാരത്തിനും വന്നാലും എന്ന് പറയുമായിരുന്നു. ഹദ്റത്ത് ബിലാൽ, നബി(സ)തിരുമേനി നമസ്കാരത്തിന് പുറപ്പെട്ടത് കാണുമ്പോൾ ഇഖാമത്ത് കൊടുത്തു തുടങ്ങും. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 176–177, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2017)

ഇതു വ്യക്തമല്ല. ഇഖാമത്തുണ്ടാകുന്നത് ഇമാം മിഹറാബിൽ വരുമ്പോഴാണ്. ഏതായാലും ഇവിടെ നിവേദനത്തിന്റെ ശരിയായ തർജമയല്ല. അല്ലെങ്കിൽ ഈ വിവരണം ശരിയല്ല. ഇമാം മിഹ്റാബിൽ വന്നശേഷമാണ് ഇഖാമത്ത് കൊടുക്കേണ്ടത് എന്നതാണ് ശരിയായ രീതി.

ഇബ്നു മാജയിൽ ഹദ്റത്ത് ബിലാൽ നിവേദനം. സുബ്ഹ് നമസ്കാരത്തിന് അറിയിപ്പ് നൽകാൻ അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിൽ എത്തിയപ്പോൾ, അവിടന്ന് ഉറങ്ങുകയാണെന്ന് പറഞ്ഞു. അപ്പോൾ ഹദ്റത്ത് ബിലാൽ പറഞ്ഞു, അസ്സ്വലാത്തു ഖയ്റുൻമ്മിനന്നൗമി, അസ്സ്വലാത്തു ഖയ്റുൻമ്മിനന്നൗമി. തുടർന്ന് സുബ്ഹി നമസ്കാരത്തിനുള്ള ബാങ്കിൽ ഈ വാചകങ്ങൾ വർധിപ്പിച്ചു. അതാണ് ഇപ്പോൾ ഉള്ള രീതി.(സുനൻ ഇബ്നുമാജ, കിതാബുൽ അദാൻ, ബാബു അസ്സുന്നത്തു ഫിൽഅദാനി, ഹദീഥ് 716)

മറ്റൊരു നിവേദനത്തിൽ നബി(സ)തിരുമേനി പറഞ്ഞു, 'ബിലാലേ! ഇത് എത്ര നല്ല വാക്കുകളാണ്. ഇത് സുബ്ഹിയുടെ ബാങ്കിൽ ചേർക്കുക.'(മുഅ്ജമുൽ കബീർ ലിത്ത്വബ്റാനീ, ബാബ് ബിലാൽ ബിൻ റബാഹ്, വാള്യം 1, പേജ് 355, ഹദീഥ് 1081, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, 2002)

നബി(സ)തിരുമേനിക്ക് മൂന്ന് മുഅദ്ദിൻ ഉണ്ടായിരുന്നു. ഹദ്റത്ത് ബിലാൽ, അബൂ മഹ്ദൂറഹ്, അംറ് ബിൻ ഉമ്മി മക്തും.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 177, ബിലാൽ ബിൻ റബാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2017)

ഇനിയും അദ്ദേഹത്തെ കുറിച്ചുള്ള കുറച്ച് കാര്യങ്ങൾ വിവരിക്കാനുണ്ട്. ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

ഈ നേരത്ത് ഞാൻ ഇനി ചില പരേതാത്മാക്കളെ കുറിച്ചും പറയുന്നതാണ്. ഇവരുടെ ജനാസ നമസ്കാരമുണ്ടായിരിക്കും.

ആദ്യത്തേത് ബൽജിയമിലെ റഊഫ് ബിൻ മഖ്സൂദ് ജൂനിയർ ആണ്. ഇദ്ദേഹം യു.കെ ജാമിഅ അഹ്മദിയ്യയിലെ വിദ്യാർഥിയായിരുന്നു. സെപ്തംബർ 4 നാണ് ഇദ്ദേഹം വഫാത്തായത്. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ബൽജിയമിലെ ഹാസൽട്ട്(ഒമലൈഹ)ജമാഅത്തിൽപെട്ട ആളായിരുന്നു. 2018 ലാണ് ജാമിഅയിൽ പ്രവേശിച്ചത്. അവിടെ(തന്റെ നാട്ടിൽ) സെക്കന്ററി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഇവിടെ വന്നു. ഇദ്ദേഹം, തന്റെ ആത്മാർഥമായ സൃഷ്ടിസേവന സ്വഭാവത്തിന്റെ ആവേശവും അധ്വാനശീലവും കാരണം വിദ്യാർഥികൾക്കും അധ്യാപകർക്കും ഏറെ പ്രിയങ്കരനായിരുന്നു. കുറച്ച് മുമ്പേ അദ്ദേഹത്തിന് ബ്രയിൻ ട്യൂമർ(Brain Tumor) വന്നിരുന്നു. 7 മാസം രോഗാവസ്ഥയിലായിരുന്നു. വളരെ സ്ഥൈര്യത്തോടേയും ധൈര്യത്തോടേയും രോഗത്തെ നേരിട്ടു. അവസാനം അല്ലാഹുവിലേക്ക് യാത്രയായി.

ഏകദേശം 1950 ൽ ഇദ്ദേഹത്തിന്റെ പിതാമഹൻ മുഖേനയാണ് അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹത്തിന് സമൂഹത്തിൽ പ്രഭാവം ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തെ കുടുംബക്കാരും എതിരാളികളും ഒന്നും പറഞ്ഞിരുന്നില്ല. എന്നാൽ, അദ്ദേഹത്തിന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ കുടുംബത്തിന് ഒരുപാട് എതിർപ്പുകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മാതാവിന്റെ ഭാഗത്ത് നിന്ന് അതായത് മാതാമഹന്റെ ഉപ്പ അബ്ദുൽ അലി സാഹിബും ഭാര്യയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കൈകളിൽ ബയ്അത്ത് ചെയ്തു. റഊഫ് ബ്നു മഖ്സൂദിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ മാതാപിതാക്കളെ കൂടാതെ മൂന്ന് സഹോദരിമാരും രണ്ട് സഹോദരന്മാരുമുണ്ട്. പിതാവ് ഹുമയൂൺ മഖ്സൂദ് സാഹിബും മാതാവ് മുഹ്സിന ബേഗം സാഹിബയുമാണ്. 18 വയസ്സുള്ള നിശാത് 14 വയസ്സുള്ള സ്വാലിഹ്, 9 വയസ്സുള്ള തഥ്നിയ ഹുമയ്സ, 7 വയസ്സുള്ള ഫാതിഹ് മഖ്സൂദ്, 4 വയസ്സുള്ള ജന്നത്തുസ്സാമിയ എന്നിവർ (സഹോദരി സഹോദരന്മാരായി) ഉണ്ട്.

ബൽജിയം അമീർ സാഹിബ് എഴുതുന്നു: ഈ കുട്ടിയെ ചെറുപ്പം മുതൽതന്നെ കാണാൻ അവസരം കിട്ടിയിരുന്നു. ഇദ്ദേഹം അനിതരസാധാരണമായ (വ്യക്തിത്വമുള്ള) ഒരു കുട്ടിയായിരുന്നു. ഇദ്ദേഹത്തിന്റെ ജമാഅത്തിൽ പോകാൻ അവസരം കിട്ടിയപ്പോഴൊക്കെ ഇദ്ദേഹത്തെ എപ്പോഴും മസ്ജിദുമായി ബന്ധപ്പെട്ടും നല്ല സ്വഭാവുമാണ് കണ്ടിട്ടുള്ളത്. വഫാത്തിനുശേഷം ആൾക്കനി ലെബയ്ത്തുർറഹീമിൽ അനുശോചനത്തിന് വരുന്നവർക്കുവേണ്ടി സംവിധാനം ചെയ്തിരുന്നു. ജമാഅത്തിലെ നല്ലൊരു ഭാഗം ആളുകളും അതിൽ ഭാഗഭാക്കായി. അവിടെ പല ആളുകളേയും കരയുന്നതായി കാണുകയുണ്ടായി. അവരെല്ലാം അദ്ദേഹത്തിന്റെ നിരവധി സംഭവങ്ങൾ പറഞ്ഞിരുന്നു. രോഗത്തിന്റെ ആരംഭത്തിൽ ഡോക്ടർ അദ്ദേഹത്തോട് ബ്രയിൻ ട്യൂമറാണെന്നും അത് ജീവിതത്തിന് അപകടകരമാണെന്നും പറഞ്ഞിരുന്നു. പക്ഷേ, എന്നിട്ടും അദ്ദേഹം മുഖത്ത് നിരാശ പ്രകടിപ്പിക്കുകയോ, ധൈര്യം കൈവിടുകയോ ചെയ്തില്ല. ഡോക്ടർമാരുമായുള്ള മീറ്റിംഗിൽ ഒരു ഡോക്ടർ പറഞ്ഞു, അദ്ദേഹത്തിന് സംസാരിക്കാൻ കഴിഞ്ഞിരുന്ന സമയത്ത് ഞാൻ അദ്ദേഹത്തോട് സംസാരിച്ചിരുന്നു. ഞാൻ അദ്ദേഹത്തെ അനിതരസാധാരണ മനുഷ്യനായിട്ടും തെളിഞ്ഞ ബുദ്ധിയുടെ ഉടമയായിട്ടുമാണ് കണ്ടത്. ഡോക്ടർമാർ പറയുന്നു, അദ്ദേഹം വളരെ പ്രയാസകരമായ രോഗമായിരുന്നിട്ടുകൂടി ഒരു പരാതിയും പറഞ്ഞില്ല. ഡോക്ടർമാരുടെ അഭിപ്രായത്തിൽ, രോഗിക്ക് ചിലപ്പോൾ നല്ല ദ്വേഷംവരാറുണ്ട്. എന്നാൽ, ഇദ്ദേഹം വളരെ വലിയ സ്ഥൈര്യവും സഹനവുമാണ് കാണിച്ചത്.' വീണ്ടും അമീർ സാഹിബ് എഴുതുന്നു: 'ഇദ്ദേഹത്തിന് ഖിലാഫത്തിനോട് ഉന്നത നിലവാരത്തിലുള്ള സ്നേഹമുണ്ടായിരുന്നു. പൂർണമായ അനുസരണം പുലർത്തിയിരുന്നു. എപ്പോഴും മുഖത്ത് പുഞ്ചിരി ഉണ്ടായിരുന്നു. വലിയവരോടും ചെറിയവരോടും വലിയ ആദരവോടേയും പുഞ്ചിരിയോടെയുമാണ് പെരുമാറിയത്.

ഹാസലെറ്റ് എന്ന സ്ഥലത്തെ മുറബ്ബി സാഹിബ് പറയുന്നു, രോഗം നിർണയിക്കുന്നതിന് മുമ്പേ ഞാൻ അദ്ദേഹത്തോട് റമദാനിൽ ഓൺലൈൻ ക്ലാസെടുക്കാൻ പറഞ്ഞിരുന്നു. അദ്ദേഹം വളരെ കൃത്യനിഷ്ഠയോടെ ക്ലാസെടുത്തിരുന്നു. അങ്ങനെ രോഗാവസ്ഥയിൽ ആസ്പത്രിയിലായപ്പോൾ ആസ്പത്രിയിൽ നിന്നും ക്ലാസെടുത്തിരുന്നു. ചിലപ്പോൾ ക്ലാസെടുക്കുമ്പോൾ ബോധക്ഷയം ഉണ്ടാകുമായിരുന്നു. തുടർന്ന് ആരോഗ്യം വീണ്ടെടുക്കുമ്പോൾ വീണ്ടും ക്ലാസ് തുടർന്നിരുന്നു. തനിക്ക് അസുഖമാണ്, ക്ലാസെടുക്കാൻ കഴിയില്ല എന്ന് ഒരിക്കലും പറഞ്ഞിരുന്നില്ല. അത്ഫാലും ക്ലാസെടുക്കേണ്ട എന്ന് പറയുമ്പോൾ അദ്ദേഹം ഞാൻ ജാമിഅ തുറന്ന് തിരിച്ചു പോകുമ്പോൾ ഖലീഫത്തുൽ മസീഹിന് എന്ത് മറുപടി കൊടുക്കും, ഞാൻ ലീവിൽ എങ്ങനെയാണ് സേവനം ചെയ്തതെന്ന് എന്തു പറയും എന്നാണ് ചോദിച്ചിരുന്നത്. ആവേശവും താൽപര്യവും ഒക്കെ ഉണ്ടായിരുന്നു.

മറ്റൊരു മുറബ്ബി സിൽസില എഴുതുന്നു: അദ്ദേഹം 2020 ൽ ഒരാഴ്ച വഖ്ഫെ ആർസി ചെയ്തിരുന്നു. അന്ന് അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ എന്റെയടുത്ത് കൊണ്ടുവന്ന് പറഞ്ഞു, ഇവിടെ നിൽക്കട്ടെ, ഇവൻ ജാമിഅയിൽ പോകാനുള്ളതാണ്. ഇവന് ട്രൈനിംഗ് നല്കുക. അദ്ദേഹം പറഞ്ഞു, അന്നും അഞ്ചു നേര നമസ്കാരങ്ങൾക്കു പുറമെ രാവിലെ എഴുന്നേറ്റ് തഹ

ജ്ജുദും അനുഷ്ഠിച്ചിരുന്നു. ആൽട്ടൻ മസ്ജിദ് നിർമാണത്തിൽ, അതിന്റെ പുനർ നിർമാണത്തിലും അദ്ദേഹം കൃത്യമായി വഖാറെ അമലിൽ ഭാഗഭാക്കായി. ജാഇദാദ് സെക്രട്ടറി എഴുതുന്നു: വളരെ പ്രയാസമുള്ളതും ഭാരിച്ചതുമായ ജോലി സ്വയം ചെയ്തിരുന്നു. കല്ലും ചരലുമൊക്കെ ഏറ്റിയിരുന്നു. വളരെ സന്തോഷത്തോടെ ഈ ജോലി ചെയ്തിരുന്നു. എല്ലാവർക്കും സലാം ചെല്ലുന്നതിൽ മുൻകടന്നിരുന്നു.

അദ്ദേഹത്തിന്റെ മാതാവ് പറയുന്നു, മറ്റുള്ളവരെ തന്നേക്കാൾ മുന്തിച്ചിരുന്നു. പൊതുവെ സ്കൂളിലേക്ക് ഭക്ഷണം കൊണ്ടു പോയിരുന്നു. ഒരിക്കൽ വീട്ടിൽ വന്ന് ഉമ്മയോട് പറഞ്ഞു, എനിക്ക് ഭക്ഷണം വേണം. ഞാൻ പറഞ്ഞു, നീ കൊണ്ടു പോയിരുന്നല്ലോ? അപ്പോൾ പറഞ്ഞു, ഒരു കുട്ടി ഭക്ഷണംകൊണ്ടു വന്നിട്ടുണ്ടായിരുന്നില്ല. ഞാൻ അവന് ഭക്ഷണം കൊടുത്തിട്ട് പറഞ്ഞു ഞാൻ വീട്ടിൽ പോയി കഴിക്കാമെന്ന്. അതുപോലെ സുഹൃത്തുക്കളെ സംബന്ധിച്ച് എപ്പോഴും ആകുലതയുള്ള ആളായിരുന്നു. അവരോട്, നിങ്ങളുടെ ഭാവിയെ സംബന്ധിച്ച് എനിക്ക് ആശങ്കയുണ്ടെന്ന് പറഞ്ഞിരുന്നു. തന്റെ അടുപ്പക്കാരോട്, സൽസ്വഭാവമുള്ള സുഹൃത്തുക്കളെ തിരഞ്ഞെടുക്കണമെന്നും തങ്ങളുടെ ഭാവി നന്നാക്കാൻ ശ്രമിക്കണമെന്നും പറഞ്ഞിരുന്നു. ഇജ്തിമാകളിലും ജൽസകളിലും വലിയ ഡ്യൂട്ടികൾ ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഓഫീസർ പറയുന്നു, ഒരിക്കൽ രാത്രിയിൽ സെക്യൂരിറ്റി ഡ്യൂട്ടിയിലായിരുന്നു. അദ്ദേഹത്തിന് കുറച്ച് ഭക്ഷണം കൊടുത്തപ്പോൾ പറഞ്ഞു, ആദ്യം എന്റെ സുഹൃത്തുക്കൾക്ക് കൊടുത്താലും. വഖ്ഫെ നൗ കുട്ടികളുടെ ചില രക്ഷിതാക്കളോട്, കുട്ടികളെ സംബന്ധിച്ച് ചോദിക്കുമായിരുന്നു. സ്വയം കുട്ടിയായിരുന്നെങ്കിലും കുട്ടികളെ ജാമിഅയിൽ അയക്കണമെന്ന് മാതാപിതാക്കളെ ഉപദേശിച്ചിരുന്നു.

അദ്ദേഹത്തിന്റെ മാതാവും വളരെ സഹനത്തോടെയാണ് അദ്ദേഹത്തിന്റെ രോഗാവസ്ഥയെ നേരിട്ടത്. എന്നല്ല മാതാവും പിതാവും രണ്ടുപേരും സഹനം കാണിച്ചു. മാതാവ് പറഞ്ഞിരുന്നു, ഞങ്ങൾ നിന്നെ വഖ്ഫ് ചെയ്തതാണ്. ഡോക്ടർമാർ നിരാശ പ്രകടിപ്പിക്കുകയും പ്രതീക്ഷയില്ലെന്ന് പറയുകയും ചെയ്തിരുന്നു. മാതാവ് വളരെ ഉന്നത ധൈര്യം കാണിച്ചുകൊണ്ട് മകനോട് പറഞ്ഞു, 'നീ പോകാനുള്ള സ്ഥലവും വളരെ നല്ല സ്ഥലമാണ്. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായിരിക്കണം.' സ്വയവും അവർ ദൈവികതൃപ്തിയിൽ തൃപ്തി കണ്ടെത്തിയിരുന്നു.

അദ്ദേഹം എന്റെകൂടെ ഒരു ഫോട്ടോ എടുത്തിരുന്നു. അത് തന്റെ ബഡ്ഡിന്റെ മുന്നിൽ വെച്ചിരുന്നു. അത് തബ്‌ലീഗിന് വഴി തുറന്നിരുന്നു. നീ ഏത് സമൂഹത്തിൽപെട്ട ആളാണെന്ന് ഡോക്ടർമാർ ചോദിക്കുമായിരുന്നു. അദ്ദേഹം ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ പെട്ടവരാണെന്നും വരാനുള്ള മിശിഹ വന്നുവെന്ന് വിശ്വസിക്കുന്നവരാണെന്നും പറഞ്ഞിരുന്നു. അങ്ങനെ തബ്‌ലീഗ് നടന്നിരുന്നു.

അമീർ സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തോട് നിങ്ങൾ രോഗിയാണെങ്കിലും തബ്‌ലീഗിന് നിമിത്തമാകുന്നു എന്ന് പറഞ്ഞപ്പോൾ അതിൽ അദ്ദേഹം ഏറെ സന്തോഷിച്ചിരുന്നു.

ബൽജിയം സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ എഴുതുന്നു: 'അദ്ദേഹത്തിന് ഖിലാഫത്തിനോട് നിസ്സീമമായ സ്നേഹമുണ്ടായിരുന്നു.' പറയുന്നു, 'ഒരു ദിവസം ഞാൻ അത്ഫാൽ വഖ്ഫെ നൗ ക്ലാസിൽ ഖലീഫത്തുൽ മസീഹിന് കത്തെഴുതാൻ പറഞ്ഞു. കത്ത് എഴുതിച്ചപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു, മുറബ്ബി സാഹിബേ! എനിക്ക് ഉർദു എഴുതാൻ അറിയില്ല. താങ്കൾ എനിക്ക് എഴുതി തരിക. ഞാൻ പകർത്തി എഴുതാം. അത് നോക്കി എന്റെ കൈകൊണ്ട് എഴുതാം. ഞാൻ പറഞ്ഞു, എല്ലാവരും ഡച്ച് ഭാഷയിൽ എഴുതുന്നു. നിങ്ങളും അങ്ങനെ എഴുതിക്കോളൂ! ഇത് ജാമിഅയിൽ വരുന്നതിന് മുമ്പേയുള്ള കാര്യമാണ്. അദ്ദേഹം പറഞ്ഞു, ഞാൻ ആഗ്രഹിക്കുന്നത് എന്റെ കത്ത് നേരിട്ട് കാലത്തിന്റെ ഖലീഫക്ക് കിട്ടണമെന്നും അദ്ദേഹം എനിക്ക് വേണ്ടി ദുആ ചെയ്യണമെന്നുമാണ്.

തുടർന്ന് മുറബ്ബി സാഹിബ് എഴുതുന്നു: റഊഫ് ബിൻ മഖ്സൂദ് എഴുന്നേറ്റുനിന്ന്, ഞാൻ എന്റെ ജീവനും സമ്പത്തും സമയവും അന്തസും ദീനിനു വേണ്ടി ത്യജിക്കാൻ സദാസന്നദ്ധനായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയുണ്ടായി. അദ്ദേഹം ഈ ശപഥം തന്റെ അവസാന ശ്വാസംവരേയും പൂർത്തിയാക്കി. പുറത്ത് ബൽജിയംകാരായ സുഹൃത്തുകൾ ഉണ്ടായിരുന്നു. അവർ തേങ്ങിക്കരയുന്നത് ഞാൻ എന്റെ കണ്ണുകൾ കൊണ്ട് കാണുകയുണ്ടായി. ഞാൻ അവരിൽ ഒരാളോട് റഊഫ് ബിൻ മഖ്സൂദിനെ പറ്റി ചോദിച്ചപ്പോൾ അയാൾ കരഞ്ഞു കൊണ്ട് പറഞ്ഞു, 'ഇന്ന് ഞങ്ങളുടെ വളരെ പ്രിയങ്കരനായ, ശ്രദ്ധാലുവായ ഒരു സുഹൃത്ത് ഞങ്ങളിൽ നിന്ന് അകന്ന് പോയിരിക്കുന്നു. ഇത്തരം സഹാനുഭൂതിയുള്ള സുഹൃത്തിനെ എല്ലാവർക്കും കിട്ടാറില്ല.'

തബ്‌ലീഗിലും നല്ല താൽപര്യമായിരുന്നു. പറയുന്നു: ചിലപ്പോൾ ചിലർ (തബ്‌ലീഗിൽ) അലസത കാണിക്കാറുണ്ട്. ഞാൻ Messiah has come. എന്ന പേരിൽ ഒരു പരിപാടി ആരംഭിച്ചിരുന്നു. ഇദ്ദേഹം ഈ പരിപാടിയിലേക്ക് ജനങ്ങളെ പിടിച്ച് കൊണ്ടുവരുമായിരുന്നു. അവർക്ക് തബ്‌ലീഗ് സാഹിത്യങ്ങൾ നൽകുകയും സംസാരിക്കുകയും ചെയ്തിരുന്നു. ഏതായിരുന്നാലും ഇദ്ദേഹം ജാമിഅ പാസാകുന്നതിന് മുമ്പേതന്നെ നല്ലൊരു മുറബ്ബിയും മുബല്ലിഗുമായിരുന്നു.

അല്ലാഹുവിന്റെ തീരുമാനങ്ങളുടെ യുക്തി അവന് മാത്രമേ അറിയൂ. ചിലപ്പോൾ വളരെ നല്ല ആളുകളെ തന്റെ അടുത്തേക്ക് വേഗം വിളിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുക്കുകയും കരുണ കാണിക്കുകയും പദവികൾ ഉയർത്തുകയും അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് സഹനവും കരുണയും നൽകുകയും ചെയ്യുമാറാകട്ടെ.

അടുത്ത ജനാസ ഇസ്‌ലാമാബാദ് നാഇബ് അമീർ, സഫ്ർ ഇഖ്ബാൽ ഖുറയ്ശി സാഹിബിന്റേതാണ്. സെപ്തംബർ 3-ാം തീയതി 83-ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വളരെ ആത്മാർഥതയുള്ള കുടുംബത്തിൽപെട്ട ആളായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ, ഉബയ്ദുല്ലാഹ് ഖുറയ്ശി സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹം 1904 ലാണ് ബയ്അത്ത് ചെയ്തത്. അദ്ദേഹത്തിന്റെ ഭാര്യ അമത്തുൽ ഹമീദ് സാഹിബയുടെ പിതാമഹൻ ഹദ്റത്ത് ഖലീഫ നൂറുദ്ദീൻ സാഹിബും(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. ഖലീഫ നുറുദ്ദീൻ എന്നാണ് അദ്ദേഹത്തിന്റെ പേര്, ഇത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ അല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ), തന്റെ വിശ്രുത ഗ്രന്ഥമായ തുഹ്ഫയേ ഗോൾഡവിയയിൽ കശ്മീർ ശ്രീനഗറിലെ ഖാൻയാർ തെരുവിലുള്ള ഈസാ നബിയുടെ ഖബ്ർ സംബന്ധിച്ച് ഗവേഷണത്തിൽ ഇദ്ദേഹത്തിന്റെ സേവനത്തെ പ്രത്യേകം എടുത്ത് പറഞ്ഞിട്ടുണ്ട്.

സഫ്ർ ഇഖ്ബാൽഖുറയ്ശി സാഹിബ് തന്റെ ആരംഭകാല വിദ്യാഭ്യാസം അമൃതസറിൽ നിന്നാണ് കരസ്ഥമാക്കിയത്. ഇന്തോപാക് വിഭജനമുണ്ടായപ്പോൾ അദ്ദേഹം പിണ്ടിയിൽവന്നു. ഇവിടെനിന്നാണ് മെട്രിക് ചെയ്തത്. തുടർന്ന് എഞ്ചിനീയറിംഗ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡിഗ്രി എടുത്ത് സർക്കാർ സർവീസിൽ ചേർന്നു. പിന്നെ യൂനാനിൽ നിന്ന് എം.എസ്.സി പാസായി. 94ൽ ചീഫ് എഞ്ചിനീയറായിരുന്നു. ടെക്സലിൽ 94 ൽ ചീഫ് എന്ന തസ്തികയിലാണ് റിട്ടയർഡ് ആയത്. തുടർന്ന് ഇസ്‌ലാമാബാദിലേക്ക് മാറുകയും അവിടെ വിവിധ ജമാഅത്തീ സേവനങ്ങൾ ചെയ്യുകയുമുണ്ടായി. 1998 ൽ നാഇബ് അമീറായി നിശ്ചയിക്കപ്പെട്ടു. ഈ അവസരത്തിൽ (ഇടക്ക്) ആക്ടിംഗ് അമീറും ആയിരുന്നു. വിവിധ സമയങ്ങളിൽ 2019 വരെ 21 വർഷത്തിലധികം നാഇബ് അമീറായി സേവനം ചെയ്തിട്ടുണ്ട്.

വാർധക്യത്തിൽ രോഗങ്ങൾ ഉണ്ടായിരുന്നെങ്കിലും കൃത്യമായി മസ്ജിദിൽ വരികയും ദൈനംദിന കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്തിരുന്നു. മിതഭാഷിയും നല്ല അഭിപ്രായം പറയുന്ന ആളുമായിരുന്നു. സംഘാടക രംഗത്തും നല്ല പരിചയമുണ്ടായിരുന്നു. നല്ല ശ്രദ്ധയോടെ, മുൻകരുതലോടെ സേവനം ചെയ്യുന്ന ആളും ജമാഅത്തീ സമ്പത്തിനെ പറ്റി വേദനയുള്ള ആളും അതിൽ ബോധ്യമുള്ള വ്യക്തിയും ആയിരുന്നു. ഞാൻ നാളിർ അഅ്‌ല ആയിരുന്നപ്പോൾ അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുണ്ട്. മാശാഅല്ലാഹ്, നിസ്വാർഥനും വിനയാന്വിതനും ആയിരുന്നു. തന്നെക്കാൾ പ്രായത്തിൽ വളരെ ചെറിയവരാണ് ഓഫീസർമാരെങ്കിലും പൂർണമായ അനുസരണം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തിൽ ഭാര്യ അമത്തുൽ ഹമീദ് സഫ്ർ സാഹിബയെ കൂടാതെ 4 പെൺമക്കളുമുണ്ട്. അമത്തുർറശീദ് സാഹിബ, ഡോ. സ്വദഫ് സഫ്ർ സാഹിബ, ശാസിയ ചൗദ്‌രി സാഹിബ, ആഇശ ത്വാരിഖ് സാഹിബ. ഒരാൾ കനഡയിലാണ് മറ്റെല്ലാവരും ലാഹോറിലുമാണ്.

മകൾ ആഇശ സഫ്ർ പറയുന്നു, ചെറുപ്പത്തിൽ സ്കൂളിൽ പോകാൻ തുടങ്ങിയപ്പോൾ വാർഷിക പരീക്ഷക്ക് മുമ്പേ എനിക്കുവേണ്ടി ഖലീഫത്തുൽ മസീഹിന് കത്തയച്ചിരുന്നു. പിന്നെ ക്ലാസിൽ സ്ഥാനങ്ങൾ കിട്ടി തുടങ്ങിയപ്പോൾ പരീക്ഷക്ക് മുമ്പേയും സ്ഥാനം കിട്ടുമ്പോൾ വീണ്ടും ഖലീഫത്തുൽ മസീഹിന് കത്തയച്ചിരുന്നു. അതിനുമറുപടി വരുമ്പോൾ അത് വായിച്ചു കേൾപ്പിച്ചിരുന്നു. വലുതായപ്പോൾ കത്തയക്കാൻ എന്നെ ഉപദേശിച്ചിരുന്നു. കത്തിന്റെ രൂപം എഴുതി തന്നിരുന്നു. അങ്ങനെ വളരെ സ്നേഹത്തോടെ ചെറുപ്രായത്തിൽത്തന്നെ എന്റെ മനസിൽ ഖിലാഫത്തിനോട് സ്നേഹവും അനുസരണത്തിനുള്ള ആവേശവും ഉറപ്പിക്കുകയുണ്ടായി. അല്ലാഹു അദ്ദേഹത്തോട് കരുണയോടേയും പൊറുമയോടേയും വർത്തിക്കുകയും ഉന്നത പദവികൾ നൽകുകയും ചെയ്യുമാറാകട്ടെ. സന്തപ്ത കുടുംബത്തിന് സഹനവും സമാധാനവും നൽകുമാറാകട്ടെ.

അടുത്ത ജനാസ കാബേനയുടെ ഓണറബിൾ ബാജാ കാട്ടേ സാഹിബ് ഓഫ് സെനഗലിന്റേതാണ്. അദ്ദേഹം 85-ാം വയസിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വളരെ ധൈര്യശാലിയും ആത്മാർഥതയുള്ള ആളും ഖിലാഫത്തിനോട് സ്നേഹമുള്ള ആളും ജമാത്തീ കാര്യങ്ങളിൽ അഭിമാനിയും സേവന തൽപരനും ത്യാഗ സന്നദ്ധനും അതിഥി സൽകാരപ്രിയനും ആയിരുന്നു. ഇതെല്ലാം അദ്ദേഹത്തിന്റെ പ്രകടമായ സവിശേഷതകളാണ്. ജമാഅത്തീ സംഘത്തിന്റെ ആതിഥേയത്വം വളരെ നല്ല രീതിയിൽ ചെയ്തിരുന്നു. ജമാഅത്തീ സംഘം അദ്ദേഹത്തിന്റെ റീജ്യണിൽ ആണെങ്കിൽ എപ്പോഴും അദ്ദേഹംതന്നെ ആതിഥേയനാകണമെന്ന് ആഗ്രഹിച്ചിരുന്നു. അതിഥികൾ പുറത്തുനിന്ന് എപ്പോഴെങ്കിലും ഭക്ഷണം കഴിച്ചാൽ എന്തുകൊണ്ട് തനിക്ക് അവസരം നൽകിയില്ല എന്ന് ചോദിച്ച് ദ്വേഷപ്പെടുമായിരുന്നു. അതിഥികൾക്ക് വേണ്ടി തന്റെ റൂം ഒഴിവാക്കുകയും എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുകയും ചെയ്തിരുന്നു.

സോഷ്യലിസ്റ്റ് പാർട്ടിയുടെ ഭാഗമായി തിരഞ്ഞെടുപ്പിൽ ഭാഗഭാക്കായി 18 വർഷംവരെ പാർലമെന്റ് മെമ്പറായിരുന്നു. അദ്ദേഹം വളരെ ആത്മാർഥതയും കൂറുമുള്ള അഹ്മദി ആയിരുന്നു. ജമാഅത്ത് രജിസ്ട്രേഡ് ആകുന്നതുവരേയും ജമാഅത്തീ സ്വത്തുക്കൾ ഇദ്ദേഹത്തിന്റെ പേരിലായിരുന്നു.

ഇൻചാർജ് മിഷണറി എഴുതുന്നു: ഞാൻ 2012 ലാണ് സെനിഗളിൽ വരുന്നത്. അതിനു ശേഷമാണ് ജമാഅത്ത് രജിസ്റ്റേർഡായത്. അന്ന് അദ്ദേഹം പറഞ്ഞിരുന്നു, ജീവിതത്തിന് ഒരു ഉറപ്പുമില്ല. എത്രയും വേഗം ജമാഅത്തീ സ്വത്തുക്കളുടെ ഈ അമാനത്ത്(വിശ്വസിച്ചേല്പിച്ച മുതൽ) ജമാഅത്തിന്റെ പേരിൽ ആക്കുക എന്ന്. പ്രയാസങ്ങൾ വരുമ്പോഴെല്ലാം മുൻപന്തിയിൽ നിന്നിരുന്നു. ഒരു മിഷണറിയേക്കാളും അധികം സേവനം ചെയ്തിരുന്നു. നീണ്ടകാലം ജമാഅത്തിന്റെ ടംബാകാൻഡാ റീജ്യണിൽ പ്രസിഡന്റായി സേവനം ചെയ്തിട്ടുണ്ട്. കേന്ദ്ര പ്രവർത്തക സമിതിയിൽ ഉമൂർ ഖാരിജ സെക്രട്ടറി ആയിരുന്നു. വഫാത്തിന് മുമ്പേ മൂന്ന് ഏക്കർ ഭൂമി ജമാഅത്തിന്റെ സ്ക്കൂളിനുവേണ്ടി നൽകുകയുണ്ടായി. അതുപോലെ മൂന്ന് ഏക്കർ ഭൂമി ജമാഅത്തിന്റെ റീജ്യണൽ മിഷൻ ഹൗസിനു വേണ്ടിയും വെച്ചിട്ടുണ്ട്. വഫാത്തിന് മുമ്പേ ആറ് ഏക്കറിന്റെ പ്രമാണങ്ങൾ നമ്മുടെ മുബല്ലിഗ് ഡേകുമീർ സാഹിബിനെ ഏൽപ്പിച്ചിട്ട് ജമാഅത്തിന്റെ ഈ അമാനത്ത് സൂക്ഷിക്കണെമെന്ന് പറഞ്ഞു. പിന്നെ പറയുന്നു, 'ഞാൻ ഗിനി കൊണാക്രി എന്ന സ്ഥലത്തേക്ക് പോകുകയാണ്. തിരിച്ചുവരാൻ കഴിയുമെന്ന് പ്രതീക്ഷയില്ല.'

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കാലം മുതൽ ഇവിടെ ജൽസയിലും വന്നിരുന്നു. അവസാന പ്രാവശ്യം 2019 ലെ ജൽസയിൽ പങ്കെടുത്തു. എന്നെ കാണുകയുണ്ടായി. അവിടെ പ്രാദേശിക അമീർ സാഹിബിനോട് പറഞ്ഞു, ജീവിതത്തിന് ഒരു ഉറപ്പുമില്ല. എന്റെ ആഗ്രഹം ഖലീഫയുടെ മുന്നിലിരുന്ന് അദ്ദേഹത്തെ കുറേനേരം കാണണമെന്നാണ്. അങ്ങനെ വന്നിരുന്നു. പിന്നെ മുലാഖാത്ത് സമയത്ത് പറഞ്ഞു, 'എന്റെ ആഗ്രഹം പൂർത്തിയായി.'

മൗലാനാ മുനവ്വർ ഖുർശിദ് സാഹിബ് പറയുന്നു: ഇദ്ദേഹം സെനഗലിൽ വളരെ സ്വീകാര്യനായ രാഷ്ട്രീയക്കാരനും സംഘാടകനുമായിരുന്നു. സെനഗലിലെ അറിയപ്പെടുന്ന താമ്പാകോണെ എന്ന സ്ഥലത്തെ ആളായിരുന്നു. രാഷ്ട്രീയ കുടുംബമായിരുന്നു. പ്രാഥമികമായി വിദ്യാഭ്യാസ രംഗവുമായിട്ടായിരുന്നു ബന്ധം. പിന്നീട് രാഷ്ട്രീയത്തിൽ വന്നു. 1995 ൽ നാഷണൽ അസംബ്ലി ഡപ്യൂട്ടി സ്പീക്കർ ഓണറിബിൾ ജഗ്ബീൻ സാഹിബ് മുഖേനയാണ് ജമാഅത്തിന്റെ സന്ദേശം കിട്ടിയത്. പിന്നെ വേഗംതന്നെ അല്ലാഹു അദ്ദേഹത്തിന്റെ മനസിലെ കുരുക്കുകൾ അഴിക്കുകയും തുടർന്ന് മന:സംതൃപ്തിയോടെ, നിറഞ്ഞ മനസുമായി ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും ചെയ്തു.

സെനഗലിൽ ആദ്യകാലത്ത് ബയ്അത്ത് ചെയ്തവരിൽ അധികവും ദിവസ വേതനത്തിൽ ജോലി ചെയ്യുന്നവരോ കൃഷിക്കാരോ ആയിരുന്നു. അവർ അവരുടെ അവസ്ഥ അനുസരിച്ച് സാമ്പത്തിക ത്യാഗം ചെയ്തിരുന്നു. ഇദ്ദേഹം ബയ്അത്ത് ചെയ്തപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എപ്പോഴും ഹൃദയവിശാലതയോടെ സാമ്പത്തിക ത്യാഗം ചെയ്തിരുന്നു.

വളരെ ധൈര്യശാലിയും കരുത്തുറ്റ അഹ്മദിയും ആയിരുന്നു. ദഅ്വത്തെ ഇലല്ലായിൽ ഒരു ഉന്മാദനെ പോലെ ആയിരുന്നു. കാണുന്നവർക്കെല്ലാം സന്ദേശം നൽകിയിരുന്നു. എത്രത്തോളമെന്നാൽ അവിടെ രാഷ്ട്രപതിക്കും ജമാഅത്തിനെ പരിചയപ്പെടുത്താൻ തൗഫീഖ് ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ സൗഹൃദവലയം വളരെ വിപുലമായിരുന്നു. കാണുന്നവർക്കെല്ലാം സന്ദേശം എത്തിക്കാൻ ശ്രമിച്ചിരുന്നു. എപ്പോഴും അദ്ദേഹത്തിന്റെ വാഹനത്തിൽ ജമാഅത്തീ സാഹിത്യങ്ങളും ബയ്അത്ത് ഫോറവും വെച്ചിരുന്നു. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കുകയും കരുണ കാണിക്കുകയും പദവികൾ ഉയർത്തുകയും അദ്ദേഹത്തിന്റെ തലമുറയ്ക്ക് അദ്ദേഹത്തിന്റെ ആത്മാർഥതയും കൂറും നിലനിറുത്താനും അഹ്മദികളല്ലാത്ത കുടുംബക്കാർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

അടുത്ത ജനാസ സുപ്രീം കോടതി അഭിഭാഷകനായിരുന്ന അഡ്വ. മുബശ്ശിർ ലത്വീഫ് സാഹിബിന്റേതാണ്; കനഡയിലായിരുന്നു. നേരത്തെ ലാഹോറിലായിരുന്നു. ഇദ്ദേഹം മെയ് 5ന് 85–ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന് അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ഖിലാഫത്തിനോടും നിസ്സീമമായ സ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ മാതാമഹൻ ശെയ്ഖ് മെഹർ അലി ശാഹ് സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത സുഹൃത്തായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇദ്ദേഹത്തിന്റെ ഹോശിയാർപൂരിലെ വസതിയിലാണ് തപോയജ്ഞത്തിൽ ഏർപ്പെട്ടത്. അതിന്നിടയിലാണ് അല്ലാഹു മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച മഹത്തായ പ്രവചനം നൽകിയത്.

17 വർഷം വരെ മുബശ്ശിർ ലത്വീഫ് സാഹിബ് ലാഹോറിലെ ഫയ്സൽ ടൗണിലെ ജമാഅത്ത് സ്വദ്റായിരുന്നു. പാക്കിസ്താനിലെ അഹ്മദീ അഭിഭാഷകരുടെ ടീമിൽ ഇദ്ദേഹവും ഉണ്ടായിരുന്നു. നിരവധി അസീറാനെ(തടവിൽ കഴിയുന്നവരെ)സേവിക്കാനും സഹായിക്കാനും കഴിഞ്ഞതിൽ അഭിമാനിച്ചിരുന്നു. 46 വർഷം പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ പാഠ്യപദ്ധതി വകുപ്പിൽ ജോലി ചെയ്തു. യൂണിവേഴ്സിറ്റി ലോ കോളേജിൽ പഠിപ്പിച്ചിട്ടുമുണ്ടായിരുന്നു. ലാഹോറിലെ മോഡൽ ടൗൺ മസ്ജീദിൽ ആക്രമണം നടന്നപ്പോൾ ഇദ്ദേഹവും അവിടെ ഉണ്ടായിരുന്നു. ഇദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹത്താൽ രക്ഷപ്പെട്ടു. എന്നാൽ, ഇദ്ദേഹത്തിന്റെ കനിഷ്ഠ സഹോദരൻ നഈം സാജിദ് സാഹിബ് സംഭവസ്ഥലത്തുതന്നെ ശഹീദായി. തുടർന്ന് ഇദ്ദേഹം കനഡയിലേക്ക് പോയി. നമസ്കാരത്തിലും നോമ്പിലും ശുഷ്കാന്തി ഉണ്ടായിരുന്നതോടൊപ്പം തഹജ്ജുദിലും വലിയ കൃത്യനിഷ്ഠയായിരുന്നു. വിശുദ്ധ ഖുർആനോട് നിസ്സീമമായ സ്നേഹമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെക്കൂടാതെ നിരവധി പേരക്കുട്ടികളുമുണ്ട്. ലാഹോർ അമീർ മലിക് ത്വാഹിർ സാഹിബ് എഴുതുന്നു: അഡ്വ. മുബശ്ശിർ ലത്വീഫ് സാഹിബ് യോഗ്യനും വിദ്യാസമ്പന്നനുമായ വക്കീൽ ആയിരുന്നു. അക്കാലത്ത് അദ്ദേഹം ഇവിടെനിന്ന് നിയമബിരുദമെടുത്തിട്ടുണ്ട്. നിയമ രംഗത്ത് അദ്ദേഹത്തിന് ഏറെ ആദരവുണ്ടായിരുന്നു. ജമാഅത്തീ കേസുകളിൽ 1984 ൽ നമ്മുടെ യുവാക്കൾക്കെതിരിൽ കലിമയുമായി ബന്ധപ്പെട്ട് കേസുണ്ടായപ്പോൾ, അദ്ദേഹത്തിന് സാധാരണ മജിസ്ട്രേറ്റിന്റെ കോടതിയിൽ ഹാജരാകേണ്ടി വന്നിരുന്നു. പൊതുവിൽ മുബശ്ശിർ സാഹിബ് ഹൈക്കോർട്ടിനു താഴെയുള്ള കോടതികളിൽ ഹാജരാകുമായിരുന്നില്ല. എന്നാൽ, ജമാഅത്തീ പ്രയോജനം മുൻനിറുത്തി മജ്സിട്രേറ്റിന് മുന്നിൽ ഹാജരാവുകയും ജമാഅത്തിനെ നിസ്വാർഥമായി സേവിക്കുകയും ചെയ്തിരുന്നു. വളരെ നല്ല നിയമോപദേശകനായിരുന്നു. പലരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായ മജിസ്ട്രേറ്റുമാരും ജഡ്ജിമാരും ആയിരുന്നെങ്കിലും അവർക്ക് മുന്നിൽ ഹാജരാവാൻ ഒരു സങ്കോചവും കാണിച്ചിരുന്നില്ല. പൊതുവിൽ ഹൈക്കോർട്ടിലേയും സുപ്രീംകോർട്ടിലേയും വക്കീൽമാർ മജിസ്ട്രേറ്റിനു മുന്നിൽ ഹാജറാകാറില്ല.

ജമാഅത്തിന്റെ നിയമോപദേശകൻ മുബാറക് ത്വാഹിർ സാഹിബ് പറയുന്നു: മുബശ്ശിർ ലതീഫ് സാഹിബ് 1974 മുതലാണ് ജമാഅത്തീ സേവനങ്ങൾ തുടങ്ങിയത്. അദ്ദേഹം സ്വമദാനി കമീഷനിൽ അനഹ്മദി വക്കീൽ ഇഅ്ജാസ് ഹുസയ്ൻ ബട്ടാലവിയെയും സഹായിച്ചിട്ടുണ്ട്. 84 ൽ ഓർഡിനൻസിനെതിരെ ശരീഅത്ത് കോടതിയിൽ കേസ് കോടുത്തപ്പോൾ പ്രസ്തുത പാനലിൽ മുബശ്ശിർ ലത്വീഫ് സാഹിബും ഉണ്ടായിരുന്നു. അവിടുത്തെ നിയമത്തിനുകീഴിൽ ഒന്നും സംഭവിക്കുകയില്ലെന്ന് അറിയുകയും ചെയ്യാമായിരുന്നു. എന്നിട്ടും അദ്ദേഹവും ടീമും വളരെ പ്രയത്നിച്ചിട്ടാണ് മുഴുവൻ കേസ്സും തയ്യാറാക്കിയത്. അല്ലാഹു അദ്ദേഹത്തിന് പൊറുത്ത് കൊടുക്കുകയു കരുണ ചൊരിയുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. സന്തപ്ത കുടുംബത്തിന് അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. അവർക്ക് സമാധാനം ലഭിക്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഇൻശാ അല്ലാഹ് ഇവരുടെയെല്ലാം ജനാസ നമസ്കാര ഉണ്ടായിരിക്കുന്നതാണ്.(വിവ: ശംസുദ്ദീൻ കാവശേരി, ടൈപ്പ് സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ)

# വിവാഹാവസരങ്ങളിലെ ധൂർത്തുകൾ അനുവദനീയമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിവാഹങ്ങളിൽ നൂറുക്കണക്കിന് രൂപ അനാവശ്യ ചെലവുണ്ടാക്കുന്നുവെന്നത് നമ്മുടെ ജനതയിലുള്ള ഒരു ദുരാചാരമാണ്. പൊങ്ങച്ചവും വലുപ്പത്തരവുമെന്ന നിലയിൽ ബന്ധുക്കളിൽ ഭക്ഷണം വിതരണം ചെയ്യുന്നതും, അതു കൊടുക്കുന്നതും തിന്നുന്നതും ഈ രണ്ടുകാര്യവും ശറഇയായി ഹറാമാണ്. അന്യായമായി പണം നഷ്ടപ്പെടുന്നു. പാപം തലയിൽ കയറുകയും ചെയ്യുന്നു." **(മൽഫൂദാത്ത് വാല്യം 5, പേജ് 49)**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിവാഹാവസരങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണം മറ്റുള്ളവരിൽ തങ്ങളുടെ പൊങ്ങച്ചവും വലുപ്പത്തരവും പ്രകടിപ്പിക്കുക എന്നതാണുദ്ദേശ്യമെങ്കിൽ അത് പ്രദർശനപരതയ്ക്കും അഹങ്കാരത്തിനുമായിരിക്കും. അതുകൊണ്ട് അത് ഹറാമാണ്...... മറ്റുള്ളവരോടു നല്ല രീതിയിൽ പെരുമാറാനാണെങ്കിൽ ഹറാമല്ല. യഥാർഥ ഉദ്ദേശ്യം നിയ്യത്താണ്. നിയ്യത്ത് മോശവും ദുഷിച്ചതുമാണെങ്കിൽ അനുവദനീയവും ഹലാലുമായ ഒരു കാര്യത്തെപ്പോലും ഹറാമാക്കിക്കളയുന്നു.........ഏതെങ്കിലും വ്യക്തി ചീരണി തുടങ്ങിയവ വിതരണം ചെയ്യുന്നത് പരസ്പരബന്ധം ഉറയ്ക്കാനാണെങ്കിൽ അത് പാപമല്ല. പക്ഷേ, ആ വിചാരമല്ലാതെ പ്രസിദ്ധിയും പൊങ്ങച്ചവുമാണ് ഉദ്ദേശ്യമെങ്കിൽ അപ്പോൾ അത് അനുവദനീയമല്ല."**(മൽഫൂദാത്ത് വാല്യം 2, പേജ് 389–394)**

**(ഇൻചാർജ് ശുഅ്ബ രശ്ത നാത്വ, നല്ലാറത്ത് ഇസ്വ്ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)**



(പേജ് 2ൽനിന്ന്)

ഇവർ ചെയ്യുന്നു. ഇതവരുടെ ചുമതലയാണ്.

**തുർക്കി ഡസ്ക്:** ഇവിടേയും നടപ്പുവർഷം ഏകദേശം 18, 19 ഗ്രന്ഥങ്ങളുടെ തർജമകൾ പുനഃപരിശോധിച്ച് പ്രസിദ്ധീകരണത്തിന് തയ്യാറാക്കപ്പെട്ടു. ഇപ്പോൾ ദൈവകൃപയാൽ എത്രയുംവേഗം പ്രസിദ്ധീകരിച്ചുവരുന്നതാണ്. എം.ടി.എ യിൽ സംപ്രേഷണം ചെയ്യുന്നതിന് തുർക്കി ഭാഷയിൽ നടപ്പുവർഷം 43 പരിപാടികൾ റെക്കോർഡ് ചെയ്തു. തുർക്കി ത്രൈമാസിക 'മഅ്നവിയാത്ത്' ജർമനിയിൽനിന്ന് കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു. ജർമനിയിൽ താമസിക്കുന്ന മുറബ്ബിമാരെക്കൊണ്ട് ഓരോ ആഴ്ചയിലും ചോദ്യോത്തരം അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ ആശയപ്രകടനം തുടങ്ങിയ തുർക്കി പ്രോഗ്രാം റെക്കോർഡ് ചെയ്യപ്പെടുന്നു. അത് പിന്നീട് ഇന്റർനെറ്റിലും അവതരിപ്പിക്കുന്നു. കുട്ടികളുടെ തർബിയ്യത്തിനുവേണ്ടി ഇന്റർനെറ്റിൽ ചോദ്യോത്തരത്തിന്റെ ദീനീ പരിപാടി അവതരിപ്പിക്കുന്നു. ഇതിൽ തുർക്കി അഹ്മദി ആൺകുട്ടികളും പെൺകുട്ടികളും പങ്കെടുക്കുന്നു.

**റഷ്യൻ ഡസ്ക്:** എല്ലാ ജുമുഅ ഖുത്ബകളും മറ്റു പ്രഭാഷണങ്ങളും തർജമ ചെയ്യുന്ന ജോലി ഇവരിൽ നിക്ഷിപ്തമാണ്. വളരെ നല്ല രീതിയിൽ ഇവർ തർജമ ചെയ്യുന്നു. തർജമ ചെയ്യുന്നവരിൽ ഭാഷ പഠിച്ച നമ്മുടെ പാക്കിസ്താനീ മുറബ്ബിമാരും അവർക്കു പുറമെ റഷ്യക്കാരിൽനിന്ന് ഏമേൽ സാഹിബ്, ദാമീർ സ്വഫിയുല്ലാഹ് സാഹിബ് എന്നിവരും പങ്കെടുക്കുന്നു. അവരുടെ തർജമകളുടെ ചെക്കിംഗ് റുസ്തം ഹമ്മാദ വലിയ്യ് സാഹിബ് നിർവ്വഹിക്കുന്നു. നമ്മുടെ മുഅല്ലിമാണ്. ജുമുഅ ഖുത്ബ ആഴ്ചയിൽ രണ്ടുതവണ തിങ്കളാഴ്ചയും വ്യാഴാഴ്ചയും എം.ടി.എയിൽ തർജമയോടുകൂടി സംപ്രേഷണം ചെയ്യുന്നു. ഇതിനു പുറമെ യൂട്യൂബ്, റൂട്യൂബിലും സംപ്രേഷണം ചെയ്യുന്നു. നടപ്പുവർഷം ട്യൂബിൽ മാത്രം 57000 ആളുകൾ ജുമുഅ ഖുത്ബകേട്ടു.

റഷ്യൻ, അസ്ബക്, ഖാസിഖ്, ഖർഗസ്, താജിക് ഭാഷകളിൽ കിട്ടുന്ന കത്തുകൾക്കും മറുപടി നല്കുന്നു. വിശുദ്ധഖുർആന്റെ റഷ്യൻ തർജമയുടെ നാലാമതു പതിപ്പിന്റെ പുനഃപരിശോധനയും പ്രൂഫ് റീഡിംഗിന്റെയും ജോലി നടന്നുവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൽഫൂദാത്തിന്റെ 10 വാള്യങ്ങളുടെ തർജമ പൂർത്തിയായി കഴിഞ്ഞു. പുനഃപരിശോധനയും പ്രൂഫ് റീഡിംഗും നടന്നുവരുന്നു. റഷ്യൻ വെബ്സൈറ്റുണ്ട്. 2013ലാണ് റഷ്യൻ ഭാഷയിൽ ജമാഅത്തീ വെബ്സൈറ്റ് ആരംഭിച്ചത്. എല്ലാ ജുമുഅ ഖുത്ബകളുടെയും മറ്റു പ്രഭാഷണങ്ങളുടെയും റഷ്യൻ തർജമ പതിവായി അപ്‌ലോഡ് ചെയ്യപ്പെടുന്നു. അതുപോലെതന്നെ റഷ്യൻ തർജമയിൽ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങളും അതോടൊപ്പം അപ്‌ലോഡ് ചെയ്യുന്നു. നടപ്പുവർഷം പതിനായിരത്തിലേറെ സന്ദർശകർ ഈ വെബ്സൈറ്റ് സന്ദർശിച്ചിട്ടുണ്ട്. ഫെയ്സ് ബുക്കിലും ഇൻസ്റ്റാഗ്രാമിലും 1.5 മില്യണിലധികം ആളുകൾ സന്ദർശിച്ചു. അസ്ബഖ് വെബ്സൈറ്റുണ്ട്. അതിലും ജുമുഅ ഖുത്ബയും പ്രഭാഷണങ്ങളും അപ്‌ലോഡ് ചെയ്യപ്പെട്ടു. ജമാഅത്തി പരിപാടികളിലെ മറ്റു ചില പ്രഭാഷണങ്ങൾ എന്റെയോ മറ്റുള്ളവരുടെയോ ഇതിനു പുറമെയാണ്. ഖർഗസ് ഭാഷയിൽ ജമാഅത്തി വെബ്സൈറ്റുണ്ട്. ഈ വെബ്സൈറ്റ് മുഖേന ഖർഗിസ്താനിലും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഖർഗിസ് ജനതയ്ക്കും വേണ്ടി ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സന്ദേശം എത്തിച്ചുകൊണ്ടിരിക്കുന്നു. നടപ്പുവർഷം രണ്ടു ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തിലധികം ആളുകൾ ഈ വെബ്സൈറ്റ് സന്ദർശിക്കുകയുണ്ടായി. ഈ വെബ്സൈറ്റിൽ ലഭ്യമാക്കപ്പെട്ടിട്ടുള്ള ചില വിഷയങ്ങളിൽ വിശുദ്ധഖുർആനിന്റെ 30 ജുസുവിന്റെ പാരായണം തർജമയോടുകൂടിയും അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മറ്റു ധാരാളം സാഹിത്യങ്ങളുണ്ട്.

**ബംഗ്ല ഡസ്ക്:** എം.ടി.എയിൽ 40 മണിക്കൂർ ബംഗ്ലാ തൽസമയ പരിപാടി അവതരിപ്പിക്കപ്പെടുന്നു. അവ മുഖേന ഈ പരിപാടിയുടെ ഫലമായി ബംഗ്ലാദേശിലും പശ്ചിമബംഗാളിലും 69 ബയ്അത്തുകൾ നടന്നു. വിശുദ്ധഖുർആന്റെ ബംഗ്ല തർജമയുടെ പുനഃപരിശോധന നടന്നുവരികയാണ്. ഇപ്പോൾ 25-ാമത്തെ ജുസുവിന്റെ പരിശോധനയാണ് നടക്കുന്നത്. ഇതിനുപുറമെ മറ്റു ഒരുപാട് ജോലികളും ബംഗ്ല ഡസ്ക് ചെയ്തുവരുന്നുണ്ട്.

**ചീനീ ഡസ്ക്:** ചീനീ ഡസ്ക് ഈ വർഷം Life of Muhammad, Ten Proofs for the Existence of God എന്നീ ഗ്രന്ഥങ്ങളുടെ തർജമ പൂർത്തിയാക്കി. ഇതിനു പുറമെ വിവിധ ഗ്രന്ഥങ്ങളുമുണ്ട്. ഇവയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഗ്രന്ഥങ്ങളുമുണ്ട്. മറ്റു സാഹിത്യങ്ങളുമുണ്ട്. അതും ഏകദേശം തയ്യാറായിട്ടുണ്ട്. പ്രസിദ്ധീകരണത്തിന് അയക്കുന്നതായിരിക്കും.

**ഇന്തൊനേഷ്യൻ ഡസ്ക്:** ഇന്തൊനേഷ്യൻ ഭാഷയിലും ഇപ്പോൾ ജുമുഅ ഖുത്ബ തത്സമയ സംപ്രേഷണം നടക്കുന്നു. ഈ ഡസ്ക് തുടങ്ങിയതു മുതൽ ഇതിനു പുറമെ നടപ്പുവർഷം 220 പരിപാടികളുടെ തർജമ നടന്നു. നടപ്പുവർഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെയും മറ്റു ഗ്രന്ഥങ്ങളുടെയും തർജമ നടന്നു. ഇത്മാമുൽ ഹുജ്ജ, സിറാജുമുനീർ, മൽഫൂദാത്ത് വാള്യം 2, സച്ചായി കാ ഇള്ഹാർ, ഇതിനു പുറമെ ധാരാളം ഗ്രന്ഥങ്ങളുമുണ്ട്.

**സവാഹിലി ഡസ്ക്:** ഇവിടെ യു.കെയിൽ ഇതിന്റേയും സ്ഥാപനം നിലവിൽ വന്നുകഴിഞ്ഞു. എം.ടി.എ ആഫ്രിക്കയിൽ സംപ്രേഷണം ചെയ്യപ്പെടുന്ന എല്ലാ പരിപാടികളുടെയും തർജമ സവാഹിലി ഭാഷയിൽ ചെയ്യപ്പെടുന്നു. എം.ടി.എ ആഫ്രിക്കയ്ക്കുവേണ്ടി വിശുദ്ധഖുർആന്റെ സവാഹിലി തർജമ റെക്കോർഡ് ചെയ്തുവരികയാണ്. നടപ്പുവർഷം 15 ജുസുവിന്റെ തർജമ പൂർത്തിയായി. ഇതിനു പുറമെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ തർജമയും നടന്നുവരുന്നു.

**സ്പാനിഷ് ഡസ്ക്:** കേന്ദ്ര സ്പാനിഷ് ഡസ്കിന്റെ രൂപീകരണം ഉണ്ടായതു മുതൽ ഈ സ്പെയിനിൽതന്നെയാണ് സ്ഥാപിച്ചിട്ടുള്ളത്. അവിടെനിന്ന് നേരിട്ട് കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ ഇവർ ജോലിചെയ്തുവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഗ്രന്ഥങ്ങളുടെ തർജമകളുടെ ജോലി അവർ പൂർത്തിയാക്കി. ഇൻശാഅല്ലാഹ് പ്രസിദ്ധീകരണത്തിന് എത്രയുംവേഗം അയക്കുന്നതായിരിക്കും. ഇതിനുപുറമെ, ഒരുപാട് ജോലികൾ അവർ ചെയ്തിട്ടുണ്ട്. വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്നു. സ്പാനിഷ് വെബ്സൈറ്റും സോഷ്യൽമീഡിയായയും മാസം 22000 ആളുകൾ ഈയിടെയായി സന്ദർശിക്കുന്നുണ്ട്. റമളാൻ മാസത്തിൽ ഈ എണ്ണം 42000 ആയിരുന്നു. ഇതിനുപുറമെ ഫെയ്സ്ബുക്കിൽ പല ആർട്ടിക്കുകളും എഴുതപ്പെട്ടു. അവ മുഖേന ആയിരക്കണക്കിന് സ്പാനിഷുകാരിലേക്ക് സന്ദേശമെത്തി. വിവിധ വിഷയങ്ങളിൽ ഹ്രസ്വമായ വീഡിയോ ഉണ്ടാക്കിയും വെബ്സൈറ്റിൽ ഇട്ടു. അതുമുഖേന ബന്ധങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബ്രസീലിൽനിന്ന് ഒരു സുഹൃത്ത് വെബ്സൈറ്റു മുഖേന ബന്ധപ്പെടുകയും പിന്നീട് ബയ്അത്തും ചെയ്തു. ഇപ്രകാരം തന്നെ അർജന്റിയനിലെ ഒരു ജേർണലിസ്റ്റും ബന്ധപ്പെടുകയും ഇദ്ദേഹം പിന്നീട് പത്രത്തിൽ ജമാഅത്തിനെ ഉദ്ധരിച്ച് നല്ലൊരു ആർട്ടിക്കിൾ എഴുതുകയും ചെയ്തു.

**തഹ്‌രീക്കെ വഖ്ഫെ നൗ:** ഇതിന്റെ ഓഫീസും ഒരുപാട് ഓർഗനൈസായി കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ കൃപയാൽ ലോകം മുഴുവൻ വഖ്ഫെ നൗഇന്റെ മൊത്തം അംഗങ്ങൾ 72932 ആണ്. 43281 ആൺകുട്ടികളും 27994 പെൺകുട്ടികളും. ഈ വർഷം പുതിയതായി ചേർന്ന് വഖ്ഫെ നൗഇന്റെ എണ്ണം 3994 ആണ്. 15 വയസ്സിനുമുകളിലുള്ള വഖ്ഫെനൗഇന്റെ എണ്ണം 32319 ആണ്. അതിൽ 20920 ആൺകുട്ടികളും 11399 പെൺകുട്ടികളുമാണ്. ഈ റിപ്പോർട്ടനുസരിച്ച് തജ്ദീദ് വഖ്ഫെ നൗ ചെയ്ത, ഫോറം ലഭിച്ച കുട്ടികളുടെ മൊത്തം എണ്ണം പതിനഞ്ചായിരത്തിലധികമാണ്. വലിയ രാജ്യങ്ങളിൽ പാക്കിസ്താനിൽ മുപ്പത്തിനാലായിരത്തിലധികവും ജർമനിയിൽ ഒമ്പതിനായിരത്തിലധികവും യു.കെയിൽ ആറായിരത്തിലധികവും ഇന്ത്യയിൽ നാലായിരത്തിലധികവും കനഡയിൽ നാലായിരത്തിലധികവും വഖ്ഫെ നൗ കുട്ടികളുണ്ട്. ഇതിനുപുറമെ എല്ല രാജ്യങ്ങളിലും വഖ്ഫെ നൗ കുട്ടികളുണ്ട്. വലിയ സംഖ്യ ഞാൻ പറഞ്ഞുവെന്നേയുള്ളു.

**ഇസ്ലാം വെബ്സൈറ്റ്:** ഈ നേരത്ത് 310 ഇംഗ്ലീഷ് പുസ്തകങ്ങളും ആയിരം ഉർദു ഗ്രന്ഥങ്ങളും വെബ്സൈറ്റിൽ ഇട്ടു കഴിഞ്ഞിരിക്കുന്നു. നടപ്പു വർഷം 12 പുതിയ ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ ആപ്പിൾ(Apple) ഗൂഗിൽ(Google)ആമസോൺ(Amazone)എന്നിവയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇപ്രകാരം ഈ പ്ലാറ്റുഫോമിൽ നിലവിലുള്ള ഗ്രന്ഥങ്ങളുടെ എണ്ണം 66 ആയിക്കഴിഞ്ഞു. എന്തായാലും ധാരാളം അടിസ്ഥാന ഗ്രന്ഥങ്ങൾ 'അൽഇസ്ലാമിൽ' ഇടപ്പെട്ടിരിക്കുന്നു. അവരുടെ ടീം വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്നു. ഭൂരിഭാഗം പ്രവർത്തകരും സന്നദ്ധസേവകർതന്നെയാണ്. എന്തെങ്കിലുമൊക്കെ പുതിയ പരിപാടികൾ സന്ദർഭോചിതം ഇവർ പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

**റിവ്യൂ ഓഫ് റിലീജ്യൺസ്:** ഹദ്റത്ത് മസീഹ് മൗഊദ്(അ)ആണ് ഈ മാസിക ആരംഭിച്ചത്. ആദ്യ ലക്കം 1902 ജനുവരിയിൽ പ്രസിദ്ധീകരിച്ചു. ദൈവകൃപയാൽ ഈ മാസിക തുടങ്ങിയിട്ട് ഇപ്പോൾ 118 വർഷമായി. ഈ മാസിക ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ ഭാഷകളിൽ ഇപ്പോൾ പ്രസിദ്ധീകരിച്ചു വരുന്നു. എല്ലാ ഓരോ ഭാഷയിലും റിവ്യൂവിന് വെബ്സൈറ്റും സോഷ്യൽമീഡിയ ചാനലുകളുമുണ്ട്. ഇംഗ്ലീഷ് മാസിക മാസന്തോറും പ്രസിദ്ധീകരിച്ചുവരുന്നു. മറ്റു ഭാഷകളിൽ ത്രൈമാസികയായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. റിവ്യൂ ഓഫ് റിലീജ്യൺസ് ഇംഗ്ലീഷ് സംസാരിക്കുന്ന ആളുകൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിക്കുന്നതിൽ വളരെ വലിയ പങ്കാണ് വഹിക്കുന്നത്. ഇപ്രകാരംതന്നെ ജർ

## തിരുനബിയുടെ തിരുമൊഴികൾ:

**"അനസ് ബിൻ മാലിക്(റ)നിവേദനം. ഒരിക്കൽ നബി കുതിരപ്പുറത്തുനിന്നു വീണു. അവിടത്തെ വലതുഭാഗത്ത് പോറലേറ്റു. ഞങ്ങൾ സന്ദർശിക്കാൻ ചെന്നു. അപ്പോൾ നമസ്കാരത്തിന് സമയമായി. അവിടന്ന് ഇരുന്നുകൊണ്ട് നമസ്കരിപ്പിച്ചു. നബിയെ പിന്തുടർന്ന് ഇരുന്നുകൊണ്ടുതന്നെ ഞങ്ങളും നമസ്കരിച്ചു."(മുസ്‌ലിം, ഹദീഥ് 276)**

ത്വാലിബെ ദുആ
K.Muhammad Shareef &Family ,Ahmadiyya Jama-ath Vaniyambalam, Kerala

മൻ, സ്പാനിഷ് ആളുകളിലും ഇപ്പോൾ ഈ സന്ദേശം എത്തിക്കൊണ്ടിരിക്കുന്നു.

സോഷ്യൽമീഡിയ മുഖേന റിവ്യൂ ഓഫ് റിലീജ്യൺസ് വലിയ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. അതിൽ ടിട്ടർ(Twitter)ഫെയ്സ് ബുക്(Facebook)ഇൻസ്റ്റാഗ്രാം(Instagram)എന്നിവ പെടുന്നു. കഴിഞ്ഞ് വർഷം 5 മില്യണിലധികം ആളുകൾ ഇതു പ്രയോജനപ്പെടുത്തി. സോഷ്യൽമീഡിയായിൽ  ഈ വർഷം പുതിയ സ്കീം അനുസരിച്ച് ഓരോ ദിവസവും അല്ലെങ്കിൽ ഓരോ രണ്ടുദിവസം കൂടുമ്പോൾ ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. ലോക്ഡൗണിന്നിടയിൽ, ഈ രോഗത്തിന്റെ ലോക്ഡൗണിന്നിടയിൽ ഓൺലൈൻ ലേഖനങ്ങൾ വായിക്കുന്നതിലേക്ക് ജനങ്ങളുടെ ശ്രദ്ധ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് കൗതുകകരമായ കാര്യമാണ്. ഈ കാലയളവിൽ 120 ലേഖനങ്ങളാണ് ഓൺലൈൻ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

റിവ്യൂ ഓഫ് റിലീജ്യൺസിന് ഒരു ഓൺലൈൻ ചാനലുണ്ട്. ഇത് 70000 പേർ സബ്സ്ക്രൈബ് (subscribe) ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം മാത്രം നമ്മുടെ വീഡിയോകൾ 1.7 മില്യൺ തവണ കാണപ്പെട്ടു.

**അൽഫള്ൽ ഇന്റർ നാഷണൽ:** 1994 ൽ വീക്കിലി എന്ന നിലയിലാണ് ഇതു തുടങ്ങിയത്. ഇപ്പോൾ ദൈവകൃപയാൽ 2019 മെയ് 27 മുതൽ ദ്വൈവാരികയായി വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും പ്രസിദ്ധീകരിച്ചുവരുന്നു. കെട്ടിലും മട്ടിലും വളരെ മനോഹരമായ നിലയിലാണ് ഇതിന്റെ ലക്കങ്ങൾ ഇറങ്ങുന്നത്.

**അൽഹക്കം ഇംഗ്ലീഷ്:** ഈ വീക്കിലി പതിവായി ഇറങ്ങിക്കൊണ്ടിരിക്കുന്നു. കൊറോണ വൈറസ് നിമിത്തം ലോക്ഡൗണിന്റെ കാലത്ത് അൽഹക്കം വായനക്കാരിൽ വമ്പിച്ച വർധനയുണ്ടായിട്ടുണ്ട്.

**പത്രങ്ങളിൽ വന്നിട്ടുള്ള ജമാഅത്തുപരമാ യ വാർത്തകളുടേയും ലേഖനങ്ങളുടേയും റിപ്പോർട്ട്:** ലോത്തിലെ മറ്റു വിവിധ പത്രങ്ങളിൽ ജമാഅത്തിന്റെ വാർത്തകളും ആർട്ടിക്കിളുകളും പ്രസിദ്ധീകരിച്ചു വന്നിട്ടുണ്ട്. അല്ലാഹു, തന്റെ കൃപയാൽ സ്വീകാരത്തിന്റെ പ്രത്യേകമായ കാറ്റു വീശിയിരിക്കുന്നു. വൻതോതിൽ മാധ്യമങ്ങളുടെ ശ്രദ്ധ ജമാഅത്തിലേക്ക് തിരിഞ്ഞു. മൊത്തത്തിൽ 2544 പത്രങ്ങൾ 12453 ജമാഅത്തുപരമായ ലേഖനങ്ങളും ആർട്ടിക്കുകളും വാർത്തകൾ തുടങ്ങിയവയും പ്രസിദ്ധീകരിച്ചു. ഈ പത്രങ്ങളുടെ വായനക്കാർ മൊത്തം 52 കോടിയിലധികമാണ്.

**പ്രസ്സം മീഡിയാ ഓഫീസും:** നടപ്പു വർഷം അല്ലാഹുവിന്റെ കൃപയാൽ പ്രസ്സ് & മീഡിയാ ടീമിന് ധാരാളം പ്രൊജക്റ്റുകളിൽ പണിയെടുക്കാൻ തൗഫീഖ് കിട്ടി. ഇതുമുഖേന വലിയ തോതിൽ സന്ദേശമെത്തി. വിവിധ വിഷയങ്ങളിൽ പോസ്റ്റുകൾ ഷെയർ ചെയ്യപ്പെട്ടു. ഇവ മുഖേന 31 ലക്ഷത്തിലധികം ആളുകൾക്കാണ് സന്ദേമെത്തിയത്. പ്രസ്സ് & മീഡിയാ ടീം ധാരാളം പത്രപ്രവർത്തകരെ മസ്ജിദിലേക്ക് ക്ഷണിച്ചു. നടപ്പു വർഷം ചില പ്രസിദ്ധരായ പത്രപ്രവർത്തകർ ഉൾപ്പെടെ ഏകദേശം 100 പത്ര പ്രവർത്തകർ മസ്ജിദ് സന്ദർശിച്ചു.

ഭാരതത്തിലെ പ്രസ്സ് & മീഡിയാ വകുപ്പ് കൊറോണയെ കുറിച്ച് എല്ലാ വിഷയങ്ങളെയും ഉൾക്കൊള്ളിച്ച് ഒരു ലേഖനം പ്രസിദ്ധീകരിക്കുകയും മാധ്യമപ്രവർത്തകരിൽ അത് പ്രചരിപ്പിക്കുകയും ചെയ്തു. ഇതിനെ നിരീക്ഷിച്ചുകൊണ്ട് അഡ്വക്കേറ്റ് കൗശൽ സാഹിബ് എഴുതി: ഈ ലേഖനം വായിച്ചതിനുശേഷം നിളാമുദ്ദീനിലുണ്ടായ സംഭവത്തിൽ(അവിടെ ഒരു സ്ഥലത്ത് തബ്ലീഗ് ജമാഅത്തിന്റെ സംഭവമുണ്ടായിരുന്നു. അതിനെ തുടർന്ന് ഇന്ത്യയിൽ വലിയ കോലാഹലമാണുണ്ടായത്) ഇസ്ലാമിനോ അഹ്മദിയ്യാ ജമാഅത്തിനോ എന്തെങ്കിലും ബന്ധമുണ്ടെന്ന് ആർക്കും പറയാൻ കഴിയുകയില്ല. ഇതു വാസ്തവത്തിൽ ജനങ്ങളുടെ അശ്രദ്ധയും ചിന്തയിലുണ്ടായ അബദ്ധവുമാണ്. ഇസ്ലാം ആരംഭംമുതൽത്തന്നെ പകർച്ചവ്യാധികളിൽനിന്നു രക്ഷപ്പെടാൻ പറഞ്ഞുകൊണ്ടിരുന്നതാണ്. പിന്നീട് പറയുന്നു, 'നിങ്ങളുടെ ലേഖനം വളരെ നല്ലതാണ്. കൃത്യസമയത്ത് സന്ദർഭത്തിനും സാഹചര്യത്തിനും അനുസരിച്ചാണ് നിങ്ങൾ ഈ ലേഖനം പ്രസിദ്ധീകരിച്ചത്.' അതിന് സൽഫലം പ്രകടമാകട്ടെ എന്ന് അദ്ദേഹം ആശിക്കുകയും ചെയ്തു.

**മഖ്സനെ തസ്വീർ വകുപ്പ്:** ത്വാഹിർ ഹൗസിലാണ് ഇതിന്റെ ഓഫീസും എക്സിബിഷനുമുള്ളത്. എത്രത്തോളം അവിടെ സന്ദർശനം ഉണ്ടാകണമോ എന്റെ റിപ്പോർട്ടനസരിച്ച് അവിടെ ഉണ്ടായിട്ടില്ല. അതു കൂടുതൽ കൂടുതൽ കാണേണ്ടതാണ്. ഇപ്പോഴത്തെ അവസ്ഥ അറിയാം. പക്ഷേ, സാധാരണ അവസ്ഥകളിൽ സന്ദർശനം നടക്കേണ്ടതാണ്. അതുമുഖേന ആളുകൾക്ക് ജമാഅത്തിന്റെ ചരിത്രം അറിയാൻ കഴിയുന്നു. നടപ്പു വർഷം ഏകദേശം 25 രാജ്യങ്ങളിൽനിന്ന് 913ലധികം ആളുകളാണ് എക്സിബിഷൻ കണ്ടിട്ടുള്ളത്. ഇത് വളരെ നിസാരമാണ്. അതിന്റെ ചിത്രപ്രദർശനം ഇപ്പോൾ പതിവായി അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ട്.

**അഹ്മദിയ്യ Archives&റിസർച്ച് സെന്റർ:** ഈ വകുപ്പിന് കീഴിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ), അഹ്മദിയ്യാ ഖലീഫമാർ തുടങ്ങിയവരുടെ 'തബർറുക്കാത്തു'കൾ സംരക്ഷിക്കുന്നതിനുള്ള ജോലികൾ നടന്നു വരുന്നു. ജമാഅത്തിനെ കുറിച്ച് റിസർച്ച് ചെയ്യുന്ന പാശ്ചാത്യ ഗവേഷകന്മാർ അവരുമായി ബന്ധപ്പെട്ടുവരുന്നു. അവർക്ക് യാഥാർഥ്യത്തിലധിഷ്ഠിതമായ വിവരങ്ങൾ നല്കപ്പെടുന്നു. ഇപ്രകാരംതന്നെ ജമാഅത്തിന്റെ ചരിത്രപരമായ രേഖകളിൽനിന്ന് ബന്ധപ്പെട്ട അടിസ്ഥാനപരമായ വിഷയങ്ങളിലേക്ക് അവർക്ക് മാർഗദർശനം നല്കുന്നു. വളരെ നല്ല പ്രവർത്തനമാണ് നടക്കുന്നത്. ധാരാളം രേഖകൾ അവർ സമാഹരിച്ചിട്ടുണ്ട്.

**എം.ടി.എ ആഫ്രിക്ക:** 2016 ലാണ് എം.ടി.എ ആഫ്രിക്ക തുടങ്ങിയത്. ദൈവകൃപയാൽ അതിന്റെ പ്രവർത്തനം ഇന്ന് വളരെ വിപുലമായിട്ടുണ്ട്. ഇതുമുഖേന ദൂരദൂര പ്രദേശങ്ങളിൽ തദ്ദേശ ഭാഷകളിൽ സന്ദേശം എത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ എം.ടി.എ ആഫ്രിക്കയുടെ രണ്ടു ചാനലുകൾ വിവിധ ഭാഷകളിൽ 24 മണിക്കൂറും സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നു. നടപ്പു വർഷം വിവിധ സ്റ്റുഡിയോകളിൽ യോറോബ, ഹാവുസാ, ചോയി, സവാഹീലി, ഫ്രഞ്ച്, കരിയോൽ ഭാഷകളിൽ 600 ലേറെ പരിപാടികൾ തയ്യാറാക്കപ്പെട്ടു. ഘാനയിലും വളരെ നല്ല സ്റ്റുഡിയോ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. 'വഹാബ് ആദം' സ്റ്റുഡിയോ എന്നാണ് ഇതിന്റെ പേര്. ധാരാളം തൽസമയ പരിപാടികൾ സംപ്രേഷണം ചെയ്തു. ആഫ്രിക്കയിൽ ആദ്യമായി ഖുർആൻ പാരായണ മത്സരം സംപ്രേഷണം  ആദം സ്റ്റുഡിയോയിൽ നിന്നായിരുന്നു.

ഗാംബിയായിൽ ടി.വി ചാനലിന്റേയും സ്റ്റുഡിയോയുടേയും പണി പൂർത്തിയായി. നടപ്പുവർഷം എം.ടി.എ ആഫ്രിക്ക ഗാംബിയായിൽ ഒരു സ്റ്റുഡിയോയുടെ ജോലി പൂർത്തിയാക്കി. ഇവിടെനിന്ന് ഒരു ചാനൽ മുഖേന 24 മണിക്കൂറും പരിപാടികൾ സംപ്രേഷണം ചെയ്യപ്പെടുന്നു. ധാരാളം രാഷ്ട്രീയക്കാരും വിദ്യാസമ്പന്നരും ഗാംബിയായിൽ എം.ടി.എ പ്രത്യേക കാണുന്നു.

മുബല്ലിഗ് ഇൻചാർജ് കാമറൂൺ എഴുതുന്നു: ദൈവാനുഗ്രഹത്താൽ കാമറൂണിലെ ചെറുതും വലുതുമായ 130 നഗരങ്ങളിൽ എം.ടി.എ ആഫ്രിക്ക കേബിൾ സിസ്റ്റം മുഖേന കാണപ്പെടുന്നു. ഇപ്രകാരം എം.ടി.എ അൽ അറബിയായും വടക്ക് മൂന്നു റീജ്യണുകളിൽ കാണപ്പെടുന്നു. എം.ടി.എ മുഖേന കാമറൂണിലെ പത്തു മില്യണിലധികം ആളുകൾവരെ അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കൊണ്ടിരിക്കുന്നു. കാമറൂണിൽ എം.ടി.എ ഇംഗ്ലീഷ്, ഫ്രഞ്ച് രണ്ടുഭാഷകളിലും കാണപ്പെടുന്നു. നോർത്തിലെ മൂന്നു റീജ്യണിലുകളിലും  ബഹുഭൂരിഭാഗവും മുസ്ലിമീങ്ങളാണ്. അതുകൊണ്ട് ഉലമാ എം.ടി.എ വളരെ താൽപര്യത്തോടെ കേൾക്കുന്നു. ജനങ്ങളിൽ ഒരു ഉണർവുണ്ടായിക്കൊണ്ടിരിക്കുന്നു.

അമീർ സാഹിബ് ടൻസാനിയ എഴുതുന്നു: ഡിസംബർ 2019–ൽ മോശി(Moshi)റീജ്യണിലെ നമ്മുടെ രണ്ടു മുഅല്ലിമീങ്ങൾ തബ്ലീഗ് പരിപാടിയുമായി നഗരത്തിൽനിന്ന് ഏകദേശം 70 കിലോമീറ്റർ അകലെ യുള്ള ഒരു ഗ്രാമത്തിൽ പോയി. അവർ ഓരോ വീടുകളിലും കയറിയിറങ്ങി തബ്ലീഗ് ചെയ്തു. ഒരു ബാർബറുടെ കടയിലെ ടി.വിയിൽ എം.ടി.എ ആഫ്രിക്കയുടെ പരിപാടികൾ കാണുന്നുണ്ടായിരുന്നു. അവർ താങ്കൾ അഹ്മദിയാണോ എന്ന് കട ഉടമയോടു ചോദിച്ചു. അയാൾ പറഞ്ഞു: ഞാൻ അഹ്മദിയല്ല. എന്നാൽ, ഈ 'പഗിഡി' കെട്ടിയിരിക്കുന്നയാളുടെ ഖുത്ബ വരാറുണ്ട്. എം.ടി.എ യിൽ വരുന്ന മറ്റു പരിപാടികളും വളരെ നല്ലതും ആത്മീയപരവുമാണ്. വൈജ്ഞാനികമാണ്. അവ ഞാൻ പതിവായി കേൾക്കുന്നു. അതുകൊണ്ട് എനിക്ക് ഈ ഇസ്ലാമിക ചാനൽ ഇഷ്ടമാണ്. അതിനുശേഷം അയാളുടെ വീട്ടിൽപോയി അവർ ഇസ്ലാം-അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിച്ചു. എം.ടി.എ യെ പൂർണമായും ശ്രദ്ധിക്കാത്ത അഹ്മദികളും, ആഴ്ചയിൽ ഒരു തവണ ചിലപ്പോൾ കേൾക്കുന്നുണ്ടായിരിക്കും സ്ഥിരമായി കേൾക്കുകയാണെങ്കിൽ അവർക്കും എം.ടി.എ മുഖേന നല്ലൊരളവോളം ആത്മീയ ദാഹം ശമിപ്പിക്കാൻ കഴിയും. വീടുകളിൽ തർബിയ്യത്തിനു നല്ല അന്തരീക്ഷം ഉണ്ടാക്കാനും കഴിയും.

ഈയിടെയായി കൊറോണ കാരണത്താൽ വിവിധ റിപ്പോർട്ടുകളിൽ പറയുന്നത് എം.ടി.എ കേൾക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിട്ടുണ്ടെന്നാണ്. തങ്ങൾ ഒന്നിച്ചിരുന്ന് കുറച്ചു നേരമാണെങ്കിലും കാണുന്നുവെന്നും പറയുന്നു. പക്ഷേ, അവസ്ഥകൾ നന്നായിക്കഴിഞ്ഞാൽ അപ്പോഴും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

ബുർക്കിനാ ഫാസോ (Burkina Faso)യിലെ ദിദിഗൂ റീജ്യണിൽ ഒരു ജമാഅത്തുണ്ട്. അവിടുത്തെ മുഅല്ലിം അവിടുത്തെ ജമാഅത്തിലെ ആളുകളുടെ ആത്മാർഥതയേയും കൂറിനേയും സംബന്ധിച്ച് പറയുന്നു: ഞങ്ങളുടെ ജമാഅത്തിൽ ആദ്യമായി എം.ടി.എ വെച്ചു. ആളുകൾ ആദ്യമായി കാലത്തിന്റെ ഖലീഫയെ കണ്ടു. അപ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞു. അവരുടെ മുഖത്ത് സന്തോഷം പ്രകടമായിരുന്നു.(തുടരും)(ബദ്ർ വീക്കിലി 2020 സെപ്റ്റംബർ 24)


**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ  രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 15 October 2020 Issue-42

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 1ൽനിന്ന്)**

മാക്കി. അവിടത്തെ ഗ്രന്ഥത്തിൽ സ്ത്രീകളോടുള്ള സൽപെരുമാറ്റങ്ങളും അവരുടെ അവകാശങ്ങളും അവരുടെ കഴിവുകളും സംബന്ധിച്ച് എത്രത്തോളം നിർദേശങ്ങളാണോ കാണുന്നത് അതിന്റെ പത്തിലൊന്നുപോലും മറ്റൊരു മതഗുരുവിന്റേയും അധ്യാപനത്തിൽനിന്നു ലഭിക്കുകയില്ല. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ കൊടുക്കണമെന്നു പറഞ്ഞ് ഇന്ന് മുഴുലോകത്തും കോലാഹലമാണ്. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ കൊടുത്തത് ക്രൈസ്തവമതമാണെന്നുവരെ ചില പാശ്ചാത്യരായ യുവാക്കൾ പറയുന്നു. സ്ത്രീ കളുടെ അവകാശങ്ങളെ സംബന്ധിച്ച് ഇസ്‌ലാം നല്കിയിട്ടുള്ള വിശാലമായ അധ്യാപനങ്ങളുടെ പത്തിലൊന്നുപോലും ക്രൈസ്തവ അധ്യാപനത്തിലില്ലെന്നതാണ് വാസ്തവം. അനന്താരവകാശ സ്വത്തിൽ തങ്ങളുടെ മാതാക്കളേയും വീതംവെച്ചെടുക്കുന്ന സമ്പ്രദായം അറബികളിലുണ്ടായിരുന്നു. എന്നാൽ, ഇസ്‌ലാം സ്വയം സ്ത്രീയെ അനന്തരാവകാശിയാക്കി; ഭാര്യയെ ഭർത്താവിന്റെ, സഹോദരിയെ പിതാവിന്റെ, ചില അവസ്ഥകളിൽ സഹോദരിയെ സഹോദരന്റേതും.

ചുരുക്കത്തിൽ പറഞ്ഞു: *വലഹുന്ന മിഥ്‌ലുല്ലദീ അലയ്ഹിന്ന* അതായത് മാനുഷികമായ അവകാശങ്ങളുടെ ബന്ധത്തെ സംബന്ധിച്ചിടത്തോളം പുരുഷന്മാർക്കുള്ളതുപോലെയുള്ള അവകാശംതന്നെ സ്ത്രീകൾക്കുമുണ്ട്. അവ രണ്ടിലും ഒരു വ്യത്യാസവുമില്ല. അല്ലാഹു ഏതുരീതിയിൽ പുരുഷനും സ്ത്രീക്കും ഒരുപോലെ കല്പന നല്കിയോ അതേപോലെ പാരിതോഷികങ്ങളിലും അവരെ ഒരുപോലെ പങ്കാളികളാക്കിയിരിക്കുന്നു. ഏതൊരു അനുഗ്രഹങ്ങൾക്കാണോ പുരുഷന്മാർ അർഹരാകുന്നത് ഇസ്‌ലാമിക അധ്യാപനമനുസരിച്ച് ഖിയാമത്തുന്നാൾ അതേ അനുഗ്രഹങ്ങൾ സ്ത്രീകൾക്കും ലഭിക്കുന്നതായിരിക്കും. ചുരുക്കത്തിൽ അല്ലാഹു ഈ ലോകത്ത് അവരുടെ ഒരു അവകാശവും ധ്വംസിച്ചിട്ടില്ല, പരലോകത്തും അവർക്ക് ഒരു ഇനാമും നിഷേധിച്ചിട്ടുമില്ല. അതേ, അവൻ ഇക്കാര്യവും വിളംബരം ചെയ്തു. *വലിർരിജാലി അലയ്ഹിന്ന ദർജത്തൻ* അതായത് അവകാശങ്ങളുടെ അടിസ്ഥാനത്തിൽ പുരുഷനും സ്ത്രീയും തമ്മിൽ ഒരു വ്യത്യാസവുമില്ല. പക്ഷേ, നടത്തിപ്പുപരമായ അടിസ്ഥാനത്തിൽ പുരുഷന്മാർക്ക് സ്ത്രീകളുടെമേൽ ഒരു മേന്മാവകാശമുണ്ട്. ഇതിന്റെ ഉദാഹരണം ഇതാണ്; മനുഷ്യൻ എന്ന നിലയിൽ ഒരു സാധാരണക്കാരന്, അതിനിസാരനായ ഒരു മനുഷ്യന് അക്രമവും ദ്രോഹവും ചെയ്യാൻ അനുവാദമില്ലാത്തതുപോലെ മജിസ്ട്രേട്ടിനുമില്ല. എന്നാൽ, എന്നിട്ടും അദ്ദേഹം മജിസ്ട്രേട്ട് എന്ന നിലയിൽ തങ്ങളുടെ കീഴിലുള്ളവരുടെമേൽ ശ്രേഷ്ഠതയുള്ളയാളാണ്. അദ്ദേഹത്തിന് നിയമമനുസരിച്ച് മറ്റുള്ളവർക്ക് ശിക്ഷകൊടുക്കാൻ അധികാരങ്ങളുണ്ട്. ഇതുപോലെ സാംസ്കാരികവും മതപരവുമായ കാര്യങ്ങളിൽ പുരുഷനും സ്ത്രീയ്ക്കും തുല്യമായ അവകാശങ്ങളാണുള്ളത്. പക്ഷേ, പുരുഷന്മാർ 'ഖവ്വാം' ആണെന്ന കാരണത്താൽ അല്ലാഹു അവർക്ക് മേന്മ പ്രദാനം ചെയ്തിരിക്കുന്നു. പക്ഷേ, മറുഭാഗത്ത് അവൻ സ്ത്രീകൾക്ക് മനസ്സുറപ്പ് എങ്ങനെയുള്ളതു നല്കിയെന്നാൽ, അക്കാരണത്താൽ അവർ ചില ഘട്ടങ്ങളിൽ പുരുഷന്മാരെ അതിജയിക്കുന്നു. ബംഗാലയിലെ ഇന്ദ്രജാലക്കാരായ സ്ത്രീകളെ സംബന്ധിച്ച് 'പുരുഷന്മാരുടെമേലും അവർ ഇന്ദ്രജാലം പ്രയോഗിച്ചുകളഞ്ഞുവെന്ന്' സാധാരണ പറയുന്നത് പ്രസിദ്ധമാണ്. അതിനാൽ സ്ത്രീകൾക്ക് മനസ്സുറപ്പ് പ്രദാനം ചെയ്തുകൊണ്ട് പുരുഷനുമേൽ വിജയം നല്കപ്പെട്ടിരിക്കുന്ന കാരണത്താൽ ചില ഘട്ടങ്ങളിൽ സ്ത്രീകൾ പുരുഷന്മാരുടെമേൽ, എല്ലാ വ്യവഹാരങ്ങളും തങ്ങളുടെ കൈയിലാണെന്ന് തോന്നിക്കുന്നവിധം ഭരണം നടത്തുന്നു. വാസ്തവത്തിൽ ഓരോ വ്യക്തിക്കും വെവ്വേറെ നിറത്തിന്റെ ഭരണമാണുള്ളത്. ശരീഅത്തുപരമായ കല്പനകളുടെയും വ്യവസ്ഥിതിയുടെയും സ്ഥാപനത്തിന്റെയും പ്രശ്നം പറയുമ്പോൾ, അല്ലാഹു പുരുഷന് സ്ത്രീയുടെമേൽ ശ്രേഷ്ഠത നല്കി. ഉദാഹരണത്തിന് 'ഒരു പെൺകുട്ടിയും തന്റെ മാതാപിതാക്കളുടെ അനുവാദം കൂടാതെ വിവാഹം കഴിക്കുകയില്ല' എന്ന ശരീഅത്തുപരമായ കല്പനതന്നെ. ഈ കല്പന ധാരാളം നേട്ടങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഉദാഹരണത്തിന് യൂറോപ്പിൽ കാണാൻ കഴിയും. ചില യാളുകൾ വഞ്ചകന്മാരും ചതിയന്മാരുമായിരിക്കും. എന്നാൽ, ബാഹ്യത്തിൽ നല്ല സ്വഭാവക്കാരായ ചെറുപ്പക്കാരായതുകൊണ്ട് വലിയ വലിയ വീടുകളിലെ പെൺകുട്ടികളെ അവർ വിവാഹം കഴിക്കുന്നു. പിന്നീട് പലരീതിയിലുള്ള പ്രശ്നങ്ങളും ഉണ്ടാകാൻ തുടങ്ങുന്നു. പക്ഷേ, നമ്മുടെ നാട്ടിൽ അങ്ങനെ ഉണ്ടാകുകയില്ല. കാരണം ബന്ധം അന്വേഷിക്കുന്ന നേരത്ത് പിതാവ് ചിന്തിക്കുന്നു. മാതാവ് ചിന്തിക്കുന്നു. സഹോദരൻ ചിന്തിക്കുന്നു. ബന്ധുക്കൾ അന്വേഷിക്കുന്നു. ഇപ്രകാരം ഏതൊരു കാര്യമാണോ തീരുമാനിക്കപ്പെടുന്നത് പൊതുവെ യൂറോപ്പിൽ കാണുന്ന പോരായ്മകളിൽനിന്ന് സംശുദ്ധമായിരിക്കും. യൂറോപ്പിൽ ഈ പോരായ്മ വളരെ അധികമാണ്. ജർമനിയിലെ മുൻ ചക്രവർത്തിയുടെ സഹോദരി ഈ അജ്ഞത കാരണത്താൽ ഒരു പാചകക്കാരനെ വിവാഹം ചെയ്തു. അയാളുടെ സ്വഭാവങ്ങളും പെരുമാറ്റവും നല്ലതായിരുന്നു. താൻ റഷ്യയിലെ രാജകുമാരനാണെന്നാണ് അയാൾ പ്രസിദ്ധപ്പെടുത്തിയത്. വിവാഹം കഴിഞ്ഞപ്പോഴാണ് അറിഞ്ഞത് അയാൾ എവിടെയോ പാചകതൊഴിലാളിയാണെന്ന്. ഈ സംഭവങ്ങളാണ് യൂറോപ്പിൽ അധികമായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സംഭവങ്ങളിൽനിന്ന് സ്ഥാപിതമാകുന്നത്, പുരുഷന്മാർ ഖവ്വാമാണെന്നതിനെ സംബന്ധിച്ച് അല്ലാഹു എന്തൊന്നാണോ വിധിച്ചിട്ടുള്ളത് അത് തികച്ചും ശരിയാണെന്നാണ്. സ്ത്രീയുടെമേൽ ദ്രോഹം ചെയ്യണമെന്നോ അല്ലെങ്കിൽ അവളുടെ അവകാശം ധ്വംസിക്കപ്പെടണമെന്നോ അല്ല ശരീഅത്ത് ഉപദേശിച്ചിട്ടുള്ളത്. പ്രത്യുത ശരീഅത്ത് ഇതു വ്യത്യാസപ്പെടുത്തി പറയാൻ കാരണം ഏതൊരു കാര്യത്തിലാണോ സ്ത്രീകൾക്ക് നഷ്ടമുണ്ടാകുന്നത് ആ നഷ്ടങ്ങളിൽനിന്ന് സ്ത്രീകളെ സുരക്ഷിതമാക്കിവെക്കുക എന്നതാണ്. ഇക്കാരണത്താൽ ഏതൊരു കാര്യങ്ങളിൽ സ്ത്രീകൾക്ക് ഒരു നഷ്ടവും സംഭവിക്കുകയില്ലയോ അവയിൽ അവരുടെ അവകാശം അല്ലാഹു സ്വയംതന്നെ അവർക്കു നല്കി. അതിനാൽ വിശുദ്ധ ഖുർആൻ എന്തൊന്നാണോ പറഞ്ഞത് അത് ധാരാളം യുക്തിജ്ഞാനങ്ങളും ഉദ്ദേശ്യങ്ങളും ഉൾക്കൊള്ളുന്നതാണ്. ലോകം അതിന്നെതിരിൽ പ്രവർത്തിക്കുന്നുവെങ്കിൽ അത് പലതരത്തിലുള്ള നഷ്ടങ്ങളും സഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇസ്‌ലാമിന്നെതിരിൽ പ്രവർത്തിക്കുക എന്നത് ഒരിക്കലും സൽഫലങ്ങൾ ഉളവാക്കുകയില്ലെന്നതിന് തെളിവാണിത്.' **(തഫ്സീറെ കബീർ, വാള്യം 2, പേജ് 512 – 513, ഖാദിയാൻ 2010)**

---

*ഹർ തരഫ് ഫിക്ർ കൊ ദൗഡാക്കെ ഥക്കായാ ഹംനെ*
*കോഇ ദീൻ ദീനെ മുഹമ്മദ് സാ നഃ പായാ ഹംനെ*
*കോഇ മദ്ഹബ് നഹീ ഐസാ കെഃ നിശാൻ ദിഘ്‌ലായെ*
*യെ ഥമർ ബാഗെ മുഹമ്മദ് സെ ഹി ഘായാ ഹംനെ*
*മുസ്തഫാ പർ തെരാ ബേഹദ് ഹൊ സലാം ഔർ റഹ്മത്ത്*
*ഉസ് സെ യെ നൂർ ലിയാ ബാരെ ഖുദായാ ഹംനെ*

നാലുഭാഗത്തും ദൃഷ്ടിപായിച്ച് നാം ക്ഷീണിച്ചുപോയിരിക്കുന്നു.
മുഹമ്മദ്(സ)കൊണ്ടുവന്നതുപോലുള്ള ഒരു മതം നമുക്കെങ്ങും കാണാൻ കഴിഞ്ഞില്ല.
അതു കാണിച്ചതുപോലുള്ള ദൃഷ്ടാന്തങ്ങൾ കാണിക്കാൻ പറ്റിയ ഒരു മതവുമില്ല.
ഈ കനി മുഹമ്മദി(സ)ന്റെ തോട്ടത്തിൽനിന്നുതന്നെയാണ് നാം ഭുജിച്ചത്.
ഏ മുസ്തഫാ! (സ) അങ്ങയുടെമേൽ
അല്ലാഹുവിന്റെ അതിരറ്റ സലാമും റഹ്മത്തും ഉണ്ടാകുമാറാകട്ടെ.
അല്ലാഹുവേ! ഈ പ്രകാശം നാം അങ്ങയിൽനിന്നാണ് പ്രാപിച്ചത്.

**(വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ്(അ) )**

---

## തിരുനബിയുടെ തിരുമൊഴികൾ:

***"അനസ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു:'ഞാൻ നബി(സ), അബൂബക്കർ, ഉമർ, ഉഥ്മാൻ എന്നിവരോടൊപ്പം നമസ്കരിച്ചിട്ടുണ്ട്. എന്നാൽ, അവരിൽ ഒരാളും ബിസ്മില്ലാഹ്.....ഉറക്കെ ഓതുന്നതായി കേട്ടിട്ടില്ല."(മുസ്‌ലിം, ഹദീഥ് 279)***

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**"അബൂഹുറയ്റ നിവേദനം. നബി(സ)പറഞ്ഞു: 'ഉമ്മുൽ ഖുർആൻ (ഫാതിഹ)പാരായണം ചെയ്യാതെ ഒരാൾ നമസ്കാരം നിർവഹിച്ചാൽ അത് അപൂർണമായിരിക്കും.' നബി(സ) തിരുമേനി മൂന്നു തവണ അതാവർത്തിച്ചു."(മുസ്‌ലിം, ഹദീഥ് 281)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin